Uncorrected/Not for publication
16-09-2025

## നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

മി. സ്പീക്കർ: ഓർഡർ........ ഓർഡർ........ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച ആരംഭിക്കാവുന്നതാണ്. ശ്രീ. റോജി എം. ജോൺ, അങ്ങേയ്ക്ക് നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കുന്നു എന്ന ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

ലോക്കപ്പ് മർദനം

ശ്രീ. റോജി എം. ജോൺ: സർ, നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: യെസ്, ചെയർ വളരെ humble ആയി റിക്വസ്റ്റ് ചെയ്യുന്നത്, സമയം stick on ചെയ്യണം.

ശ്രീ. റോജി എം. ജോൺ: സർ, 1977 മാർച്ച് 30-ന് ഈ നിയമസഭയിലെ ഒരംഗം വളരെ വൈകാരികമായി നടത്തിയൊരു പ്രസംഗത്തിന്റെ ഏതാനും ഭാഗങ്ങൾ ഞാൻ വായിക്കാം. "അവർ രണ്ടുപേർ ആദ്യ റൗണ്ട് അടിച്ചു. സർക്കിൾ ഇൻസ്പെക്ടർ (സി.ഐ.) അടക്കം മൂന്ന്

പൊലീസുകാർ പിന്നീട് കടന്നുവന്നു, അങ്ങനെ അഞ്ചായി. അഞ്ച് ആളുകളിട്ട് തല്ലുകയാണ്. എല്ലാരീതിയിലും തല്ലി, പല പ്രാവശ്യം വീണു, പല പ്രാവശ്യം എണീറ്റു. അവസാനം എഴുന്നേൽക്കാൻ വയ്യാത്ത അവസ്ഥയായി. പൂർണ്ണമായും വീണു. എഴുന്നേൽക്കാത്തതോടുകൂടി അവരെല്ലാവരും മാറിമാറി ദേഹത്ത് ചവിട്ടി. അവർ ക്ഷീണിക്കുന്നതുവരെ തല്ലി, പത്ത്-പതിനഞ്ച്-ഇരുപത് മിനിട്ട് എന്നിട്ട് അവർ പോയി." ഈ നിയമസഭയിലെ ഒരംഗം തനിക്ക് നേരിടേണ്ടി വന്ന ക്രൂരമായ പൊലീസ് മർദനത്തെക്കുറിച്ച് ഈ നിയമസഭയിൽ നടത്തിയ പ്രസംഗം അതേ അംഗം ഇന്ന് കേരളത്തിന്റെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ കീഴിലുള്ള കേരള പൊലീസ് സുജിത്ത് എന്ന 29 വയസ്സുള്ള ചെറുപ്പക്കാരനെ മൃഗീയമായി തല്ലിച്ചതച്ചുവെന്ന് നമുക്ക് വിശ്വസിക്കാൻ സാധിക്കുമോ? ആ മൃഗീയമായ പൊലീസ് മർദനത്തിന്റെ ദൃശ്യങ്ങളാണ് കഴിഞ്ഞ ദിവസം കേരളം കണ്ടത്. എന്താണ് നടന്നത്? 2023 ഏപ്രിൽ 6-നാണ് സംഭവം. രാത്രി വൈകി റോഡരികിൽ തൃശ്ശൂർ പൂരത്തിന്റെ വീഡിയോ കണ്ടിരുന്ന സുഹൃത്തുക്കളുമായി പൊലീസ് ഒരു തർക്കത്തിൽ ഏർപ്പെടുകയാണ്. സ്വാഭാവികമായും ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ അവർ സുജിത്തിനെ വിളിക്കുകയും അദ്ദേഹം സ്ഥലത്തെത്തുകയും ചെയ്തു. ബഹുമാന്യരായ പ്രധാനമന്ത്രിയെയും

മുഖ്യമന്ത്രിയേയും മന്ത്രിമാരെയുമൊക്കെ ചോദ്യം ചെയ്യാൻ അവകാശമുള്ളൊരു ജനാധിപത്യ രാജ്യത്തിൽ നികുതി പണത്തിൽനിന്നും ശമ്പളം വാങ്ങുന്ന പൊലീസുകാരെ ചോദ്യം ചെയ്യാനുള്ള അവകാശമുണ്ടെന്ന് ആ പാവം തെറ്റിദ്ധരിച്ചുപോയി. അതിന്റെ അടിസ്ഥാനത്തിൽ സുജിത്ത് ചോദ്യം ചെയ്തപ്പോൾ "നീ ആരാടാ ഇത് ചോദിക്കാൻ" എന്നാണ് പൊലീസ് ചോദിച്ചത്. യൂത്ത് കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റാണെന്നും ക്ലബിന്റെ പ്രസിഡന്റാണെന്നുമൊക്കെ പറഞ്ഞപ്പോൾ, നീ അധികം നേതാവ് കളിക്കണ്ടെന്നുപറഞ്ഞ് സുജിത്തിന്റെ തോളിൽ പൊലീസുകാരൻ കയറി പിടിക്കുകയാണുണ്ടായത്. രാജഭരണ കാലത്ത് രാജാവിന്റെ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത പടയാളികളാണ് യൂണിഫോമിട്ട ഈ പൊലീസുകാരെന്ന് പാവപ്പെട്ട സുജിത്ത് കരുതിയില്ല. ദേഹത്ത് തൊട്ട് കളിക്കണ്ടെന്നും കാര്യങ്ങൾ പറഞ്ഞാൽ മനസ്സിലാകുമെന്നും സുജിത്ത് പറഞ്ഞയുടൻ ഈ പൊലീസുകാരൻ അദ്ദേഹത്തെ ബലമായി വാഹനത്തിൽ പിടിച്ചുകയറ്റി മർദിക്കുകയാണുണ്ടായത്. 'സ്റ്റേഷനിലേയ്ക്ക് വാ ശരിയാക്കിതരാം' എന്നുപറഞ്ഞ് സ്റ്റേഷൻ വരെ മർദിച്ചതിനുശേഷം സ്റ്റേഷനകത്തുവച്ച് ക്രൂരമായി മർദിക്കുന്ന ദൃശ്യങ്ങൾ നമ്മളെല്ലാവരും കാണുകയുണ്ടായി. ആദ്യത്തെ അടിയിൽത്തന്നെ ബോധം

പോകുന്നതുപോലെയായെന്നും ചെവിയിലായിരുന്ന ആദ്യത്തെ അടിയെന്നും ആ അടിയാലാണ് കർണ്ണപടം പൊട്ടിയതെന്നുമാണ് സുജിത്ത് പറഞ്ഞത്. അതിനുശേഷം എന്താണ് നടന്നത്? സി.സി.ടി.വി.-ക്കുമുമ്പിൽ നടന്ന മർദ്ദനത്തിന്റെ ദൃശ്യങ്ങൾ നമ്മളെല്ലാവരും കണ്ടതാണ്. അതിനുശേഷം സി.സി.ടി.വി. പതിയാത്ത ഭാഗത്തേയ്ക്ക് കൊണ്ടുപോയി അവിടെവച്ചും ക്രൂരമായ മർദനത്തിന് സുജിത്ത് വിധേയനായി. അഞ്ചുപേർ കൂട്ടമായി മർദ്ദിക്കുകയാണ് ചെയ്തത്. നിലത്ത് ഭിത്തിയിൽ ചാരിയിരിക്കാൻ ആവശ്യപ്പെടുകയും കാല് നീട്ടി വയ്പ്പിച്ച് കാലിന്റെ അടിയിൽ പതിനഞ്ച് തവണ അടിച്ചതിനുശേഷം എഴുന്നേറ്റുനിന്ന് ചാടാൻ പറയുകയും ചെയ്തു. മൂന്നുതവണ ഇത് ആവർത്തിച്ചു. വെള്ളം ചോദിച്ചപ്പോൾ കൊടുക്കാൻപോലും തയ്യാറായില്ല. അങ്ങനെ നാല്പത്തിയഞ്ചിലധികം തവണയാണ് സുജിത്തിനെ ആ പൊലീസ് സ്റ്റേഷന് അകത്തിരുത്തി ഈ അഞ്ച് പൊലീസുകാരും മൃഗീയമായി മർദിച്ചത്. ഇതെല്ലാം പോരാഞ്ഞിട്ട് സുജിത്തിന്റെ പേരിൽ കള്ളക്കേസ് കെട്ടിവച്ച് ജയിലിൽ അടയ്ക്കാനും ഗൂഢാലോചന നടത്തിയ ക്രിമിനൽ സംഘമാണ് ഈ പൊലീസ്. നീതി ബോധമുള്ളൊരു ന്യായാധിപൻ സി.ആർ.പി.സി. 202 അനുസരിച്ച് കേസ് എടുത്തതുകൊണ്ടും സുജിത്തും, വർഗ്ഗീസും ഉൾപ്പെടെയുള്ള ആളുകൾ

നിരന്തരമായി നിയമപോരാട്ടം നടത്തിയതൊന്നുകൊണ്ടും മാത്രമാണ് ഈ വിഷയം ഇന്ന് പുറംലോകമറിഞ്ഞത്. ആഭ്യന്തര വകുപ്പും പൊലീസുമൊക്കെ എന്ത് നടപടിയാണ് ഈ വിഷയത്തിലെടുത്തത്? സസ്പെൻഡ് ചെയ്ത് മാതൃക കാണിച്ചുവെന്ന് ദയവുചെയ്ത് പറയരുത്. കാരണം, ഇത് പോലീസിന്റെ ഡിപ്പാർട്ടുമെന്റൽ എൻക്വയറിയിൽ പോലീസിന് ബോധ്യപ്പെട്ടിട്ടുള്ള കാര്യമാണ്. ഈ ദൃശ്യങ്ങളുൾപ്പെടെ പോലീസിന്റെ മേലാളന്മാർ ഡിപ്പാർട്ടുമെന്റൽ എൻക്വയറിയുടെ ഭാഗമായി കണ്ടിട്ടുണ്ടാകുമല്ലോ? അപ്പോഴൊന്നും ഇവർക്കെതിരെ ഒരു നടപടിയെടുക്കാനും പൊലീസ് തയ്യാറായിട്ടില്ല. ക്രൂരമായ മർദനത്തിന്റെ വീഡിയോ പുറംലോകം കണ്ടതിന്റെ ജാള്യത മറയ്ക്കാൻവേണ്ടി മാത്രമാണ് ഇപ്പോൾ സസ്പെൻഷൻ എന്ന പേരിൽ ഒരു നടപടി എടുത്തിരിക്കുന്നത്. എന്ത് നടപടിയാണ് പൊലീസ് ആദ്യം സ്വീകരിച്ചത്? ഇവരെ സ്ഥലം മാറ്റിയെന്നാണ് പറയുന്നത്. ട്രാൻസ്ഫർ ഒരു പണിഷ്മെന്റാണോ? കുന്നംകുളം സ്റ്റേഷന്റെ അതിർത്തി പങ്കിടുന്നൊരു പൊലീസ് സ്റ്റേഷനിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ട് പറയുകയാണ് ഡിപ്പാർട്ടുമെന്റ് നടപടിയെടുത്തിരുന്നുവെന്ന്. സെക്രട്ടേറിയറ്റിന്റെ ഒന്നാമത്തെ നിലയിൽനിന്നും രണ്ടാമത്തെ നിലയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുവെന്ന് പറയുന്നതുപോലെയുള്ളൊരു നടപടിയാണ് പൊലീസ് സ്വീകരിച്ചത്. ഈ

ക്രൂരമായ മനുഷ്യ മനഃസാക്ഷിയെ ഞെട്ടിക്കുന്ന ദൃശ്യങ്ങൾ പുറത്ത് വന്നതിനുശേഷമാണ് ഇപ്പോൾ പൊലീസ് എന്തെങ്കിലും നടപടിയെടുക്കാൻ തയ്യാറാകുന്നത്. കേരള പൊലീസ് നിയമത്തിലെ സെക്ഷൻ 86(1)(c) പ്രകാരം " No person shall be eligible for appointment as a police officer or shall have the right to continue in employment as a police officer if that person, is found mentally, physically or behaviourally unfit for carrying out the duties of police." പൊലീസ് ക്ലബിലെ പഞ്ചിങ് ബാഗിൽ ഇടിക്കുന്ന ലാഘവത്തോടുകൂടി മജ്ജയും മാംസവുമുള്ള സുജിത്ത് എന്ന ചെറുപ്പക്കാരന്റെ ശരീരത്തിൽ ക്രൂരമായി മർദ്ദിച്ച സബ് ഇൻസ്പെക്ടർ (എസ്.ഐ.) ശ്രീ. നൂമാൻ, സിവിൽ പൊലീസ് ഓഫീസർമാരായ (സി.പി.ഒ.) ശ്രീ. സജീവൻ, ശ്രീ. സന്ദീപ്, ശ്രീ. ശശിധരൻ എന്നിവർ കേരളത്തിലെ മുഴുവൻ പൊലീസ് സേനയ്ക്കും അപമാനമാണെന്ന് മാത്രമല്ല, they are completely unfit to carry out their duties as police officers. അതുകൊണ്ട് ഒരു നിമിഷം വൈകാതെ ഈ പൊലീസുദ്യോഗസ്ഥരെ കേരളാ പൊലീസിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്നാൽ ഇവർ ചെയ്തത് എന്താണ്? ഈ

സി.സി.ടി.വി. ദൃശ്യങ്ങൾ പുറത്ത് കൊടുക്കാതിരിക്കാൻ വേണ്ടിയുള്ള എല്ലാ പണിയുമെടുക്കുകയാണ്. ഈ കേസ്സിന്റെ കാലയളവിനുള്ളിൽ സുജിത്തിന് 20 ലക്ഷം രൂപ വരെ നൽകി ഈ കേസ് ഒതുക്കി തീർക്കാനുള്ള ശ്രമം ഈ പൊലീസുകാർ നടത്തുകയാണ്. എന്തൊരു നാണക്കേടാണ് കുന്നംകുളം സംഭവവുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ ഉണ്ടായിരിക്കുന്നത്? മനഃസാക്ഷിയുള്ള ആളുകൾക്ക് കണ്ടുനിൽക്കാൻ സാധിക്കാത്ത തരത്തിലുള്ള അക്രമമാണ് അവിടെ നടന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞില്ലേ അഞ്ച് പൊലീസുകാർ അദ്ദേഹത്തെ മർദിച്ചുവെന്ന്. അതേ അഞ്ച് പൊലീസുകാർ അതേ രീതിയിൽത്തന്നെ അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുമ്പോൾ ആഭ്യന്തര വകുപ്പ് കയ്യാളുമ്പോൾ ക്ഷേത്രത്തിലെ പൂജാരിയായിട്ടുള്ള സുജിത്തെന്ന ചെറുപ്പക്കാരനെ ഇത്ര മൃഗീയമായി മർദിക്കുന്നത് കാണേണ്ട സാഹചര്യം കേരളത്തിലുണ്ടായില്ലേ?

അടുത്തതായി പുറത്തുവന്നത് പീച്ചിയിലെ മർദ്ദനത്തിന്റെ ദൃശ്യങ്ങളാണ്. എന്താണ് വിഷയം? ഹോട്ടലിൽ ഭക്ഷണം കഴിക്കാനെത്തിയ ശ്രീ. ദിനേശും ഹോട്ടൽ ജീവനക്കാരുമായി നടന്ന തർക്കമാണ്. എന്താണ് തർക്കം? ബിരിയാണി ഇഷ്ടപ്പെടാത്തതിന്റെ പേരിലുള്ള തർക്കം പൊലീസ് സ്റ്റേഷനിലെത്തുന്നു. ഹോട്ടൽ ജീവനക്കാരെ വിളിച്ചുവരുത്തി പൊലീസ്

ഭീഷണിപ്പെടുത്തുകയും മർദിക്കുകയും ചെയ്യുന്നു. അതിനെത്തുടർന്ന് ഹോട്ടൽ ഉടമ ശ്രീ. ഔസേപ്പും മകൻ ശ്രീ. പോളും സ്റ്റേഷനിലെത്തുന്നു. സബ് ഇൻസ്പെക്ടർ (എസ്.ഐ.) ശ്രീ. രതീഷ് അവരെ ഭീഷണിപ്പെടുത്തുകയും മർദ്ദിക്കുകയുമാണ് ചെയ്തത്. വധശ്രമത്തിനും പോക്സോ കേസുമുൾപ്പെടെ നിങ്ങളുടെ മേൽ ചുമത്തുമെന്ന് പറഞ്ഞ് ഒരു സബ് ഇൻസ്പെക്ടർ (എസ്.ഐ.) ഈ കേസുമായി വന്നിരിക്കുന്ന ആളുകളെ ഭീഷണിപ്പെടുത്തുന്ന കാഴ്ച നമ്മൾ കാണുകയാണ്. ഒടുവിൽ പറയുന്നത് എന്താണ്? കേസ് ഒത്തുതീർക്കാൻവേണ്ടി അഞ്ച് ലക്ഷം രൂപ കൊടുക്കണമെന്നാണ് പറയുന്നത്. 12-02-2025-ന് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി പൊലീസ് ഗൂഗിൾ പേ വഴി തുക വാങ്ങിയെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ ക്ഷുഭിതനാകുകയാണുണ്ടായത്. കേരളത്തിലെ പൊലീസ് നല്ല മികവാർന്ന രീതിയിലാണ് പ്രവർത്തിക്കുന്നതെന്നും സമൂഹത്തോട് നല്ല പ്രതിബദ്ധത പുലർത്തിക്കൊണ്ട് പ്രവർത്തിക്കുന്ന അന്തരീക്ഷമാണുള്ളതെന്നും അതിന്റെ ഭാഗമായി നല്ല തോതിൽ ജനകീയസേന എന്ന പേര് അന്വർഥമാക്കിക്കൊണ്ടിരിക്കുകയാണെന്നും ഇത് ബഹുമാനപ്പെട്ട അംഗത്തിന് അറിയാത്ത കാര്യമാണോയെന്നുമാണ്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അങ്ങയുടെ ഈ ജനകീയസേന സി.സി.ടി.വി.-ക്ക് മുന്നിൽ തുകയെണ്ണി വാങ്ങുന്ന കാഴ്ചയാണ് കേരളം കാണാനിടയായി. 2 ലക്ഷം പരാതിക്കാരനും 3 ലക്ഷം പോലീസിനുമുൾപ്പെടെ അഞ്ച് ലക്ഷം രൂപ കേസ് തീർക്കാനായി വാങ്ങി. ജനകീയ സേനയുടെ കമ്മീഷൻ 60 ശതമാനമാക്കി വർധിപ്പിച്ചിട്ടുള്ളൊരു പോലീസാണ് ഇന്ന് കേരളത്തിലുള്ളത്. ആ ജനകീയസേനയ്ക്ക് നേതൃത്വം നൽകിയ എസ്. ഐ. രതീഷിന് സർക്കിൾ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം കൊടുത്തൊരു സർക്കാരും പൊലീസ് ഡിപ്പാർട്ടുമെന്റുമാണ് ഇവിടെയുള്ളത്. സർക്കാർ എന്ത് നടപടിയാണെടുത്തത്? കുണ്ടറയിലെ തോംസൺ തങ്കച്ചൻ എന്ന സൈനികന്റെ മരണം പൊലീസ് മർദ്ദനംമൂലമാണെന്ന് മാതാവ് ഡെയ്സി മോൾ പരാതിപ്പെട്ടിരിക്കുകയാണ്. ഞാൻ അവരോട് സംസാരിച്ചിരുന്നു. അവർ എന്നോട് പറഞ്ഞകാര്യങ്ങൾ പൂർണ്ണമായും മനുഷ്യമനഃസാക്ഷിയുള്ള ഒരാൾക്കും കേട്ടിരിക്കാൻ സാധിക്കില്ല. അത് ഇവിടെ പറയാനും സാധിക്കില്ല. അത്രയ്ക്ക് ക്രൂരമായ ലോക്കപ്പ് മർദ്ദനമാണ് സൈനികനായ തോംസൺ തങ്കച്ചൻ നേരിടേണ്ടി വന്നത്. അദ്ദേഹത്തെ സ്റ്റേഷനിൽ ലോക്കപ്പിനകത്ത് കെട്ടിതൂക്കിയശേഷം പൊലീസുകാർ വട്ടംകൂടിനിന്ന് മർദ്ദിക്കുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ കാലിൽ ഷോക്ക്

അടിപ്പിക്കുകയും മെഴുകുതിരി ഉരുക്കി ഒഴിക്കുകയും ക്രൂരമായി മർദിക്കുകയും ചെയ്തശേഷം പഞ്ചസാര വെള്ളത്തിൽ ഉപ്പ് കലക്കി അദ്ദേഹത്തെക്കൊണ്ട് നിർബന്ധമായി കുടിപ്പിച്ചു. ഇതൊക്കെ ആ അമ്മ എന്നോട് വേദനയോടുകൂടിയാണ് പറഞ്ഞത്. ഇങ്ങനെ എന്തിനാണ് ചെയ്തത്; ആ മനുഷ്യൻ ജീവിച്ചിരിക്കാൻ പാടില്ലെന്ന നിർബന്ധബുദ്ധിയാണ്. ഒടുവിൽ അദ്ദേഹം മരണത്തിനുമുമ്പിൽ കീഴടങ്ങിയ കാഴ്ച നമ്മൾ കാണേണ്ടിവന്നു. അദ്ദേഹം ഒരു സൈനികനാണ്. 'മൃദുഭാവേ ദൃഢകൃത്യേ' എന്നതാണ് കേരള പോലീസിന്റെ ആപ്തവാക്യം. എന്താണ് ഇവിടെ നടക്കുന്നത്? ഇപ്പോൾ കുന്നംകുളം സംഭവത്തിനുശേഷം, വിവരാവകാശം കൊടുത്താൽ സി.സി.ടി.വി. ദൃശ്യം ലഭിക്കുമെന്ന് ആ അമ്മയ്ക്ക് മനസ്സിലായി. ഒന്നും മറയ്ക്കാനില്ലാത്ത കേരള പൊലീസും ആഭ്യന്തരവകുപ്പുമാണെങ്കിൽ ആ കുണ്ടറ സംഭവത്തിലെ പൊലീസ് സ്റ്റേഷനിലെ സി.സി.ടി.വി. ദൃശ്യങ്ങൾ ആ അമ്മയ്ക്ക് കൊടുക്കുവാനായി ആഭ്യന്തര വകുപ്പുമന്ത്രിയായ അങ്ങ് ഇന്ന് നിർദേശം കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മൗനംപോലും ഒന്നും കണ്ടില്ല കേട്ടില്ലെന്നുള്ള നിലയിലാണ്. നിരവധി കേസുകൾ ഇവിടെ പറയാനുണ്ട്.

അടൂരിൽ ഡി.വൈ.എഫ്.ഐ.-യുടെ മേഖലാ സെക്രട്ടറി ജോയൽ

എന്ന 29 വയസ്സുള്ള യുവാവിനെ പൊലീസ് ഇടിച്ച് കൊന്നതാണെന്ന് അദ്ദേഹത്തിന്റെ കുടുംബം ആരോപിക്കുകയാണ്. രാത്രി ഏഴ് മുതൽ ഒൻപത് മണിവരെ അന്നത്തെ എസ്.എച്ച്.ഒ. ശ്രീ. യു. ബിജുവിന്റെ നേതൃത്വത്തിൽ ബന്ധുക്കളുടെ കൺമുന്നിൽവച്ച് ജോയലിനെ തല്ലിചതച്ചു. തടയാൻ ശ്രമിക്കുന്നതിനിടെ അദ്ദേഹത്തിന്റെ പിതൃസഹോദരിയായ കെ. കെ. കുഞ്ഞമ്മയ്ക്ക് അടിവയറ്റിൽ ചവിട്ട് കൊണ്ട് മൂത്രം പോയി. എന്നാൽ കേസില്ലെന്ന് നിർബന്ധപൂർവം എഴുതിവാങ്ങിയശേഷമാണ് എല്ലാവരെയും പറഞ്ഞുവിട്ടത്. അടൂരിലെ ജോലി തട്ടിപ്പുമായി ബന്ധപ്പെട്ട പാർട്ടി രഹസ്യങ്ങൾ ജോയൽ പുറത്ത് പറയുമോയെന്നുള്ള ഭയംമൂലം സി.പി.ഐ.(എം) പ്രാദേശിക നേതാക്കളാണ് പൊലീസ് മർദനത്തിന് ഒത്താശ ചെയ്തതെന്നാണ് ജോയലിന്റെ കുടുംബം ഇപ്പോൾ പറയുന്നത്. ഇതൊക്കെ മാധ്യമങ്ങൾക്കുമുന്നിൽ വന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. ഇതുപോലെ നിരവധി കേസുകളാണ് പറയാനുള്ളത്.

കൊല്ലം ജില്ലയിൽ പോലീസിനെതിരെ ഫേയ്സ്ബുക്ക് പോസ്റ്റുമായി സി.പി.ഐ.(എം) ലോക്കൽ സെക്രട്ടറി. നെടുമ്പന ലോക്കൽ സെക്രട്ടറി ശ്രീ. സജീവാണ് കൊല്ലം കണ്ണനല്ലൂരിൽ പൊലീസ് മർദിച്ചുവെന്ന ആരോപണവുമായി വന്നിരിക്കുന്നത്. അദ്ദേഹം പറഞ്ഞത്, ഇതിന്റെ പേരിൽ

സ്ഥാനങ്ങളിൽനിന്ന് നീക്കം ചെയ്താലും കുഴപ്പമില്ലെന്നാണ്. ഒരു ലോക്കൽ സെക്രട്ടറിക്ക് കേരളത്തിലെ പോലീസിൽനിന്നും ഇതാണ് നേരിടേണ്ടി വരുന്നതെങ്കിൽ സാധാരണക്കാരന്റെ അവസ്ഥയെന്തായിരിക്കും? കോവളം സ്വദേശിയായ യൂത്ത് കോൺഗ്രസ് നേതാവ് സുജിത്തിന് നേരിടേണ്ടിവന്ന പീഡനം. അദ്ദേഹത്തെ മർദ്ദിച്ച എസ്.ഐ.-യ്ക്കും സി.പി.ഒ.-യ്ക്കുമെതിരെ നടപടി സ്വീകരിക്കണമെന്ന് യുവജന കമ്മീഷൻ ഉത്തരവ് നൽകിയിട്ടും ഇതുവരെയും ചെറുവിരൽ അനക്കിയിട്ടില്ല. കേസുകൾ പറയുകയാണെങ്കിൽ നിരവധി കേസുകളുടെ കാര്യം പറയേണ്ടിവരും.

വീട്ടുജോലിക്കാരിയായ ബിന്ദു എന്ന ദളിത് യുവതി വീട്ടിലെ മാല മോഷ്ടിച്ചുവെന്ന പരാതിയിന്മേൽ പേരൂർക്കട സ്റ്റേഷനിൽ 20 മണിക്കൂറോളം പീഡനത്തിന് ഇരയാകേണ്ടിവന്ന വാർത്ത നമ്മളെല്ലാവരും കണ്ടതാണ്. ക്രൈംബ്രാഞ്ച് റിപ്പോർട്ട് പുറത്തുവന്നു. ആത്മാഭിമാനത്തിന് ക്ഷതമേൽക്കുന്ന രീതിയിലാണ് പൊലീസ് ഉദ്യോഗസ്ഥർ ബിന്ദുവിനോട് പെരുമാറിയത്. കുടിക്കാൻ വെള്ളം ആവശ്യപ്പെട്ടപ്പോൾ ശുചിമുറിയിലെ ബക്കറ്റിൽനിന്ന് എടുത്ത് കുടിക്കാൻ പറയുന്നത് ഈ കേരള പോലീസാണ്. അതുപോലെ അരിമ്പൂർ സ്വദേശി അഖിൽ യേശുദാസിനാണ് അന്തിക്കാട് പൊലീസ് സ്റ്റേഷനിൽനിന്ന് ക്രൂരമായ മർദനമേറ്റത്. എസ്.ഐ. ശ്രീ. അരിസ്റ്റോട്ടിൽ

സി.പി.ഒ.-മാരായ ശ്രീ. വിനോദ്, ശ്രീ. മഹേഷ് എന്നിവർക്കെതിരെയാണ് കുടുബത്തിന്റെ ആരോപണം. അങ്ങനെ കേസുകൾ ധാരാളമുണ്ട്. ചിറയിൻകീഴ് പൊലീസ് സ്റ്റേഷനിൽ എസ്.ഐ. ആയിരുന്ന ശ്രീ. ഡി. എസ്. സുമേഷ് ലാൽ തന്നെ മർദിച്ചശേഷം മുഖത്ത് മുളക് സ്പ്രേ പ്രയോഗിച്ചുവെന്ന് യുവാവിന്റെ വെളിപ്പെടുത്തൽ പുറത്തുവരികയാണ്. ആരാണ് പോലീസിന് ഇത്തരം മാർഗങ്ങൾ പറഞ്ഞുകൊടുക്കുന്നത്? മുഖത്ത് മുളക് സ്പ്രേ ഉപയോഗിക്കാൻ മാത്രമുള്ള കാടത്തവും ക്രൂരതയും കേരള പൊലീസിന് എന്നുമുതലാണുണ്ടായത്; ഇവിടെ നമ്മൾ കാണുന്നത് എന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മൗനംതന്നെയാണ് ഇതിന്റെയെല്ലാം അടിസ്ഥാന പ്രശ്നം. രണ്ടാഴ്ച്ചക്കുള്ളിൽ ഇരുപതിലധികം പരാതികളാണ് ഉയർന്നുവന്നത്. ഈ പരാതികൾ ഉയർന്നുവന്നിട്ടും അന്വേഷണം നടക്കുന്നത് രണ്ട് സംഭവങ്ങളിൽ മാത്രമാണ്. കുന്നംകുളം കേസിൽ മാത്രമാണ് സസ്പെൻഷനിലേയ്ക്കെങ്കിലും പോയത്. പീച്ചി പൊലീസ് മർദനം ദൃശ്യങ്ങളിലൊക്കെ കൃത്യമായി തെളിഞ്ഞിട്ടും സി.ഐ.

ശ്രീ. രതീഷിനെതിരെ ഒരു നടപടിയുമില്ല. ഡി.വൈ.എസ്.പി. ശ്രീ. മധു ബാബുവിനെതിരെ ഒട്ടേറെ പരാതികൾ ഉയർന്നെങ്കിലും എല്ലാം പഴയ കഥയാണെന്നുപറഞ്ഞ് മുഖ്യമന്ത്രിയും ഈ പൊലീസും അവരെ

സംരക്ഷിക്കുകയാണ്. ഞാൻ ഒരു കുറിപ്പ് വായിക്കാം. "കുറ്റം ചെയ്യാത്തവനെ കുറ്റക്കാരനാക്കുകയാണ് പൊലീസ്. പാവപ്പെട്ടവന്റെ മേലിൽ കയറുകയാണ് അവർ. യൂണിഫോം ദേഹത്ത് കയറിയാൽ കറണ്ട് അടിച്ചതുപോലെയാണ്. ജനം നിയമം കയ്യിലെടുത്താൽ സ്ഥിതി മാറും" എന്ന് പറഞ്ഞത് കേരളത്തിലെ ഏതെങ്കിലും മനുഷ്യാവകാശ പ്രവർത്തകനോ പ്രതിപക്ഷത്ത് നിന്നുള്ള രാഷ്ട്രീയനേതാവോ അല്ല. ഭരണകക്ഷിയുടെ ഭാഗമായ സി.പി.ഐ.-യുടെ എറണാകുളം ജില്ലാ സെക്രട്ടറിയായ ശ്രീ. എൻ. അരുണാണ്. ഇതിലും വലിയ അംഗീകാരം കേരളത്തിലെ ആഭ്യന്തര വകുപ്പിന് വേറെ എവിടെനിന്ന് കിട്ടാനാണ്? കേരളത്തിലെ ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഇത്രമോശമായ രീതിയിൽ സി.പി.ഐ. ജില്ലാ സെക്രട്ടറിക്കുപോലും പറയേണ്ടി വന്നിരിക്കുകയാണ്. സി.പി.ഐ.-യുടെ ജില്ലാ സമ്മേളനങ്ങളിലും മറ്റ് സംസ്ഥാന സമ്മേളനങ്ങളിലും വരുന്ന വിമർശനങ്ങൾ നമ്മളെല്ലാവരും കാണുന്നുണ്ടല്ലോ; എത്ര മോശമായ രീതിയിലാണ് പോലീസിന്റെ ഭാഗത്തുനിന്നും സാധാരണജനങ്ങൾക്ക് പീഡനങ്ങൾ അനുഭവിക്കേണ്ടി വരുന്നതെന്ന് മുഴുവൻ ആളുകളും പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതെല്ലാം പൊലീസിനെ അപമാനിക്കാനും ആത്മവീര്യം കെടുത്താനാണെന്നുമുള്ള അങ്ങയുടെ ക്ലീഷേ

മറുപടി പറഞ്ഞ് ഇത് അവസാനിപ്പിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പൊലീസ് എന്ത് കൊള്ളരുതായ്മ ചെയ്താലും അതിനെ ഒറ്റപ്പെട്ട സംഭവമാക്കി ന്യായീകരിക്കുന്ന മുഖ്യമന്ത്രിതന്നെയാണ് പൊലീസിന്റെ ഈ അധഃപതനത്തിന് കാരണമെന്ന കാര്യത്തിൽ  ഒരു സംശയവുമില്ല. ഇന്ന് കേരളത്തിലെ പൊലീസ് ഡിപ്പാർട്ടുമെന്റിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്; ‘ ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ’ എന്ന രീതിയിലാണ് പോലീസിൽ കാര്യങ്ങൾ നടക്കുന്നത്. പാർട്ടിക്കും മുഖ്യമന്ത്രിക്കും വിനീതവിധേയന്മാരായ ആളുകൾക്ക് എന്തും ചെയ്യാം.

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്യൂ. വളരെ ക്ലിയറായി കാര്യങ്ങൾ പറഞ്ഞു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഇനിയും സമയമുണ്ട്. തൃശ്ശൂർപൂരം കലക്കാൻ കൂട്ടുനിന്നവർക്ക് എന്താണ് സംഭവിച്ചത്;  ഒരുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിലെ ആഭ്യന്തരവകുപ്പിന്റെ കടിഞ്ഞാൺ ഇനിയെങ്കിലും അങ്ങ് ഏറ്റെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. അല്ലെങ്കിൽ കേരളത്തിൽ ഏറ്റവും കൂടുതൽ കാലം ആഭ്യന്തരവകുപ്പിനെ നിയന്ത്രിച്ചുവെന്ന ഖ്യാതി ശ്രീ. പി. ശശിക്കും കേരളത്തിലെ ആഭ്യന്തര വകുപ്പിനെ ആരോഗ്യം, വനം എന്നീ

വകുപ്പുകളെക്കാൾ മോശമാക്കിയെന്നുള്ള അപഖ്യാതി അങ്ങേയ്ക്കും നേരിടേണ്ടി വരും. അതുകൊണ്ട് ഈ വിഷയത്തിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് ഈ പൊലീസുകാരെ അടിയന്തരമായി സേനയിൽനിന്ന് ..........(മൈക്ക് ഓഫ്)

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഈ ഉപക്ഷേപം, 2023 ഏപ്രിൽ മാസം അഞ്ചാം തീയതി നടന്നുവെന്ന് പറയുന്ന ഒരു സംഭവത്തെക്കുറിച്ചാണ്. ഒരുവിധത്തിലുമുള്ള അടിയന്തരപ്രാധാന്യവും ഈ സംഭവത്തിൽ നിലനിൽക്കുന്നില്ല. ആരോപിക്കപ്പെട്ട സംഭവം നടന്നതിനുശേഷം 2023 ആഗസ്റ്റ് ഏഴ് മുതൽ ഈ സഭയുടെ ഒൻപതാം സമ്മേളനവും 2024 ജനുവരി 25 മുതൽ പത്താം സമ്മേളനവും 2024 ജൂൺ 10 മുതൽ പതിനൊന്നാം സമ്മേളനവും 2024 ഒക്ടോബർ 24 മുതൽ പന്ത്രണ്ടാം സമ്മേളനവും 2025 ജനുവരി 17 മുതൽ പതിമൂന്നാം സമ്മേളനവും നടന്നു. യൂത്ത് കോൺഗ്രസ്സിന്റെ ഒരു നേതാവിനെ പൊലീസ് സ്റ്റേഷനിൽവച്ച് മർദ്ദിച്ചുവെന്ന ആരോപണം സംബന്ധിച്ച് മേൽപ്പറഞ്ഞ സഭാ സമ്മേളനങ്ങളിലൊന്നും ഉന്നയിക്കാത്ത വിഷയമാണ് ഇപ്പോൾ രണ്ടര വർഷം കഴിഞ്ഞ് പതിനാലാം സമ്മേളനത്തിൽ ഉന്നയിക്കുന്നത്. ഇത് അവതാരകനും/കോൺഗ്രസ്സിനും യാതൊരു പ്രാധാന്യവുമില്ലാത്ത കാര്യമാണ്. രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി മാത്രമാണ് ഇത് അവതരിപ്പിക്കുന്നതെന്ന് വ്യക്തമാണ്. ആരോപിക്കപ്പെട്ട

സംഭവത്തിൽ പൊലീസിന് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തുകയും കുറ്റാരോപിതർക്കെതിരായി തെളിവുകളുടെ അടിസ്ഥാനത്തിൽ നിയമാനുസരണം അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈയൊരു വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഉന്നയിക്കുന്നതുതന്നെ യു.ഡി.എഫ്.-ന്റെ വിഷയ ദാരിദ്ര്യമാണെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്. പൊലീസ് സ്റ്റേഷനിലോ ലോക്കപ്പിൽവച്ചോ ആളുകളെ മർദ്ദിക്കുന്ന രീതി ഒരുകാരണവശാലും ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ അംഗീകരിക്കുന്ന പ്രശ്നമില്ല. അത്തരം ആരോപണങ്ങൾ വന്ന ഘട്ടത്തിൽതന്നെ അന്വേഷണം നടത്തി ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പൊലീസ് ക്രിമിനലുകളെ എങ്ങനെയാണ് കൈ-മെയ് മറന്ന് സംരക്ഷിച്ചിരുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. കോൺഗ്രസ്സിനും സ്പോൺസർമാരായി നിൽക്കുന്ന മാധ്യമങ്ങളുടെയും ഉന്നം കേരളത്തിലെ പോലീസാകെ കുഴപ്പമാണെന്ന് സ്ഥാപിക്കുകയെന്നതാണ്. യു.ഡി.എഫ്. ഭരണകാലത്ത് ലോക്കപ്പിലും പൊതുഇടങ്ങളിലും സമരവേദികളിലും ആളുകളെ മർദിച്ച പോലീസിനുനേരെ അന്ന് സ്വീകരിച്ച നടപടികളും ഇപ്പോഴത്തെ അന്തരീക്ഷവും വ്യക്തമാണ്.

എന്നാൽ ഇപ്പോൾ നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. ക്രിമിനൽകേസിൽപ്പെട്ട നിരവധി പൊലീസ് ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടു. കുറ്റക്കാരായ നിരവധി പൊലീസുദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു. ക്രിമിനൽ കേസിൽ പ്രതികളായ നിരവധി പൊലീസുദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചു. എന്നാൽ, യു.ഡി.എഫ്.-ന്റെ നയങ്ങളിൽ ആവേശംകൊണ്ട് സേനയിലെ ചില പൊലീസുകാർ തെറ്റായ നിലപാടുകൾ സ്വീകരിക്കുന്ന ഒറ്റപ്പെട്ട ശ്രമങ്ങളുണ്ടാകുന്നുണ്ട്. അത്തരം നിലപാടുകൾ സ്വീകരിച്ചവർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് തിരുത്തുകതന്നെ ചെയ്യുമെന്നതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. കുന്നംകുളം പൊലീസ് സ്റ്റേഷനിലെ സുജിത്തിന് മർദനമേറ്റ വിഷയം ശ്രദ്ധയിൽപ്പെട്ടയുടനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ബന്ധപ്പെട്ടവരെയെല്ലാം സർവീസിൽനിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി. രണ്ടര വർഷമായിട്ടും ഈ വിഷയം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താതെ പോയതിന് ഉത്തരവാദി ആരാണ്? നിങ്ങളുടെ കാര്യക്ഷമതക്കുറവും കഴിവുകേടുമാണ് ഇതിലൂടെ വ്യക്തമാകുന്നത്. ഇത്തരം ഒരു ഉപക്ഷേപം സഭയിൽ കൊണ്ടുവരുന്നത് രാജ്യത്തെ ഏറ്റവും മികച്ച പൊലീസ് സേനയെ തെറ്റായി ചിത്രീകരിക്കാനും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്

എന്നതിനാൽ ഈ ഉപക്ഷേപത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

കുന്നംകുളത്തും തൃശ്ശൂരും ഇപ്പോൾ നടക്കുന്നത് 'ഗോളാന്തര വാർത്ത' എന്ന സിനിമയിലെ ഒരു രംഗമാണെന്ന് നമുക്കറിയാം. അതിൽ മുരിങ്ങച്ചോട്ടിൽ രമേശൻ നായർ എന്ന കഥാപാത്രത്തെയാണ് മമ്മൂട്ടി അവതരിപ്പിക്കുന്നത്. മമ്മൂട്ടിയുടെ ഈ കഥാപാത്രം, കാരക്കൂട്ടിൽ ദാസൻ എന്ന സ്ഥലത്തെ പ്രധാന ഗുണ്ടയായ കഥാപാത്രത്തെ നന്നാക്കാനായി ഒരു പെട്ടിക്കട ഇട്ടുകൊടുക്കുകയാണ്. ആ കട ഉത്ഘാടനം ചെയ്തുകൊണ്ട് ശങ്കരാടി നടത്തുന്ന ഒരു പ്രസംഗം ആ സിനിമയിലുണ്ട്. അതൊന്ന് കേൾക്കുന്നത് നല്ലതാണ്. ഇപ്പോൾ കുന്നംകുളത്തും തൃശ്ശൂരും നടക്കുന്നത് അതാണ്. AICC നേതാവ് മോതിരം കൊടുക്കുന്നു; മറ്റൊരു നേതാവ് സ്വർണ്ണമാലയിടുന്നു. ഈ നിലയിൽ സുജിത്തിനെ വെളുപ്പിക്കാൻ നടത്തുന്ന പരിശ്രമം ചെറുതല്ല. ഈ കേസിനാധാരമായ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഒരു പൊലീസ് ഉദ്യോഗസ്ഥനെ തള്ളിയിടുകയും അദ്ദേഹത്തിന്റെ വാച്ച് തകരുകയും ചെയ്തിട്ടുണ്ട്. കൃത്യനിർവഹണം തടസ്സപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അവിടെ കേസുണ്ട്. ഈ കേസിലെ പ്രതിയെ സംബന്ധിച്ചിടത്തോളം പത്ത് പതിനൊന്നോളം കേസിലെ പ്രതിയാണ്. അതിൽ ചിലത് രാഷ്ട്രീയ സമരങ്ങളാണ്.

26-03-2019-ൽ ക്രൈം നമ്പർ 386 പ്രകാരമുണ്ടായ ഒരു സംഭവം, കുന്നംകുളം എരുമപ്പെട്ടി പൊലീസ് സ്റ്റേഷൻ പരിധിയിൽ പൊതുജനങ്ങൾക്ക് സമാധാന ജീവിതത്തിന് ഭംഗം വരുത്തക്കവിധം തുടർച്ചയായി ക്രമസമാധാന പ്രശ്നങ്ങൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകിച്ച് രാത്രിയിൽ പയ്യൂരിൽവച്ച് ഇരുമ്പ് പൈപ്പ്, വാൾ എന്നിവയുപയോഗിച്ച് അടിച്ച് പരിക്കേൽപ്പിച്ച സംഭവത്തിലും അതുപോലെ ഐക്കുളങ്ങര ക്ഷേത്ര ചടങ്ങിനോടനുബന്ധിച്ചുള്ള ക്ഷേത്രച്ചടങ്ങുകൾ അലങ്കോലപ്പെടുത്താനായി നടത്തിയ ക്രമസമാധാനപ്രശ്നത്തിന്റെ പേരിലും ഇദ്ദേഹം പ്രതിയാണ്. ഈ രീതിയിൽ അദ്ദേഹത്തിന് ഒരു കേസ് ഡയറിയുണ്ട്. അത്തരത്തിൽ കേസ് ഡയറിയുള്ള ഒരാൾ പൊലീസിന്റെ കൃത്യനിർവഹണത്തിൽ ഇടപെടുന്ന സാഹചര്യത്തിലാണ് ഈ സംഭവമുണ്ടായതെന്ന് മനസ്സിലാക്കണം. എന്നാൽ ഈ വിഷയമുണ്ടായശേഷം വളരെ മഹാനായി ചിത്രീകരിക്കുന്ന കോൺഗ്രസിന്റെ സ്ഥാനക്കയറ്റം നൽകിയ നേതാവ് ഇതിൽ പ്രതിഷേധിച്ചുകൊണ്ട് അവിടെയൊരു പ്രകടനം നടത്താതിരുന്നതും ആ ഘട്ടത്തിൽ ഒരു പന്തം കൊളുത്തി പ്രകടനംപോലും നടത്താതിരുന്നതും എന്തുകൊണ്ടാണെന്നത് നമ്മൾ മനസ്സിലാക്കണം. ഇവിടെ ഇതുമായി ബന്ധപ്പെട്ട് ഒരു ഗൂഢാലോചന നടത്തുകയാണ്. നിരവധി കേസുകളിൽ

പ്രതിയായിരുന്ന ഒരാൾ അത്തരത്തിലുള്ള ഒരു സംഭവവുമായി ബന്ധപ്പെട്ട് പൊലീസിനുനേരെ നടന്ന ഒരു സംഭവത്തിലാണ്. എങ്കിലും ലോക്കപ്പിൽ നടക്കുന്ന ഇത്തരം നടപടികളെ ഒരു കാരണവശാലും അംഗീകരിച്ചുകൊണ്ടല്ല; ഗവൺമെന്റ് എന്ന രീതിയിൽ കൃത്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നിങ്ങളുടെ കാലത്തെ സംരക്ഷണസ്വഭാവങ്ങൾ നല്ലതുപോലെ അറിയാം. മലദ്വാരത്തിൽ കമ്പികയറ്റിയ ഡിവൈ.എസ്.പി.-യെ കണ്ണൂരിൽ സംരക്ഷിക്കാനായി നടത്തിയ ശ്രമവും നമുക്കറിയാം. ആലുവയിലെ യാക്കോബായ പള്ളിയിലെ പൊലീസ് അഴിഞ്ഞാട്ടത്തിൽ കന്യാസ്ത്രീകളെപ്പോലും വെറുതെവിടാതെ ആക്രമണം നടത്തിയ പൊലീസുകാർക്കെതിരായി നിങ്ങൾ നടപടി സ്വീകരിച്ചോ? ഭൂമിക്കായി സമരം ചെയ്ത ആദിവാസി യുവാവായ രോഗിയെ കൊലപ്പെടുത്തിയ സംഭവം, സ്ത്രീകളെയും കുട്ടികളെയും ആക്രമിച്ച സംഭവം എന്നിവയ്ക്കെതിരെ നിങ്ങൾ എന്ത് നടപടിയാണ് സ്വീകരിച്ചത്? ശിവഗിരിയിൽ പൊലീസ് നടത്തിയ നരവേട്ടയെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ന്യായീകരിക്കുകയും സംഘർഷമുണ്ടായാൽ പിന്നെ എന്തുചെയ്യുമെന്ന ചോദ്യമാണ് തിരിച്ചുചോദിച്ചത്. അത്തരത്തിൽ പൊലീസുകാരെ സംരക്ഷിക്കുന്ന ഒരു നിലപാടല്ല കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിനാൽ,

നടപടികൾ നിർത്തിവയ്ക്കണമെന്ന ഈ ഉപക്ഷേപത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പൊലീസ് ജനങ്ങളോട് മര്യാദയോടെ പെരുമാറണമെന്നും ലോക്കപ്പുകളിൽ മനുഷ്യാവകാശ ധ്വംസനം നടക്കില്ലെന്ന് ഉറപ്പുവരുത്തുമെന്നുള്ളത് നിങ്ങളുടെ പ്രകടന പത്രികയിൽ നിങ്ങൾ നൽകിയ വാഗ്ദാനമാണ്. നിങ്ങളുടെ പ്രകടന പത്രികയ്ക്ക് നിങ്ങൾ കടലാസിന്റെ വിലപോലും നൽകുന്നില്ലെന്നുള്ളത് ജനങ്ങൾക്കറിയാം. ഇന്ന് കേരളത്തിലെ പൊലീസ് മർദ്ദനവും ലോക്കപ്പ് മർദ്ദനവും തനിയാവർത്തനമായി വന്നുകൊണ്ടിരിക്കുകയാണ്. അതിഭീകരമായ മനുഷ്യമനഃസാക്ഷിയെ മരവിപ്പിക്കുന്ന നിലയിലുള്ള കഥകളാണ് ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. നിയമസഭയിൽ നിങ്ങൾ നൽകിയ കണക്കുപ്രകാരം 2024 ജൂലൈ വരെ 42 പരാതികൾ വരികയും വരാത്ത പരാതികൾ ഇതിനേക്കാൾ ഏറെയുമാണ്. ഒൻപത് വർഷത്തിനിടയിൽ 17 കസ്റ്റഡി മരണങ്ങൾ കേരളത്തിലുണ്ടായതിനും പൊലീസ് ഇത്തരത്തിലുള്ള ഒരു മാനസികാവസ്ഥയിലേയ്ക്ക് എത്താനുമുള്ള കാരണം, എന്ത് വൃത്തികേട് ചെയ്താലും അവർ സംരക്ഷിക്കപ്പെടുമെന്ന ഒരു ഉറപ്പ് ഇന്ന് പൊലീസിലെ ഏതാനും ക്രിമിനൽസിനുണ്ടെന്നുള്ളതാണ്. ഈ

മർദ്ദനത്തിന് വിധേയരായ എല്ലാ വിഷയങ്ങളും പരിശോധിച്ചോളൂ... ശ്രീ. റോജി എം. ജോൺ ധാരാളം കണക്കുകൾ ഇവിടെ അവതരിപ്പിച്ചു. ഈ പ്രതികളെല്ലാവരും ഭീകരന്മാരോ കൊലപാതകികളോ കവർച്ചക്കാരോ ഒന്നുമല്ല; നിസാരമായ തർക്കങ്ങളുടെയും സംശയങ്ങളുടെയും പേരിൽ പൊലീസ് കൊണ്ടുവന്നവരാണ്. അവരെയാണ് ഈ ഭീകരമായ മർദ്ദനത്തിന് വിധേയരാക്കുന്നത്. ബിരിയാണിയുടെ പേരിൽ കരണമടിച്ച് പൊട്ടിക്കുന്ന പൊലീസായി കേരളത്തിന്റെ പൊലീസ് മാറിയിരിക്കുന്നുവെന്നുള്ള എത്ര മോശമായ സാഹചര്യമാണ് ഇന്ന് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. ഭരണഘടനാപരമായി ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ടത് സംസ്ഥാനമാണ്. ആ സംസ്ഥാനത്തിന്റെ ഭാഗമായ പൊലീസാണ് ഇന്ന് ഈ atrocities-ന് മുഴുവനും കേരളത്തിൽ നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നത്.

പൊലീസ് കംപ്ലയിന്റ് അതോറിറ്റി പിരിച്ചുവിടണം. ഈ അതോറിറ്റിയെക്കൊണ്ട് എന്ത് പ്രയോജനമുണ്ട്? ഒരു ശിപാർശ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിലേക്ക് അവർ വന്നിരിക്കുന്നു. ഇന്ന് പൊലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് നൽകിക്കൊണ്ടിരിക്കുന്ന പരാതികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. ഇതിനുകാരണം പരാതി കൊടുത്തിട്ട് കാര്യമില്ല; ആരോടാണ് പരാതി പറയാൻ കഴിയുന്നത്. പരാതി പറഞ്ഞാൽ

എന്ത് നടപടിയെടുക്കാൻ കഴിയും; ഒരു നടപടിയുമുണ്ടാകുന്നില്ല. ഇവരുടെ സ്ഥലം മാറ്റമെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കേണ്ടത്, അത് അവർക്കെതിരെയുള്ള നടപടിയല്ല എന്നതാണ്. അവർക്കെതിരെ സസ്പെൻഷനോ ഡിസ്മിസലോ അടക്കമുള്ള നടപടികളിലേക്കാണ് പോകേണ്ടത്. ഇത്തരത്തിലുള്ള വ്യക്തികൾക്ക് പൊലീസ് സ്റ്റേഷനുകളിൽ നേരിടേണ്ടി വന്നിട്ടുള്ള അതിഭീകരമായ അവസ്ഥ സി.സി.ടി.വി.-യിലൂടെ നമ്മൾ കണ്ടതാണെന്നുകൂടി സൂചിപ്പിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ആധുനിക കാലത്ത് ഏത് വെല്ലുവിളിയെയും നേരിടാൻ കഴിയുന്ന, അവ ഏറ്റെടുത്ത് നിർവഹിക്കാൻ കഴിയുന്ന പൊലീസ് സേനയാണ് കേരളത്തിലേതെന്ന് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പൊലീസ് സേനയിൽ ഏറ്റവും അടുത്ത കാലത്തുണ്ടായിട്ടുള്ള മുന്നേറ്റം അവിടെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഈ സന്ദർഭത്തിൽ വിലയിരുത്തേണ്ടതുണ്ടെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

കുറ്റാന്വേഷണ മികവിൽ കേരളത്തിലെ പൊലീസ് ഒന്നാമതാണെന്ന് ഈ രാജ്യത്ത് അംഗീകരിക്കപ്പെട്ട കാര്യമാണ്. ദീർഘകാലമായി കുറ്റക്കാരെ

കണ്ടെത്താൻ കഴിയാത്ത ഒട്ടേറെ കേസുകളിലെ കുറ്റവാളികളായ ആളുകളെ കണ്ടെത്തി അവരുടെ പേരിൽ നടപടി സ്വീകരിക്കാനും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ആവശ്യമായ നടപടികൾ സ്വീകരിച്ചത് ഈ കാലഘട്ടത്തിലാണ്.

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പൊലീസ് നയമെന്നത് ജനപക്ഷ നിലപാട് സ്വീകരിക്കുന്ന നയമാണ്. ആ നയം സ്വീകരിച്ച് മുന്നോട്ടുപോകുമ്പോൾ കേരളത്തിലെ മഹാഭൂരിപക്ഷം പൊലീസ് സേനയിലെ അംഗങ്ങൾ സ്വീകരിക്കുന്ന നിലപാടുകൾ കേരളത്തിന്റെ സംരക്ഷണത്തിനും കേരളത്തിലുണ്ടായിട്ടുള്ള ദുരന്തകാലങ്ങളിലെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനുമെല്ലാം മെച്ചപ്പെട്ട രീതിയിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിയതെന്നത് നമുക്ക് കാണാൻ സാധിക്കും.

കോവിഡ് കാലത്തെ പൊലീസ് സേനയുടെ സേവനവും അതുപോലെ 2018-ലെ പ്രളയകാലത്തെ പൊലീസ് സേനയുടെ സമീപനം, ചൂരൽമലയുൾപ്പെടെ സമീപകാലത്തുണ്ടായ ദുരന്തങ്ങളുടെ കാലഘട്ടത്തിൽ ജനകീയമായ ജനങ്ങളുടെ ഇടപെടലിനോടൊപ്പം പൊലീസ് സേനയുടെ സംരക്ഷണ ചുമതലയോടുകൂടി നടത്തിയിട്ടുള്ള പ്രവർത്തനം എന്നിവയെല്ലാം നമുക്കറിയാവുന്നതാണ്. ലഹരി-മയക്കുമരുന്ന് മാഫിയകൾ

നിയന്ത്രിക്കുന്നതിനുവേണ്ടി കേരളാ പൊലീസ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ, ഈ സമീപകാലത്ത് അതിന്റെ പേരിൽ കേരളത്തിൽ കുറ്റവാളികളായ ആളുകളെ കണ്ടെത്തി നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ എന്നിവയെല്ലാം 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യത്തിലേക്ക് മുന്നോട്ടുപോകുന്നതിന് വഴിവച്ചിട്ടുണ്ടെന്നുള്ളത് ഈ കാലഘട്ടത്തിൽ കാണാൻ കഴിയും.

കേരളത്തിൽ 2016-നുശേഷമുള്ള വർഷങ്ങളിൽ വർഗീയ സംഘർഷങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നുള്ളത് ആർക്കും നിഷേധിക്കാൻ കഴിയാത്ത കാര്യമാണ്. ഇവിടെ വർഗീയ സംഘർഷത്തിനുള്ള ഒരു സംഭവവും നടത്താൻ ആർക്കും കഴിയാത്തവിധം സംഘടിതമായി പൊലീസ് സേന അക്കാര്യത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നുവെന്നതാണ് നമ്മുടെ മുമ്പിലുള്ള അനുഭവം. 2012-13 കാലത്ത് കാഞ്ഞങ്ങാട് മേഖലയിലുണ്ടായ വർഗ്ഗീയ സംഘർഷമാണ് ഏകദേശം പതിനഞ്ച് വർഷത്തിനിടയിലുണ്ടായിട്ടുള്ള ഒരു സംഘർഷമായി നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്. അത് അടിച്ചമർത്തുന്നതിനുവേണ്ടിയുള്ള നിലപാട് അന്ന് സ്വീകരിക്കുമ്പോൾ ആ വർഗീയ സംഘർഷത്തെ

നിയന്ത്രിക്കണമെന്ന പേരിൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം അതിനുമുമ്പിലുണ്ടായിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ അതൊന്നുമുണ്ടായിട്ടില്ലെന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. പോലീസ് സേനയിൽ, പുതിയ തലമുറയെ വളരെ ബോധപൂർവം ഉത്തരവാദിത്വമുള്ള പൗരബോധത്തോടുകൂടിയ ഒരു വിഭാഗത്തെ വളർത്തിയെടുക്കാൻ എസ്.പി.സി. ഉൾപ്പെടെയുള്ള മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കേരളത്തിലെ എസ്.പി.സി.-യും അതിലൂടെ വളർന്നുവന്ന പുതിയ ചെറുപ്പക്കാരും അവരുടെ പുതിയ ബോധവും അതിന്റെ അടിസ്ഥാനത്തിൽ നടക്കുന്ന ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങളും എല്ലാവർക്കും അറിയാവുന്നതും എന്നാൽ ആർക്കും നിഷേധിക്കാൻ കഴിയാത്ത കാര്യങ്ങളുമാണ്. ഇക്കാര്യങ്ങളെല്ലാമുള്ളപ്പോഴും അങ്ങിങ്ങായി കാണുന്ന ഏറ്റവും ചെറിയ പുഴുക്കുത്തുകൾ തീർച്ചയായും പോലീസ് സേനയ്ക്കകത്തുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. അത്തരം പുഴുക്കുത്തുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ നടപടികൾ ഓരോന്നും ഇവിടെ എണ്ണിയെണ്ണി പറയാൻ നമുക്ക് കഴിയും. എത്ര ആളുകളെയാണ് പോലീസ് സേനയിൽനിന്നും ഇപ്പോൾ

പിരിച്ചുവിട്ടിരിക്കുന്നത്. ഇതിനുമുമ്പ് എപ്പോഴാണ് പോലീസ് സേനയിൽനിന്നും അവർ കാണിച്ച അക്രമത്തിന്റെയും ധിക്കാരത്തിന്റെയും കൊള്ളരുതായ്മയുടെയും പേരിൽ  ഇത്രയും ആളുകളെ പിരിച്ചുവിട്ടിട്ടുള്ളത്; അന്നെല്ലാം അവർ സംരക്ഷണം നൽകിയതിന്റെ എത്രയെത്ര തെളിവുകളാണ് നമ്മുടെ മുമ്പിലുള്ളത്? ഓരോ കാലഘട്ടത്തിലെയും പ്രവർത്തനങ്ങളെടുത്ത് പരിശോധിച്ചാൽ, സാധാരണഗതിയിൽ ഇത്തരം ചർച്ചയുടെ വേദിയിൽ, പ്രത്യേകിച്ച് ഭരണ-പ്രതിപക്ഷ കക്ഷികൾ നടത്തുന്ന ചർച്ചാ വേളയിൽ, കഴിഞ്ഞകാലത്തേത് എടുത്തുപറയാനുള്ള അവസരമുണ്ടാകുന്നുവെന്നതാണ്  ചൂണ്ടിക്കാണിക്കാനുള്ളത്.

മുത്തങ്ങ സമരത്തെക്കുറിച്ച് ഇവിടെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ജോഗിയെ വെടിവച്ചതും അദ്ദേഹം മരിച്ചതുമായ കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതിനെത്തുടർന്നുണ്ടായ സംഭവങ്ങൾ, അവിടെ അന്നുനടന്ന ക്രൂരമായ അക്രമങ്ങൾ, ഇവയൊക്കെ ആർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ; അങ്ങനെ കൊലചെയ്യപ്പെട്ട ജോഗിയുടെ സഹോദരിക്ക് ജോലി നൽകാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് വേണ്ടിവന്നുവെന്നത് അറിയാവുന്ന കാര്യമല്ലേ; അത്തരം കാര്യങ്ങളിൽ ഇതിനുമുമ്പ് ആരെങ്കിലും  ഇടപെട്ടിട്ടുണ്ടോ? ഇത്തരം

വിഷയങ്ങളിൽ, ഏറ്റവുമധികം സഹതാപമർഹിക്കുന്ന പ്രശ്നങ്ങളിൽ, ഗവൺമെന്റ് എങ്ങനെയാണ് നടപടി സ്വീകരിക്കേണ്ടതെന്ന് മാതൃകാപരമായി തെളിയിക്കുന്ന നടപടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് കാണാൻ സാധിക്കും.

2012-13 കാലഘട്ടത്തിന്റെ പ്രത്യേകതകൾ എല്ലാവർക്കും അറിയാം. അന്ന് ഷോക്കടിപ്പിച്ച് പിടഞ്ഞുകൊണ്ടിരുന്ന മനുഷ്യരെക്കണ്ട് രസിച്ചുതുള്ളിയ പോലീസുകാർ ഉണ്ടായിട്ടില്ലേ; ഞാൻ നേരത്തെ പറഞ്ഞതുപോലെ പോലീസ് സേനയ്ക്ക് അകത്തുള്ള ഇത്തരം ക്രിമിനലുകൾ എണ്ണത്തിൽ കുറവാണെങ്കിലും അവരുണ്ടാക്കുന്ന ഭീഷണിയും അവർ ഉയർത്തുന്ന പ്രശ്നങ്ങളും ഏത് കാലത്തുമുണ്ടായിട്ടുണ്ടെന്ന വസ്തുത നിഷേധിക്കാൻ കഴിയാത്തതാണ്. ഷോക്കടിപ്പിച്ചും അതിനിടയിൽ പിടഞ്ഞുവീണ് കരയുന്ന ആളുകളെക്കണ്ട് ചിരിച്ച പോലീസ് ഓഫീസർമാർ/ പോലീസ് മേധാവികൾ ഉൾപ്പെടെയുള്ള കാലമായിരുന്നു അത്. ജനേന്ദ്രിയങ്ങൾ തകർത്ത കാലമാണ് 2013-ൽ ഉണ്ടായതെന്ന് അന്നത്തെ സംഭവങ്ങൾ തെളിയിക്കുന്ന കാര്യമാണ്. ഏതുകാലത്തുമുണ്ടായിട്ടുള്ള കുറവുകൾ ആ പോലീസ് സേനയ്ക്കകത്തുള്ള ഏതാനും ആളുകൾ കാണിക്കുന്ന കൊള്ളരുതായ്മയുടെ, അവരുടെ

ധിക്കാരത്തിന്റെ, കാടത്തത്തിന്റെ ഫലമായിട്ടുള്ളതാണ് എന്ന് അംഗീകരിക്കുകയാണ് എല്ലാവരും സ്വീകരിക്കേണ്ട കാര്യം. അത് ആ കാലത്തുണ്ടായിട്ടുണ്ടെങ്കിൽ, ഈ കാലത്തുണ്ടാകുന്ന കാര്യങ്ങളിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നു. അത്തരം ആളുകളെ പിരിച്ചുവിടുന്നു. കുറ്റാരോപിതരായ ആളുകളെ ഉടനെ പിരിച്ചുവിടാത്തത് എന്താണെന്ന് ചോദിച്ചാൽ, നിയമപരമായി സർവീസിൽനിന്നും പിരിച്ചുവിടണമെങ്കിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് അറിയാവുന്നവരാണ് നമ്മളെല്ലാവരും. അതിന്റെ ഓരോ നടപടിക്രമങ്ങളും അന്വേഷണങ്ങളും അതിന് അവർക്ക് മറുപടി പറയാനുള്ള കാര്യങ്ങളും ഉൾപ്പെടെ എല്ലാം സ്വീകരിച്ചതിനുശേഷം മാത്രം സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ഇപ്പോൾ പറയുന്നതിൽ കാര്യമില്ല.

നബിദിനാഘോഷയാത്രയിൽ ആലപ്പുഴയിലുണ്ടായ വെടിവയ്പ് മറക്കാൻ കഴിയുമോ; അതിന് എന്തെങ്കിലും ന്യായീകരണമുണ്ടോ; 1982-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയും വയലാർ രവി ആഭ്യന്തര വകുപ്പുമന്ത്രിയും ആയിരുന്നപ്പോഴല്ലേ ഇക്കാര്യം നടന്നത്? ആ ഗവൺമെന്റിന്റെ ഉത്തരവാദിത്വമെന്തായിരുന്നുവെന്നത് അങ്ങ് ചോദ്യം ചെയ്യുമെന്നത് തീർച്ചയാണ്. ഏതു ഗവൺമെന്റിന്റെ കാലത്തും വഴിവിട്ട രീതിയിൽ

പ്രവർത്തിച്ച പോലീസ് ഉദ്യോഗസ്ഥരുണ്ടെങ്കിൽ, പ്രഖ്യാപിത പോലീസ് നയത്തിന് വിരുദ്ധമായി പ്രവർത്തിച്ചാൽ അവരുടെ പേരിൽ നടപടി സ്വീകരിക്കുകതന്നെ ചെയ്യും. എൽ.ഡി.എഫ്.-ന്റെ പ്രഖ്യാപിതമായ പോലീസ് നയത്തിൽനിന്ന് വ്യതിചലിക്കുന്ന അപൂർവം ഉദ്യോഗസ്ഥരുണ്ടെന്ന് കാണുമ്പോൾ അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നുണ്ട്. തുടർന്ന് അത്തരം പ്രവർത്തനങ്ങളുണ്ടായാൽ മുഖം നോക്കാതെയുള്ള നടപടിയായിരിക്കും കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പഴയ തങ്കമണി സംഭവത്തെത്തുടർന്നുണ്ടായ കാര്യങ്ങൾ ആരെങ്കിലും മറന്നുപോയോ; സംസ്ഥാന യുവജനോത്സവത്തിന്റെ വേദിയിലേയ്ക്ക് കടന്നുകയറി ലൈറ്റ്ഓഫ് ചെയ്തില്ലെന്ന കാര്യം പറഞ്ഞ് അന്ന് പോലീസുകാർ നടത്തിയിട്ടുള്ള പരാക്രമങ്ങൾ എത്രയാണ്; കീഴ്മാട് അന്ധ വിദ്യാലയത്തിൽ കയറി കണ്ണുകാണാൻ കഴിയാത്ത കുട്ടികളോട് കാണിച്ചിട്ടുള്ള പരാക്രമങ്ങൾ എത്രയാണ്; അതെല്ലാം ആരാണ്, ഏത് കാലത്താണ് ചെയ്തത് എന്നെല്ലാം നമുക്ക് പരിശോധിക്കേണ്ടതായി വരില്ലേ; തീർച്ചയായും അത്തരം സന്ദർഭങ്ങളിൽ അതിനുത്തരവാദികളായ ആളുകളെ,

അത്തരം ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാടാണ് യു.ഡി.എഫ്. സ്വീകരിച്ചതെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അത്തരം ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാനും ആവശ്യമായി വന്നാൽ തെളിവുകളുടെ അടിസ്ഥാനത്തിൽ പിരിച്ചുവിടുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനും മടി കാണിച്ചിട്ടില്ലെന്നതാണ് ഇതിൽനിന്നും നമുക്ക് കാണാൻ സാധിക്കുന്നത്. പഴയ കാര്യങ്ങൾ പറഞ്ഞാൽ ധാരാളം പറയേണ്ടിവരും. ആന്റണി സർക്കാരിന്റെ കാലത്ത് ശിവഗിരിയിൽ സന്യാസിമാരുടെ തല അടിച്ചുപൊട്ടിച്ചത് ആരാണ്; പാവങ്ങളിൽ പാവങ്ങളായ സന്യാസിമാരോട് ക്രൂരകൃത്യം കാണിക്കാൻ എന്തായിരുന്നു കാര്യം; അവിടെ കടന്നുകയറി അവർക്കുനേരെ ആക്രമണമുണ്ടാക്കിയതാരാണ്; സന്യാസിമാർ പുറത്തിറങ്ങി എന്തെങ്കിലും കലാപത്തിനിറങ്ങിയവരാണോ; കലാപകാരികളെ നേരിടുന്ന രീതിയിൽ അവർക്കുനേരെ പരാക്രമങ്ങൾ കാണിക്കേണ്ടതുണ്ടോ? ഈ കൃത്യങ്ങളൊന്നും നമുക്കാർക്കും മറക്കാൻ കഴിയുന്ന കാര്യങ്ങളല്ല. ഇപ്പോൾ ആരാണ് കുറ്റവാളിയെന്നുകണ്ടാൽ, അവരുടെ പദവിയോ സ്ഥാനമാനങ്ങളോ കലാരംഗത്തെ പ്രതിഭകളോ മറ്റ് ഏതെങ്കിലും രംഗത്തുള്ള പ്രധാനികളോ അല്ലെങ്കിൽ ഏതെങ്കിലും മതമേധാവികളോ ആണെങ്കിൽപ്പോലും അവരുടെ

പേരിൽ നടപടി സ്വീകരിക്കാൻ മടിക്കാത്ത നിലപാടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഏറ്റവും മികച്ച പോലീസാണ് ഇവിടെയുള്ളതെന്ന് എല്ലാവർക്കുമറിയാം. ഇന്ത്യയിൽ, യു.പി., ഗുജറാത്ത് എന്നിവിടങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന അതിക്രമങ്ങൾ അവിടത്തെ പോലീസുകാർക്ക് നിയന്ത്രിക്കാൻ കഴിയാത്തതിന്റെ കണക്കുകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ സമാധാനപരമായൊരു ജീവിതം ഉറപ്പാക്കാൻ കഴിയുന്ന സംസ്ഥാനമാണ് കേരളമെന്നും പുഴക്കുത്തുകൾ എവിടെയുണ്ടായാലും അവിടെയെല്ലാം ശക്തമായ നടപടി സ്വീകരിച്ച് മുന്നേറുന്ന സംസ്ഥാനമാണ് കേരളമെന്നതിൽ നമുക്ക് അഭിമാനിക്കാം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇവിടെ നേരത്തെ അവതാരകൻ സൂചിപ്പിച്ചതുപോലെ 1977 മാർച്ച് 30-ന് അന്നത്തെ പ്രതിപക്ഷത്തെ ഒരു യുവ എം.എൽ.എ. ഈ നിയമസഭയിൽ നടത്തിയ ഒരു പ്രസംഗമുണ്ട്. അടിയന്തരാവസ്ഥക്കാലത്ത് തനിക്ക് പോലീസിൽനിന്ന് ഏൽക്കേണ്ടിവന്ന പീഡനങ്ങളെയും മർദനങ്ങളെയും കുറിച്ച് അദ്ദേഹം നടത്തിയ പ്രസംഗത്തിന്റെ കോപ്പിയാണ് എന്റെ കൈയിലുള്ളത്. ആ പ്രസംഗത്തിന്റെ

അവസാനത്തിൽ അദ്ദേഹം അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ലീഡർ കെ. കരുണാകരനോട് ചോദിക്കുന്നൊരു ചോദ്യമുണ്ട്. കേരളത്തിലെ പോലീസിനെ ഇനിയും ഇങ്ങനെ കയറൂരി വിടാനാണോ നിങ്ങളുടെ തീരുമാനമെന്ന് അന്നത്തെ ആ യുവ എം.എൽ.എ. ചോദിക്കുന്നുണ്ട്. ആ യുവ എം.എൽ.എ. ഇന്ന് നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ, മുഖ്യമന്ത്രിയുടെ കസേരയിൽ ഇരിക്കുമ്പോൾ 48 വർഷത്തിനുശേഷം ഇവിടെനിന്ന് ഒരു പ്രതിപക്ഷ എം.എൽ.എ. അദ്ദേഹത്തോട് ചോദിക്കുകയാണ് കേരളത്തിലെ പോലീസിനെ ഈ വിധം കയറൂരി വിടാനാണോ അങ്ങയുടെ ഭാവം? കാരണം ഇവിടെ എനിക്കുമുമ്പ് സംസാരിച്ചവർ പറഞ്ഞ വളരെ പൈശാചികമായ, ക്രൂരമായ ലോക്കപ്പ് മർദനങ്ങൾ, പോലീസിന്റെ അതിക്രമങ്ങൾ ഇവയെല്ലാം പറയുമ്പോൾ അപ്പുറത്തുള്ള ആളുകൾ, സംഗതിയിൽ വളരെ ഖേദമുണ്ട്, സങ്കടമുണ്ട് എന്നൊക്കെയാണ് പറയാറുള്ളത്. ഇവിടെ ഈ കാലത്തുനടക്കുന്ന എന്തുവിഷയങ്ങൾ ചൂണ്ടിക്കാണിച്ചാലും അപ്പോൾ കഴിഞ്ഞ കാലങ്ങളിൽ യു.ഡി.എഫ്. ഭരിച്ചപ്പോൾ അങ്ങനെ ഉണ്ടായില്ലേ; ഇങ്ങനെ ഉണ്ടായില്ലേ; 40 കൊല്ലം മുമ്പ് ഉണ്ടായില്ലേ; ഇതാണോ ചോദ്യം. അതല്ല. ഇവിടെ ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ, നിയമസഭയുടെ താൽപര്യമെന്താണ്; ഈ വിഷയം

ചർച്ച ചെയ്യപ്പെടാനാണ്. അതിലെ കുറ്റക്കാർക്കെതിരെ നടപടി എടുക്കാനാണ്. അത് പറയുമ്പോൾ അതിനെ ലാഘവത്തോടെ സ്വീകരിക്കുന്ന നിങ്ങളുടെ സമീപനം ജനാധിപത്യ വിരുദ്ധമാണെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്നത്തേതിനേക്കാൾ ഭീകരമായ രീതിയിൽ കേരളത്തിലെ പോലീസ് പെരുമാറുകയാണ്. വർഷങ്ങളായി പോലീസിന്റെ ഈ സ്ഥിതി തുടരുകയാണ്. അഴിഞ്ഞാട്ടം മൂർധന്യതയിലെത്തിയിരിക്കുകയാണ്. ഇവിടത്തെ ലോക്കപ്പ് മർദനങ്ങളെക്കുറിച്ചൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങയുടെ ജില്ലയിലെതന്നെ കുട്ടിമാക്കൂലിലെ പട്ടികജാതിക്കാരായ രണ്ട് സഹോദരിമാരെ കൈക്കുഞ്ഞുമായി ജയിലിൽ അടച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് തുടക്കം കുറിക്കുന്നതെന്ന് നമുക്കറിയാം. പിന്നീട് കസ്റ്റഡി മരണങ്ങളുടെ ഒരു ഘോഷയാത്രയാണ്. അങ്ങയുടെ ആദ്യത്തെ അഞ്ചുകൊല്ലം 11 കസ്റ്റഡി മരണങ്ങളാണ്. ഇപ്പോൾ വീണ്ടും ആറെണ്ണമാണ്. കേരളത്തിൽ 17 കസ്റ്റഡി മരണങ്ങളായി. സാധാരണക്കാർക്കെതിരെ പോലീസിന്റെ അതിക്രമങ്ങൾ പെരുകുകയാണ്. പൊതുജനങ്ങൾക്കുനേരെ മെക്കിട്ടുകയറുന്ന പോലീസാണ് ഇപ്പോഴുള്ളത്. ജനമൈത്രി പോലീസല്ല. ഗുണ്ടാമൈത്രി പോലീസാണ് ഇപ്പോൾ നമ്മുടെ രാജ്യത്തുള്ളത്. ഇപ്പോഴത്തെ

സംഭവപരമ്പരകൾ നോക്കൂ. അമ്പലത്തിലെ പൂജയും കർമ്മങ്ങളുമായി കഴിയുന്ന, മദ്യം ജീവിതത്തിൽ തൊട്ടിട്ടില്ലാത്ത അമ്പലവാസിയായ യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റായ പാവം ചെറുപ്പക്കാരനെയാണ് മദ്യപിച്ച് കുഴപ്പമുണ്ടാക്കിയെന്നുപറഞ്ഞ് നിങ്ങളുടെ പോലീസ് അറസ്റ്റ് ചെയ്യുന്നത്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരാതി നൽകിയതാണ്. ഇപ്പോൾ പറയുന്നത് അന്നത്തെ സംഭവമല്ലേയെന്നാണ്. അന്നത്തെ സംഭവത്തിന്റെ ഇന്നത്തെ പ്രസക്തിയെന്താണ്? ഇന്ന് അതിന്റെ വിഡിയോ ദൃശ്യങ്ങൾ വിവരാവകാശ നിയമപ്രകാരം പുറത്തുവന്നപ്പോഴാണ് ലോകം ഇത് ചാനലുകളിലൂടെ കാണുന്നത്. ആ ചെറുപ്പക്കാരനെ എത്ര ക്രൂരമായാണ് പോലീസ് മർദിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നും പറയും നിങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങൾ പറഞ്ഞ് പോലീസിന്റെ മനോവീര്യം കളയരുതെന്ന്. ഞാൻ ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുന്നു, പോലീസിന്റെ മനോവീര്യത്തേക്കാൾ പ്രധാനമാണ് ഈ നാട്ടിലെ സാധാരണക്കാരന്റെ അന്തസ്സും അഭിമാനവും. ആ അന്തസ്സിനെയും അഭിമാനത്തെയും ചവിട്ടിമെതിക്കുന്ന പോലിസിന് അങ്ങ് നൽകുന്ന ഊർജമാണ് ഈ മനോവീര്യത്തെക്കുറിച്ചുള്ള സംസാരം. എപ്പോൾ പറഞ്ഞാലും പറയും, നിങ്ങൾ ഈ ഒറ്റപ്പെട്ട സംഭവങ്ങൾ പറഞ്ഞ് പോലീസിന്റെ മനോവീര്യം

കളയരുത്. ഇന്നലെ എൽ.ഡി.എഫ്. യോഗത്തിൽ 40 മിനിട്ട് നേരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചത് ഇതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങളാണെന്നാണ്. ധാരാളം ഒറ്റപ്പെട്ട സംഭവങ്ങൾ ചേർന്നാലാണ് ഒരു വലിയ സംഭവമായി മാറുന്നത്. അദ്ദേഹത്തിന് എല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണ്. അങ്ങ് ഇങ്ങനെ ന്യായീകരിക്കരുത്. അതുകഴിഞ്ഞ് നമ്മളെ ഞെട്ടിക്കുന്ന മറ്റൊരു വാർത്ത കണ്ടു. പീച്ചിയിലെ ഒരു ഹോട്ടൽ മാനേജരായ മാന്യനായ ഒരു പാവപ്പെട്ട മനുഷ്യൻ പരാതിയുമായി പോലീസ് സ്റ്റേഷനിൽ പോയതാണ്. പോലീസ് പരസ്യമായി പച്ചയ്ക്ക് അയാളുടെ മുഖത്ത് അടിക്കുന്നത് നമ്മൾ കണ്ടില്ലേ? പരസ്യമായി കൈക്കൂലി ചോദിക്കുകയാണ്. (പത്രം ഉയർത്തിക്കാണിക്കുന്നു.) പോലീസ് അയാളുടെ മുഖത്തടിക്കുന്നതും അഞ്ച് ലക്ഷം രൂപ വാങ്ങി വീതം വയ്ക്കുന്നതുമാണ്. (പത്രം ഉയർത്തിക്കാണിക്കുന്നു.) അഞ്ച് ലക്ഷം രൂപ വാങ്ങി വീതം വയ്ക്കുന്ന ചിത്രമാണ് പത്രങ്ങളിൽ കാണാൻ സാധിക്കുന്നത്. ആ മാനേജരെ തിരക്കിവന്ന അയാളുടെ മകനെ ക്രൂരമായി മർദിക്കുന്ന ചിത്രവുമുണ്ട്. കോഴിക്കോട് മുസ്ലീംലീഗിന്റെ ഒരു പ്രാദേശിക നേതാവായ മാമുക്കോയയെ മെഡിക്കൽ കോളേജ് പോലീസ് വലിച്ചിഴച്ച് കൊണ്ടുപോകുന്ന ചിത്രമാണിത്. (പത്രം ഉയർത്തിക്കാണിക്കുന്നു.) ആലപ്പുഴയിലൊരു DySP-

യുണ്ട്. ഇത്തരം പോലീസുകാരാണ് ഞങ്ങളുടെ കൂട്ടക്കാർ. അയാളുടെ പേര് ശ്രീ. മധു ബാബു എന്നാണ്. ഈ രാജ്യത്തിന് കാവൽ നിൽക്കുന്ന ഒരു സൈനികനെ ക്രൂരമായി മർദിച്ചത് നമ്മൾ ഈ അടുത്തകാലത്ത് കണ്ടതാണ്. ഒരു കുടുംബകേസുമായി ബന്ധപ്പെട്ട് ഒരു അഭിഭാഷകനെ വിളിച്ച് ക്രൂരമായി അക്രമിച്ചത് ഈ DySP-യുടെ ഒരു ഹോബിയാണ്. ഈ DySP അടക്കമുള്ള നിങ്ങളുടെ പോലീസുകാർ ഇപ്പോൾ ENT Specialist-കളാണ്. നല്ല ചെവി കണ്ടാൽ അവർ കയറി അടിക്കും. ഒരു സിനിമയുടെ കഥപോലെ മാന്യമായി വസ്ത്രം ധരിക്കുന്നത് കണ്ടാൽ  ശ്രീ. ദിലീപിന്റെ കഥാപാത്രം അത് വലിച്ചൂരി ഓടുന്ന രംഗങ്ങളുണ്ട്. അതിൽ ശ്രീ. ദിലീപിന്റെ മുമ്പിൽക്കൂടി മുണ്ടുടുത്ത് പോകാൻ ആളുകൾക്ക് ബുദ്ധിമുട്ടായിരുന്നു. അതുപോലെയാണ് ചെവിയുമായി പോലീസ് സ്റ്റേഷനിൽ പോകാൻ പറ്റാത്ത സാഹചര്യമാണ്. ചെവി അടിച്ചുപൊട്ടിക്കുന്ന ENT Specialist-കളാണ് പോലീസ് സ്റ്റേഷനിലുള്ളത്. ഈ സംഭവങ്ങളിലൊക്കെ നമുക്ക് അത് കാണാൻ സാധിക്കും. വടക്കാഞ്ചേരിയിലെ പോലീസ് കെ.എസ്.യു.-ക്കാരെ കൊണ്ടുപോയത് എങ്ങനെയാണ്? അജ്മൽ അമീർ കസബിനെപ്പോലെയുള്ള ഭീകരവാദികളെ കൊണ്ടുപോകുന്നതുപോലെ മുഖം മുഴുവൻ കറുത്ത മുഖംമൂടിയിട്ടാണ് കൊണ്ടുപോയത്. എസ്.എഫ്.ഐ.-കാർക്ക് തലോടലും കെ.എസ്.യു.-

ക്കാരോട് ഈ വിധത്തിലൂമാണ് നിങ്ങൾ ചെയ്യുന്നത്. യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ശ്രീ. നേമം സജീറിനെ എത്ര ക്രൂരമായാണ് എസ്.ഐ. ശ്രീ. സമ്പത്ത് എന്ന പോലീസുകാരൻ മർദ്ദിച്ചത്. അതിൽ പരാതി നൽകിയില്ലേ; നിങ്ങൾ എന്തെങ്കിലും നടപടി സ്വീകരിച്ചോ? കോടതിയിൽ പോയി ഏഴ് വർഷത്തിനുശേഷമാണ് കേസ് ചാർജ് ചെയ്തത്. വരാപ്പുഴയിലെ വിനായകൻ എന്ന ദളിത് യുവാവ് പോലീസ് മർദനത്തിൽ കൊല്ലപ്പെട്ടു. ഞങ്ങൾ തന്നെ അവതരിപ്പിച്ച അടിയന്തര പ്രമേയമുണ്ടിവിടെ. താനൂരിലെ താമിർ ജിഫ്രിയെ എത്ര പൈശാചികമായി മലദ്വാരത്തിൽപ്പോലും ലാത്തികയറ്റിയ പോലീസാണ് അങ്ങയുടെത്. അന്ന് ഞങ്ങൾ കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന് ആവശ്യപ്പെട്ടു. നിങ്ങൾ പറഞ്ഞു കേസെടുക്കാൻ പറ്റില്ല. പക്ഷെ ഇപ്പോൾ സി.ബി.ഐ. വന്ന് കൊലക്കുറ്റത്തിന് കേസെടുത്തില്ലേ? നിങ്ങൾ സംരക്ഷിച്ച മലപ്പുറം എസ്.പി. ശ്രീ. സുജിത്ത് ദാസ് കേസിൽ പ്രതിയായില്ലേ? ഇതൊക്കെ അന്ന് ഞങ്ങൾ നിയമസഭയിൽ പറഞ്ഞതാണ്. അപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയും പോലീസിന്റെ വീര്യംകെടുത്തരുത്, ഇവരൊക്കെ നല്ല പോലീസുകാരാണ്. ആ പോലീസും ആഭ്യന്തരവകുപ്പും തമ്മിൽ രാഷ്ട്രീമായ അവിശുദ്ധ ബന്ധമുണ്ട്. നിങ്ങൾ പല കാര്യങ്ങൾക്കും പോലീസിനെ ഉപയോഗിക്കുന്നുണ്ട്. ശ്രീമതി

സ്വപ്ന സുരേഷ് എന്തോ വെളിപ്പെടുത്താൻ പോകുകയാണെന്ന് പറഞ്ഞപ്പോൾ മധ്യസ്ഥം പറയാൻ പോയത് കേരളത്തിലെ ഉന്നതനായ ഒരു പോലീസുകരനാണ്. അപ്പോൾ പോലീസിനെക്കൊണ്ട് ഇത്തരം കാര്യങ്ങൾ ചെയ്യിക്കുമ്പോൾ പോലീസ് കാണിക്കുന്ന ഏത് കാര്യങ്ങളും നിങ്ങൾക്ക് അംഗീകരിക്കേണ്ടിവരും. അതുകഴിഞ്ഞ് ADGP ശ്രീ. അജിത്ത് കുമാറിന്റെ ഇടപെടലുകൾ നമ്മൾ കണ്ടു - ആർ.എസ്.എസ്.-ന്റെ നേതാവ് ശ്രീ. ദത്താത്രേയ ഹൊസബലെയുമായും ശ്രീ. രാം മാധവുമായും സംസാരിച്ചത്. തൃശ്ശൂർ പൂരം കലക്കിയതിൽ ശ്രീ. അജിത്ത് കുമാറിന്റെ പങ്ക് എന്താണെന്ന് എല്ലാവർക്കും അറിയാം. ശ്രീ. അജിത്ത് കുമാർ ആർക്കുവേണ്ടിയാണ് അത് ചെയ്തത്? അങ്ങനെയുള്ള ഒട്ടനവധി ചോദ്യങ്ങളുണ്ട്. സി.പി.ഐ.-യുടെ നേതാവ് ശ്രീ. ഇ. ചന്ദ്രശേഖരൻ ഇവിടെ പ്രസംഗിച്ചത് പോലീസ് ഇവിടെ വളരെ ഭദ്രമാണെന്നാണ്. അദ്ദേഹം സി.പി.ഐ.-യുടെ സംസ്ഥാന സമ്മേളനത്തോട് നീതിപുലർത്തണമായിരുന്നു. ആ സമ്മേളനത്തിൽ ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ടത് ആഭ്യന്തര വകുപ്പിനെയാണ്. ഞങ്ങളിത് പത്രത്തിൽ വായിച്ചതാണ്. ഞങ്ങൾ അതിൽ രഹസ്യവർക്കുകളൊന്നും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എതിരെയാണ് ഏറ്റവും രൂക്ഷമായ വിമർശനം ഉയർന്നതെന്നാണ് ഞങ്ങൾ കേട്ടത്. സിപി.ഐ.-

ക്കാർ ഈ സർക്കാരിലെ അടിയാളന്മാരാണെന്നവരെ സിപി.ഐ.-യുടെ പ്രതിനിധികൾ സംസ്ഥാന സമ്മേളനത്തിൽ പറഞ്ഞു. ഇത്തരത്തിലുള്ള കാര്യങ്ങളല്ലേ നടക്കുന്നത്. സംസ്ഥാന സമ്മേളനത്തിന്റെ വികാരമൊന്ന് ഇവിടെവന്ന് പ്രസംഗിക്കുന്നത് മറ്റൊരു രീതിയിലാണ്. ഇങ്ങനെ പോലീസിനെ കയറൂരിവിട്ട് വലിയ അതിക്രമങ്ങളാണ് ഈ നാട്ടിൽ നടത്തുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിന്റെ ആരംഭത്തിൽത്തന്നെ ആ അതിക്രമം പുറത്തുകൊണ്ടുവന്ന മാധ്യമങ്ങൾക്കെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയുണ്ട്. മാധ്യമങ്ങളെല്ലാം വല്ലാതെ പർവതീകരിക്കുന്നുണ്ടല്ലോ അപ്പോൾ ഒന്ന് ചർച്ച ചെയ്തോട്ടെയെന്നാണ് അദ്ദേഹം പറഞ്ഞത്. മാധ്യമങ്ങൾ അവരുടെ ധർമ്മമാണ് നിർവഹിക്കുന്നത്. അതുകൊണ്ട് ഇവിടെ അവതരിപ്പിച്ച സഭ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്.

<u>ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)</u>: സർ, ശ്രീ. ഇ. ചന്ദ്രശേഖരൻ ഇവിടെ സംസാരിച്ചുകഴിഞ്ഞപ്പോൾ എന്തിനാണ് ഈ ഭൂതത്തെ കുടത്തിൽനിന്ന് ഇറക്കിയതെന്നാണ് എനിക്ക് തോന്നിയത്. അദ്ദേഹം ഇവിടെ പോലീസിന്റെ അതിക്രമത്തെക്കുറിച്ച് നീണ്ട ലിസ്റ്റാണ് അവതരിപ്പിച്ചത്. വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവം ഇപ്പോൾ ഇവിടെ

വാർത്തയായി വരുമ്പോൾ പോലീസ് ഇവിടെ നടത്തുന്ന ധാരാളം ജനകീയ ഇടപെടലുകളെയില്ലാതാക്കാൻ വേണ്ടിയുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഭാഗമായിത്തന്നെ അതിനെ കാണാതിരിക്കാൻ സാധിക്കില്ല. കേരളത്തിലെ പോലീസിനെക്കുറിച്ച് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ ഏറ്റവും അഴിമതി കുറഞ്ഞ പോലീസ് സേനയാണെന്ന് നമ്മുടേതെന്ന് കണ്ടെത്തിയ റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. ആറ് ലക്ഷം എഫ്.ഐ.ആർ.-കളാണ് അവർ കൈകാര്യം ചെയ്യുന്നത്. പത്ത് ലക്ഷത്തോളം പരാതികൾ വരുന്നുണ്ട്. ഇതിലെ conviction rate എന്ന് പറയുന്നത് 90 ശതമാനമാണ്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത രീതിയിൽ കുറ്റവാളികളെ ശിക്ഷിക്കുന്ന രൂപത്തിൽ വളരെ ശാസ്ത്രീയമായി പോലീസ് സേന ഇടപെട്ടുകൊണ്ട് ഇത്രയും കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ഇതിനിടയിൽ ഒറ്റപ്പെട്ട ഒന്നോരണ്ടോ സംഭവങ്ങൾ ഉണ്ടായെന്നത് ശരിയായിരിക്കാം. പക്ഷേ മഹാഭൂരിപക്ഷവും അങ്ങനെയല്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേരളം വർഗീയ കലാപങ്ങളില്ലാത്ത സംസ്ഥാനമാണ്. കേരളത്തിൽ പൊതുവെയുള്ള ക്രമസമാധാനത്തെക്കുറിച്ച് വിദേശത്തുനിന്ന് കടന്നുവരുന്ന ആളുകൾ ഉൾപ്പെടെ ഏറ്റവും മികച്ച അഭിപ്രായമാണ് പറയുന്നത്. നമ്മളൊക്കെ വളരെയേറെ അഭിമാനത്തോടെ ആരാധിക്കുന്ന ഒരാളാണ് ഡോ. ജോസ്

ചാക്കോ പെരിയപ്പുറം. കഴിഞ്ഞ ദിവസം നടത്തിയ ഒരു ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഒരു ഫേസ്ബുക്ക് പോസ്റ്റ് കാണാനിടയായി. അദ്ദേഹം അതിൽ പറയുന്നത് "ഞാൻ അക്ഷമനായിരുന്നു, ഹൃദയം പറന്നെത്തി. ശസ്ത്രക്രിയ വഴി ഒരു ജീവനെ ഉണർത്തേണ്ടതുണ്ട്. കൃത്യസമയത്ത് ഹൃദയം എത്തിക്കണം. തിരുവനന്തപുരം കിംസ് ആശുപത്രിയിൽനിന്ന് എറണാകുളത്തെ ലിസി ആശുപത്രിയിലേയ്ക്ക് ഏതാണ്ട് ഒരു മണിക്കൂർ കൊണ്ട് ഈ ഹൃദയമെത്തിക്കണം." ഫോണിന്റെ മറുവശത്തുനിന്നുള്ള ചോദ്യം ഇതൊക്കെ ചെയ്തില്ലെങ്കിൽ ഞങ്ങളൊക്കെ പോലിസുകാരാണെന്ന് പറയുന്നതിൽ എന്ത് അർഥമാണുള്ളത്. എ.ഡി.ജി.പി., ശ്രീ. ശ്രീജിത്ത് (ഐ.പി.എസ്.) തിരുവനന്തപുരത്തെ ഡോക്ടറോട് പറഞ്ഞ ഒരു വാചകമാണിത്. പോലീസിന്റെ ഇടപെടൽ കൊണ്ടാണ് യഥാർഥത്തിൽ ഇന്ന് കൊല്ലം സ്വദേശിയായ ആ പതിമൂന്ന് കാരിയുടെ ഹൃദയമിടിക്കുന്നതെന്നത് കേരള പോലീസ് നടത്തിയിട്ടുള്ള ഏറ്റവും മികച്ച സേവനത്തിന്റെ ഭാഗമാണ്. എന്റെ നിയോജകമണ്ഡലത്തിൽ കോടതി വിധി പ്രകാരം ശ്രീമതി ബബിത ഷാനവാസിന്റെ കുടുംബത്തെ പോലീസ് ഇറക്കിവിട്ട ഒരു സംഭവമുണ്ടായിരുന്നു. അതേ കാഞ്ഞിരപ്പള്ളി പോലീസുതന്നെ അവർക്ക് കാഞ്ഞിരപ്പള്ളിയിലെ പട്ടിമറ്റം എന്ന സ്ഥലത്ത്

വീടുവച്ചുകൊടുത്തു. അവർ സ്വന്തം വീട്ടിൽ താമസിക്കുന്നത് കേരള പോലീസിന്റെ മാതൃകാപരമായ ഇടപെടലിന്റെ ഭാഗമായാണ്. കേരള പോലീസ് ഇതുപോലെ ധാരാളം നല്ല പ്രവർത്തനങ്ങൾ ജനങ്ങൾക്കിയിൽ നടത്തുന്നുണ്ട്. ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ ഒരു വാചകം കൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. 'ഇത്രയേറെ പ്രയത്നിച്ച കേരള പോലീസിനെക്കുറിച്ച് ഇത്രയെങ്കിലും പറഞ്ഞില്ലെങ്കിൽ ഞാൻ എങ്ങനെ മാനവീയത ഉൾക്കൊള്ളുന്ന ഹൃദയ ശസ്ത്രക്രിയ വിദഗ്ധനാകും' എന്ന് അദ്ദേഹം ചോദിച്ച ചോദ്യം അക്ഷരാർഥത്തിൽ അർഥപൂർണ്ണമാണെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ ഒറ്റപ്പെട്ട വിഷയങ്ങളിൽ ഈ സർക്കാരിന്റെ നല്ല പ്രവർത്തനങ്ങളെ തമസ്കരിക്കാനുള്ള നിലപാടുകളെ ഒരിക്കൽക്കൂടി എതിർക്കുകയാണ്. ഞാൻ എന്റെ വാക്കുകൾ നിർത്തുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, കേരള പോലീസ് സേന രൂപീകൃതമായത് 2016-ൽ ശ്രീ. പിണറായി വിജയൻ അധികാരത്തിൽ വന്നതിനുശേഷമാണെന്ന രീതിയിലാണ് പ്രതിപക്ഷത്തെ ചില അംഗങ്ങൾ അവരുടെ പ്രസംഗങ്ങൾ തുടങ്ങിയതും അവസാനിപ്പിച്ചതും. ഈ ചർച്ചകളുടെ അവസാനം ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറുപടി

പറയാൻ എഴുന്നേൽക്കുമ്പോൾ സഭ ബഹിഷ്കരിച്ച് പോകാതിരിക്കാൻ പ്രതിപക്ഷാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ഞാൻ ആദ്യമേ അഭ്യർത്ഥിക്കുന്നത്. എല്ലാ രംഗത്തും പുഴക്കുത്തുകളുണ്ടെന്നത് ശരിയാണ്. ഉദ്യോഗസ്ഥമേഖലയിലും പോലീസ് മേഖലയിലും രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിലുമെല്ലാം ഇത്തരം പുഴക്കുത്തുകളുണ്ട്. ഒരു കുട്ടിയുടെ ജനിക്കാനുള്ള അവകാശത്തെ നിഷേധിച്ച് ഭ്രൂണാവസ്ഥയിൽത്തന്നെ അതിനെ കൊന്നുകളഞ്ഞുവെന്ന ആരോപണം നേരിടുന്ന ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ.-യെ പോലെയാണോ എല്ലാ യൂത്ത് കോൺഗ്രസ് നേതാക്കളും മറ്റെല്ലാ കോൺഗ്രസ് നേതാക്കളും? ഒരിക്കലുമല്ല. ഈ സഭയിലിരിക്കുന്ന കോൺഗ്രസിന്റെയും യൂത്ത് കോൺഗ്രസിന്റെയുമൊക്കെ നേതാക്കന്മാർ, അവരെ ഞാൻ ആ ഗണത്തിലല്ല ഉൾപ്പെടുത്തുന്നത്. യൂത്ത് ലീഗിന്റെ പ്രവർത്തനം നാട്ടിൽ നടത്തുകയും അഞ്ചേകാൽ ലക്ഷം രൂപ ഗൾഫിൽ നിന്ന് ശമ്പളം പറ്റുകയും ചെയ്യുന്ന മായാവിയായിട്ടുള്ള രാഷ്ട്രീയക്കാരൻ ശ്രീ. പി. കെ. ഫിറോസിനെപ്പോലെയാണ് മറ്റെല്ലാ യൂത്ത് ലീഗുകാരുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇവരൊക്കെ പുഴക്കുത്തുകളാണ്. അവരെപ്പോലെയാണ് മറ്റെല്ലാ ലീഗുകാരുമെന്ന് നമുക്കൊരിക്കലും പറയാൻ കഴിയില്ല. എന്റെ സുഹൃത്തുക്കളായ ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പി.

ഉബൈദുള്ള എന്നിവർ അങ്ങനെയുള്ള ആൾക്കാരല്ല. അവർ അങ്ങനെയാണെന്നല്ല ഞാൻ പറഞ്ഞത്. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, ശ്രീ. പി. കെ. ഫിറോസ് എന്നിവരെപ്പോലെയാണ് കോൺഗ്രസുകാരും ലീഗുകാരും എന്ന് പറയുന്നതുപോലെയാണ്, പോലീസിലെ ചില പുഴുക്കുത്തുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവരെപ്പോലെയാണ് കേരള പോലീസ് എന്നുപറയുന്നത്. ഏറ്റവും വലിയ പോലീസ് മർദനത്തിന് വിധേയരായിട്ടുള്ളവർ ആരാണ്; പ്രതിപക്ഷത്ത് ഇരിക്കുന്നവരാണോ അതോ ഭരണപക്ഷത്ത് ഇരിക്കുന്നവരാണോ? കേരളത്തിന്റെ മുഖ്യമന്ത്രിയുടെ കസേരയിലിരിക്കുന്ന ശ്രീ. പിണറായി വിജയൻ എത്ര വലിയ പോലീസ് അതിക്രമങ്ങൾക്ക് വിധേയനായിട്ടുണ്ടെന്ന് നിങ്ങളുടെ ഭാഗത്തുനിന്ന് പരാമർശിച്ചല്ലോ; അദ്ദേഹത്തിന്റെ പ്രസംഗംതന്നെ ഇവിടെ ഉദ്ധരിക്കുകയുണ്ടായി. തുടർന്ന് ആ യുവ എം.എൽ.എ. ഈ സഭയിൽ പറഞ്ഞ കാര്യങ്ങളിൽ അന്നത്തെ യു.ഡി.എഫ്. സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചത്; ടി പോലീസുകാരെ എന്തുതരം അച്ചടക്ക നടപടിക്കാണ് വിധേയമാക്കിയത്; അവരെ പുറത്താക്കിയോ? ഇല്ല. അവർക്ക് സസ്പെൻഷൻ പോലും കൊടുത്തിട്ടില്ല. കേരളത്തിന്റെ മുഖ്യമന്ത്രി മാത്രമല്ല, ഇപ്പോഴത്തെ തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി.

വാസവൻ വലിയ പോലീസ് മർദനത്തിന് വിധേയനായിട്ടുണ്ട്. മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണനെ കക്കയം ക്യാമ്പിൽ കൊണ്ടുപോയി പോലീസ് മർദിച്ചിട്ടുണ്ട്. അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ? മുൻമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ അടിയന്തരാവസ്ഥ കാലത്ത് എന്തുമാത്രം പീഡനങ്ങൾ നേരിട്ടിട്ടുണ്ടെന്ന് അറിയാമോ; പൊന്നാനി എം.എൽ.എ. ശ്രീ. പി. നന്ദകുമാർ അടിയന്തരാവസ്ഥ കാലത്ത് ഒരുപാട് അതിക്രമങ്ങൾക്ക് വിധേയനായിട്ടുണ്ട്. കൂടാതെ ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യും അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ട്. ഈ ആളുകളെയൊക്കെ ആക്രമിച്ച പോലീസുകാർക്കെതിരായി അന്നത്തെ യു.ഡി.എഫ്. സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചത്? ഞാനന്ന് ചെറിയ കുട്ടിയായിരുന്നു. ശ്രീ. യു. എ. ലത്തീഫ്, താങ്കളെപ്പോലെ ഞാനന്ന് ചെറുപ്പക്കാരനോ മധ്യവയസ്കനോ ആയിരുന്നെങ്കിൽ തീർച്ചയായും അതിനെതിരെ ശബ്ദിക്കുമായിരുന്നു. അന്ന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരള ചരിത്രത്തിലാദ്യമായി, പോലീസ് സേനയിലെ ഉദ്യോഗസ്ഥരെ പിരിച്ചുവിടണമെന്ന നടപടി സ്വീകരിച്ച മുഖ്യമന്ത്രിയാണ് ഇന്ന് കേരളം ഭരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ഏതെങ്കിലുമൊരു ആഭ്യന്തര വകുപ്പുമന്ത്രിയുടെ കാലത്തോ മുഖ്യമന്ത്രിയുടെ കാലത്തോ കുറ്റം ചെയ്ത

ഏതെങ്കിലുമൊരു ഹെഡ് കോൺസ്റ്റബിളിനെ കേരള പോലീസ് സേനയിൽ നിന്ന് എന്നെന്നേക്കുമായി പിരിച്ചുവിട്ടിട്ടുണ്ടോ; ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായതിനുശേഷം, 144 പോലീസ് ഉദ്യോഗസ്ഥരെയാണ് കേരള പോലീസ് സേനയിൽ നിന്ന് എന്നെന്നേക്കുമായി മാറ്റി നിർത്തിയത്. സസ്പെൻഷൻ നൽകുകയോ അച്ചടക്ക നടപടി സ്വീകരിച്ച് ഇൻക്രിമെന്റ് കട്ട് ചെയ്യുകയോ അല്ല ചെയ്തത്. എന്നന്നേക്കുമായി പിരിച്ചുവിടുകയാണ് ചെയ്തത്. പ്രതിപക്ഷം അധികാരത്തിലിരുന്നപ്പോൾ ഒരാളെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ; കോൺഗ്രസ് നേതാക്കൾക്കോ മുസ്ലീം ലീഗ് നേതാക്കൾക്കോ പറയാൻ സാധിക്കുമോ? കോഴിക്കോട് റീജിയണൽ എഞ്ചിനീയറിങ് കോളേജ് വിദ്യാർഥിയായിരുന്ന രാജൻ എന്ന മിടുക്കനായ വിദ്യാർഥിയെ ഉരുട്ടിക്കൊന്നതിനുശേഷം മൃതദേഹം കുടുംബക്കാർക്ക് കൊടുക്കാതെ കത്തിച്ച് ചാമ്പലാക്കി. ഇത്തരം കാര്യങ്ങൾ അമേരിക്കയിലൊക്കെ ചെയ്യാറുണ്ടെന്ന് നാം കേട്ടിട്ടുണ്ട്. 40 വർഷക്കാലം ലിബിയയുടെ പ്രസിഡന്റായിരുന്ന മുഅമ്മർ മുഹമ്മദ് അബു മിനിയാർ അൽ-ഗദ്ദാഫി എന്ന മനുഷ്യനെ കൊന്നതിനുശേഷം അദ്ദേഹത്തിന്റെ മൃതദേഹം കുടുംബക്കാർക്ക് നൽകിയില്ല. അവർ കൊണ്ടുപോയി കത്തിച്ച് നശിപ്പിച്ച്

എവിടെയോ ഉപേക്ഷിച്ചു. വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെ മലപ്പുറത്തെ ഒരു കുന്നിൻചെരുവിൽ വച്ച് വെടിവച്ചുകൊന്ന ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ മൃതദേഹവും ആർക്കും കൊടുത്തില്ല. എവിടെയോ കൊണ്ടുപോയി കത്തിച്ച് കടലിൽ മുക്കിത്താഴ്ത്തിയെന്നാണ് ചരിത്രം പറയുന്നത്. റീജിയണൽ എഞ്ചിനീയറിങ് കോളേജിൽ വിദ്യാർഥിയായിരുന്ന രാജൻ എന്ന മിടുക്കനായ കുട്ടിയെ കൊന്നശേഷം മൃതദേഹംപോലും കുടുംബക്കാർക്ക് കൊടുക്കാതെ കത്തിച്ച് ചാമ്പലാക്കിയത് ആര് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ്? യു.ഡി.എഫ്. ഭരിച്ചിരുന്ന, മുസ്ലീം ലീഗിന് ഭരണ പങ്കാളിത്തമുള്ള സർക്കാർ അതായത് കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാർ നമ്മുടെ നാട് ഭരിക്കുന്ന സമയത്തല്ലേ അത് സംഭവിക്കുന്നത്; യു.ഡി.എഫ്. ഭരണകാലത്ത് ആലപ്പുഴ ലജ്നത്തുൽ മുഹമ്മദിയയുടെ നേതൃത്വത്തിൽ ഒരു വലിയ നബിദിന റാലി നടക്കുകയുണ്ടായി. അന്ന് നബിദിന റാലിയിലേക്ക് പോലീസ് വെടിവയ്പ്പുണ്ടായി. അതെങ്ങാനും ഇന്നത്തെ കാലത്താണ് നടന്നിരുന്നതെങ്കിൽ, നിങ്ങൾ കേരളം ചുട്ട് ചാമ്പലാക്കുമായിരുന്നു. അന്ന് ആലപ്പുഴയുടെ മണ്ണിൽ രണ്ട് പേരാണ് മരിച്ചുവീണതെന്ന കാര്യം നിങ്ങൾ മറന്നുപോകരുത്. സിറാജുന്നിസ എന്ന പെൺകുട്ടിയെ നിങ്ങൾ

മറന്നുപോയോ? പതിനൊന്ന് വയസ്സ് മാത്രം പ്രായമുള്ള എട്ടുംപൊട്ടും തിരിയാത്ത ആ പെൺകുട്ടി തന്റെ വീടിന്റെ മുറ്റത്ത് കളിച്ചുകൊണ്ടിരിക്കവെയാണ് പോലീസിന്റെ വെടിയേറ്റ് മരിച്ചത്. അന്ന് ലീഗിന്റെ ഭരണത്തിൻ കീഴിലായിരുന്നു. ബി.ജെ.പി. അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. മുരളി മനോഹർ ജോഷി നടത്തിയ ഏകതാ യാത്രയുടെ ഉപജാഥ എന്ന നിലയിൽ മുസ്ലീം സാന്ദ്രീകൃത മേഖലാ പ്രദേശത്തിലൂടെ ബി.ജെ.പി.-യുടെ റാലിക്ക് കടന്നുപോകാൻ ആരാണ് അനുവാദം നൽകിയത്; അതിന് അനുവാദം നൽകിയതുകൊണ്ടല്ലേ യഥാർഥത്തിൽ സിറാജുന്നിസ വെടിയേറ്റ് മരിക്കുന്ന സാഹചര്യമുണ്ടായത്. ഇതുപോലെ എത്രയെത്ര സംഭവങ്ങളും പൊലീസ് അതിക്രമങ്ങളും കസ്റ്റഡി മരണങ്ങളുമാണ് നടന്നിട്ടുള്ളത്. ആ കസ്റ്റഡി മരണങ്ങൾ അന്വേഷിക്കേണ്ടത് കേരളത്തിലെ പോലീസല്ലെന്നും ടി വിഷയങ്ങൾ കേന്ദ്ര ഏജൻസികളോ ബാഹ്യ ഏജൻസികളോ അന്വേഷിക്കണമെന്നും തീരുമാനിച്ച ഒരു മുഖ്യമന്ത്രിയാണ് ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയുടെ കസേരയിലിരിക്കുന്നതെന്ന കാര്യം നിങ്ങൾ മറക്കരുത്. ഇത്തരം പുഴക്കുത്തുകളെ ഒരു സേനയിലും വച്ചുപൊറുപ്പിക്കില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. രണ്ടരവർഷം മുമ്പുനടന്ന ഒരു സംഭവം ഇന്ന് നിങ്ങൾ

ഉയർത്തിക്കൊണ്ടുവന്നപ്പോൾ അത് മാധ്യമങ്ങളിലൂടെ പ്രചരിച്ചപ്പോൾ ഉടൻതന്നെ പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്ത നിലപാട് സ്വീകരിച്ച ഈ മുഖ്യമന്ത്രിയെ നിങ്ങൾക്കെങ്ങനെയാണ് വിമർശിക്കാൻ കഴിയുന്നത്? ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ അതിശക്തമായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, കേരളത്തിലെ പോലീസ് ലോക്കപ്പുകൾ മൂന്നാംമുറ കേന്ദ്രങ്ങളായി മാറുന്ന സംഭവങ്ങളാണ് സമീപകാലത്ത് കാണാൻ സാധിച്ചത്. പരാതി കൊടുക്കാൻ പോലീസ് സ്റ്റേഷനിലേക്ക് നടന്നുപോകുന്ന ആളുകൾ ആംബുലൻസിൽ മടങ്ങിപ്പോകേണ്ട ഗതികേടാണ് ഇന്ന് കേരളത്തിലുള്ളത്. ജനമൈത്രി സ്റ്റേഷനുകൾ കൊലമൈത്രി സ്റ്റേഷനുകളായി മാറുകയാണ്. പോലീസ് സ്റ്റേഷനുകൾ ഗുണ്ടാ സ്റ്റേഷനുകളായി മാറരുതെന്നാണ് ഓർമ്മിപ്പിക്കാനുള്ളത്. ജോലിക്കുപോയ വീട്ടിൽ നിന്ന് മാല മോഷ്ടിച്ചെന്ന വ്യാജ ആരോപണത്തിന് വിധേയയായ ബിന്ദു എന്ന സ്ത്രീയുടെ കാര്യം ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 20 മണിക്കൂർ സമയം പോലീസ് സ്റ്റേഷനിൽ ഇരിക്കേണ്ടിയും വെള്ളം കുടിക്കാൻ ശുചിമുറിയിൽ പോകേണ്ടിയും വന്ന ഒരാളുടെ ഗതികേട് തീർച്ചയായും ചർച്ച ചെയ്യപ്പെടേണ്ടതാണ്. സ്വന്തം മുന്നണിയിൽപ്പെട്ടവർക്കുപോലും

രക്ഷയില്ലെന്ന അവസ്ഥയാണ് കേരളത്തിലുള്ളത്. വടകരയിലെ വില്യാപ്പള്ളിയിൽ ഏതാനും മാസങ്ങൾക്കുമുമ്പ് ആർ.ജെ.ഡി.-യുടെ ഒരു പരിപാടി സംഘടിപ്പിച്ചിരുന്നു. അതിൽ കസേരകളും വേദിയുമെല്ലാം അഗ്നിക്കിരയാക്കുന്ന ഒരു സംഭവമുണ്ടായി. ആയതിന്മേൽ പോലീസ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ സംഭവത്തിന്റെ തുടർച്ചയെന്നോണം ഒരു പ്രവർത്തകനുനേരെ ഇന്നലെ വധശ്രമമുണ്ടായതായും അറിയാൻ കഴിഞ്ഞു. ഭാഗ്യവശാൽ അയാൾക്ക് മറ്റൊന്നും പറ്റിയില്ല. പോലീസിന്റെ നിഷ്ക്രിയത്വമാണ് ഇതിലൂടെ പ്രകടമാകുന്നത്. വടകരയിൽ നടന്ന മറ്റൊരു സംഭവം ചൂണ്ടിക്കാണിക്കാം. എസ്.എൻ.ഡി.പി. നേതാക്കൾക്കുനേരെയും അവരുടെ വീടുകൾക്കുനേരെയും തുടർച്ചയായി ആക്രമണമുണ്ടായിട്ടുണ്ട്. എട്ട് തവണയാണ് അവരുടെ വീടുകൾ ആക്രമിക്കപ്പെട്ടത്. എന്നിട്ടും പോലീസിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയുമുണ്ടായില്ല. ആയഞ്ചേരി എന്ന സ്ഥലത്തെ കുനീമ്മൽ രാജീവൻ എന്ന വ്യക്തിയുടെ മരണം മർദനത്തിന് ഇരയായിട്ടാണെന്ന കാരണത്താൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടെങ്കിലും ഒരു നടപടിയുമുണ്ടാകാത്ത സ്ഥിതിയാണുള്ളത്. സുപ്രീം കോടതിയും മനുഷ്യാവകാശ പ്രവർത്തകരും ഇടപെട്ടാണ് പോലീസ് സ്റ്റേഷനിൽ

സി.സി.ടി.വി. സ്ഥാപിച്ചത്. എന്നിട്ടും സി.സി.ടി.വി.-യുടെ മുന്നിൽവച്ച് നിരപരാധികളെ തല്ലിച്ചതയ്ക്കാൻ പോലീസിന് ധൈര്യം ലഭിക്കുന്നത് പാർട്ടിയുടെയും ആഭ്യന്തര വകുപ്പുമന്ത്രിയുടെയും പിന്തുണയുള്ളതുകൊണ്ടാണ്. പോലീസ് സേനയ്ക്കുള്ളിൽ പാർട്ടി ഘടകങ്ങളാണ് ഇപ്പോഴും ഭരണം നടത്തുന്നത്. പാർട്ടിയുടെ ഏര്യാകമ്മിറ്റി ഘടകങ്ങൾ വരെ പോലീസ് സേനയിലുണ്ടെന്നാണ് പറയപ്പെടുന്നത്. ആർ.എസ്.എസ്.-മായി ചർച്ച നടത്തിയ എ.ഡി.ജി.പി. ശ്രീ. എം. ആർ. അജിത് കുമാറിനെ സംരക്ഷിക്കുന്ന ആഭ്യന്തരവകുപ്പിനെയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. പോലീസ് സ്റ്റേഷനിൽ പോയി പരാതി കൊടുക്കാൻ സ്ത്രീകൾ ഉൾപ്പെടെയുള്ള ആളുകൾ എല്ലാ അർത്ഥത്തിലും ഭയപ്പെടുന്ന ഒരു സാഹചര്യമാണ് കേരളത്തിൽ നിലവിലുള്ളത്. മാങ്ങ മോഷ്ടിച്ച കേസിനും കോഫി വെൻഡിങ് മെഷീൻ സ്ഥാപിച്ചതിനും പോലീസുകാരെ സർവീസിൽ നിന്ന് പിരിച്ചുവിട്ട ഈ നാട്ടിൽ, ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയാകുന്ന പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽ തുടരാൻ അനുവദിക്കരുത്. ഇത്തരത്തിൽ പുറത്തുവന്നതും വരാത്തതുമായ കേസുകളിന്മേൽ ശക്തമായ നടപടിയെടുക്കാൻ തയ്യാറാകണമെന്ന് ആവർത്തിക്കുകയാണ്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ

ശക്തമായി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇന്ന് പ്രതിപക്ഷം അവതരിപ്പിക്കാൻ ഉദ്ദേശിച്ച അടിയന്തരപ്രമേയത്തിന് അനുമതി നൽകി ചർച്ച ചെയ്യുന്നതിന് തയ്യാറായ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെയും കേരളത്തിലെ മുഖ്യമന്ത്രിയെയും ഞാൻ അനുകൂലിക്കുകയാണ്. ഒന്നുസംസാരിച്ചിട്ട് ഇറങ്ങിപ്പോകാൻ തയ്യാറെടുത്തായിരുന്നു പ്രതിപക്ഷം വന്നത്. സാധാരണ രാവിലെ സബ്മിഷൻ നൽകാൻ യു.ഡി.എഫ്. അംഗങ്ങൾക്ക് തിക്കും തിരക്കുമാണ്. പക്ഷേ ഇന്ന് അവർ സബ്മിഷനൊന്നും നൽകിയില്ല. രാവിലെ കക്ഷി നേതാക്കളെല്ലാംകൂടി സംസാരിച്ച് പ്രതിപക്ഷ നേതാവിന്റെ ദീർഘമായ പ്രസംഗം നടത്തിയതിനുശേഷം പ്രസ് റൂമിൽപോയി പത്രസമ്മേളനം നടത്തി അവസാനിപ്പിക്കാമെന്നുള്ള രീതിയായിരുന്നു അവർക്കുണ്ടായിരുന്നത്, അത് ചീറ്റിപ്പോയി. സാധാരണഗതിയിൽ ഇത്തരം കാര്യങ്ങൾ മനോഹരമായി അവതരിപ്പിക്കുന്ന ഒരാളാണ് ശ്രീ. റോജി എം. ജോൺ. പക്ഷേ ഇന്നത്തെ അദ്ദേഹത്തിന്റെ അവതരണം ഏറ്റില്ല, നനഞ്ഞ പടക്കം പോലെയായിയെന്നത് വളരെ സങ്കടത്തോടുകൂടി ഞാൻ കാണുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ പോലീസ് ഒരു ജനമൈത്രി പോലീസാണ്. അറുപത്തി

അയ്യായിരത്തിലധികം പോലീസ് സേനാംഗങ്ങളുള്ള നമ്മുടെ സംസ്ഥാനത്തെ പോലീസ് സേനയിൽ ഏതെങ്കിലും ഒരു പോലീസ് സ്റ്റേഷനിലെ ഒരു പോലീസുകാരൻ ചെയ്ത മോശമായ പ്രവൃത്തിയെ സംസ്ഥാനത്തെ പോലീസ് സേനയെ ആകെ അടച്ചാക്ഷേപിക്കുന്നതിനായി ഉപയോഗിക്കുന്നത് ശരിയാണോയെന്ന് നിങ്ങൾ ചിന്തിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. രണ്ടര വർഷത്തിനുമുമ്പ് നടന്ന സംഭവത്തിൽ എന്തുകൊണ്ടാണ് നിങ്ങൾ അന്ന് പ്രതികരിക്കാതിരുന്നത്? ആ സംഭവത്തിനുമുമ്പ് നടന്നതായിട്ടുള്ള കാര്യങ്ങൾ ശരിയല്ലെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലല്ലേ കോൺഗ്രസ്സുകാർ അന്ന് പ്രതിഷേധ പ്രകടനംപോലും നടത്താതെ അല്ലെങ്കിൽ അതിനുശേഷം നടന്ന ആറേഴ് സമ്മേളന കാലയളവിൽ ടി വിഷയം ഒരു സബ്മിഷന്റെ രൂപത്തിൽപോലും അവതരിപ്പിക്കാൻ ശ്രമിക്കാതെ ഇരുന്നതിന്റെ കാര്യമെന്താണ്? അന്ന് ആ ചെറുപ്പക്കാരൻ ചെയ്തതിനോട് നിങ്ങൾക്ക് അതൃപ്തിയുണ്ടായിരുന്നുവെന്നുള്ളത് തന്നെയാണ് അതിന് ആധാരമായി നമുക്ക് കാണാൻ സാധിക്കുന്നത്. ആ ചെറുപ്പക്കാരന്റെ പ്രവൃത്തിയെ നിങ്ങളും അംഗീകരിക്കുന്നില്ല. പോലീസിന്റെ പ്രവൃത്തിയെ ഞങ്ങളാരും ന്യായീകരിക്കുന്നില്ല. രണ്ടരവർഷത്തിനുശേഷമാണ് ഞങ്ങളും ഇക്കാര്യം അറിയുന്നത്. ഉടൻതന്നെ ഗവൺമെന്റ് ശക്തമായ നടപടിയാണ്

സ്വീകരിക്കാൻ തയ്യാറായത്. രണ്ടരവർഷത്തിന് മുമ്പുള്ള കാര്യമാണെന്ന് പറഞ്ഞ് വെറുതെയിരിക്കാൻ ശ്രമിച്ചില്ല, കർശന നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായി. നിങ്ങൾ എന്തുകൊണ്ട് രണ്ടരവർഷക്കാലം ഇക്കാര്യം പൂഴ്ത്തിവച്ചു, മിണ്ടിയില്ല, ചെറിയ പ്രതിഷേധംപോലും നടത്തിയില്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് നിവേദനം നൽകാൻ തയ്യാറായില്ല. ഒരു സബ്മിഷൻപോലും എന്തുകൊണ്ട് ഈ സഭയിൽ നിങ്ങൾ അവതരിപ്പിച്ചില്ല, നിങ്ങൾ അതിന് കൃത്യമായി മറുപടി പറയാൻ തയ്യാറാകണം. അയാൾ അന്നും മർദ്ദനത്തിന്റെ കാര്യം പറയാതിരുന്നു എന്നാണോ? ഈ മർദ്ദനത്തിന് വിധേയനായ, ഒരിക്കലും മദ്യം തൊട്ടുതീണ്ടിയിട്ടില്ലാത്ത, സസ്യഭുക്കായ, അമ്പലവാസിയായ സുജിത്ത് എന്ന ചെറുപ്പക്കാരൻ അന്നും കോൺഗ്രസ്സുകാരോടുപോലും തനിക്ക് ഉണ്ടായിട്ടുള്ള മർദ്ദനത്തെക്കുറിച്ച് പറയാതിരുന്നതിനാലാണോ ഇങ്ങനെ സംഭവിച്ചത്. അക്കാര്യത്തെക്കുറിച്ച് സംസാരിക്കണമെന്നാണ് വളരെ സ്നേഹത്തോടുകൂടി അഭ്യർത്ഥിക്കാനുള്ളത്.

നമ്മുടെ സംസ്ഥാനത്തെ പോലീസ് ജനാഭിമുഖ്യത്തിൽ ഇന്ത്യയിൽ ഒന്നാമതാണ്. ദുരന്തമുഖത്ത് കേരളാ പോലീസിന്റെ സേവനം നമ്മൾ കണ്ടതാണ്. നമുക്ക് ആർക്കും അത് നിഷേധിക്കാൻ കഴിയില്ല. ശാസ്ത്രീയമായ അന്വേഷണ മികവിൽ ഇന്ത്യയിലെ ഏത്

ഏജൻസികൾക്കുമൊപ്പം നിൽക്കുന്ന സംവിധാനമാണ് നമ്മുടെ സംസ്ഥാന പോലീസിനുള്ളത്. പത്ത് വർഷമായി നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയ കലാപങ്ങളോ വലിയ സംഘർഷങ്ങളോ ഇല്ലാത്ത നാടായി കേരളത്തെ മാറ്റിയത് ഈ കാവൽക്കാരാണെന്ന കാര്യം നിങ്ങൾ രാഷ്ട്രീയമായ അന്ധതയുടെ പേരിൽ ഒരിക്കലും മറന്നുപോകരുത്. ഈ വർഷംമാത്രം പത്തിലേറെ ദേശീയ അംഗീകാരമാണ് നമ്മുടെ സംസ്ഥാന പോലീസിനെ തേടിയെത്തിയത്. പുഴക്കുത്തുകളുണ്ടായാൽ അവർക്കെതിരെ മുഖം നോക്കാതെയാണ് ഈ ഗവൺമെന്റ് നടപടിയെടുക്കുന്നത്. കുറ്റക്കാരായിട്ടുള്ള 116 പോലീസുകാരെയാണ് ജോലിയിൽനിന്ന് പിരിച്ചുവിട്ടത്. ഈ സർക്കാരിന്റെ കീഴിൽ, നേരിന്റെ വഴിയിൽ 'മൃദു ഭാവേ, ദൃഢ കൃത്യേ' കേരള പോലീസ് നമുക്കായി കാവലിരിക്കുമെന്ന് നാടിന് ഉറപ്പുണ്ട്. അതാണ് നമ്മുടെ സംസ്ഥാന പോലീസിന്റെ അവസ്ഥയെന്ന് പറയുന്നത്. ക്രമസമാധാനം സംരക്ഷിക്കാനും നിയമം കൈയിലെടുക്കുന്നവരെ നിയന്ത്രിക്കാനും പോലീസിന് സ്വാഭാവികമായും ബലം പ്രയോഗിക്കേണ്ടിവരും. ജനങ്ങൾക്കുവേണ്ടിയാണ് ആ ഉത്തരവാദിത്വം പോലീസ് നിർവഹിക്കുന്നത്. എന്നാൽ കസ്റ്റഡി മർദ്ദനംപോലുള്ള സംഭവങ്ങൾ ഒരിക്കലും നമ്മുടെ സംസ്ഥാനത്തെ പോലീസ് സ്വീകരിക്കുന്നത്

അംഗീകരിക്കുന്ന ഒരു സർക്കാരല്ല നമ്മുടേത്. കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കും. സാധാരണക്കാരന് എപ്പോൾ വേണമെങ്കിലും കയറിചെല്ലാവുന്ന ഇടമായി നമ്മുടെ സംസ്ഥാനത്തിലെ പോലീസ് സ്റ്റേഷനുകളെ മാറ്റിയത് ഈ സമീപനമാണ്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റാണ് ആദ്യമായി പോലീസിന് ജനകീയമായിട്ടുള്ള മുഖം നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചത്. അതുവരെയുള്ള പോലീസ് മർദ്ദന ഉപകരണം തന്നെയായിരുന്നു. സമരം ചെയ്യുന്നവരെ മർദ്ദിക്കുക, കുടിയൊഴിപ്പിക്കുന്നതിനുവേണ്ടി ജന്മിമാർക്ക് കൂട്ട് നിൽക്കുക അങ്ങനെയുള്ള ഒരു കാടൻ പോലീസായിരുന്നു നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്നത്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റ്, സമരങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ലെന്നും തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടരുതെന്നുമുള്ള ഒരു നയം ആദ്യമായി നടപ്പാക്കിയതിന്റെ ഭാഗമായാണ് ഈ മാറ്റം ഉണ്ടായിട്ടുള്ളത്. എപ്പോഴെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴെല്ലാം നമ്മുടെ സംസ്ഥാനത്തിലെ പോലീസ് സേനയെ നവീകരിക്കാനും പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കാനും വേണ്ടിയുള്ള പരിശ്രമം നടത്തിയിട്ടുണ്ടെന്നുള്ളത് നമുക്ക് കാണാൻ കഴിയും. ജനമൈത്രി

പോലീസിന് യാത്രയയപ്പ് നൽകുന്ന ഒരു ചടങ്ങിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചു. ഒരു പ്രദേശത്ത് രാത്രി സഞ്ചാരം നടത്തുന്ന പോലീസുകാരന് നാട്ടുകാർ നൽകിയ യാത്രയയപ്പ് കണ്ടപ്പോൾ സത്യത്തിൽ എനിക്ക് അഭിമാനം തോന്നി. നമ്മുടെ സംസ്ഥാനത്തിലെ മഹാഭൂരിപക്ഷം പോലീസുകാരെയും ജനങ്ങളെ സേവിക്കുന്നവരായി മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞു. പഴയ കാര്യങ്ങളൊന്നും പറയരുതെന്നാണ് നിങ്ങൾ പറയുന്നത്, സ്വാഭാവികമായിട്ടും പറയേണ്ടി വരില്ലേ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രി ശ്രീ. വി. എൻ. വാസവനും നേരെ ഉണ്ടായിട്ടുള്ള ഭീകരമായ മർദ്ദനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ നിരയിലിരിക്കുന്ന ധാരാളം പേർ ഭീകരമായിട്ടുള്ള കൊടിയ മർദ്ദനങ്ങൾക്കും നിങ്ങളുടെ പോലീസിന്റെ കാടൻ ആക്രമണങ്ങൾക്കും വിധേയരായിട്ടുള്ളവരാണ്. പ്രതിപക്ഷനിരയിൽ ഇരിക്കുന്നവരെ പോലീസ് മർദ്ദിച്ചതായിട്ടോ ആക്ഷേപം പറഞ്ഞതായിട്ടോ നമുക്ക് കാണാൻ സാധിക്കുമോ? ഇല്ല, നിങ്ങൾ എന്തെല്ലാം ചെയ്തുയെന്നത് സംബന്ധിച്ചും നിങ്ങളുടെ ഭരണകാലമെന്നത് നരവേട്ടയുടെ ദുരന്തകാലമായിരുന്നുയെന്നുമുള്ള കാര്യം നമുക്ക് വിസ്മരിക്കാൻ കഴിയുന്നതാണോ. ആദിവാസിയെ വെടിവച്ചുകൊന്ന ഗവൺമെന്റല്ലേ നിങ്ങളുടേത്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് എസ്.എൻ.ഡി.പി.

ശാഖാ സെക്രട്ടറിയെ മലം തീറ്റിച്ചുയെന്ന വിഷയം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു, ഇടുക്കിയിലാണ് ആ സംഭവം. 2001 നവംബർ 11-ാം തീയതി സാക്ഷി മൊഴി എടുക്കാൻ വിളിപ്പിച്ച എസ്.എൻ.ഡി.പി. പന്നിയാർ ശാഖ സെക്രട്ടറിയെ അതിക്രൂരമായി മർദ്ദിച്ച് മലം തീറ്റിച്ച സംഭവം അരങ്ങേറിയത് രാജക്കാട് പോലീസ് സ്റ്റേഷനിലായിരുന്നുയെന്ന കാര്യം മറക്കണ്ട, അന്ന് യു.ഡി.എഫ്.-ന്റെ ഭരണമായിരുന്നു. നബിദിന ഘോഷയാത്രയിലെ ആക്രമണത്തെ സംബന്ധിച്ചും അന്നത്തെ വെടിവയ്പിനെ സംബന്ധിച്ചും ഇവിടെ സൂചിപ്പിച്ചു. ഉമ്മൻ ചാണ്ടിയുടെ നാസിപ്പട അന്ന് ഷോക്ക് അടിപ്പിച്ച് രസിപ്പിച്ച ഒരു നാടായിരുന്നു. വിദ്യാർഥികൾക്കുനേരെ ചരിത്രത്തിലാദ്യമായി ഇലക്ട്രിക് ബാറ്റൺ പ്രയോഗിച്ചത് ഉമ്മൻ ചാണ്ടി സർക്കാരാണ്. 2004 ഒക്ടോബർ 18-ന് കണ്ണൂർ പരിയാരത്തുവച്ചാണ് യു.ഡി.എഫ്. പോലീസിന്റെ നാസി മുഖം കേരളം കണ്ടത്. സഹകരണ മെഡിക്കൽ കോളേജിന്റെ മറവിൽ നടത്തിയ കൊള്ളയ്ക്കെതിരെ പ്രതിഷേധിച്ച വിദ്യാർഥികളെ മർദ്ദിച്ച് അവശരാക്കിയശേഷം ഉടുമുണ്ട് വലിച്ചഴിച്ച് സ്വകാര്യഭാഗത്താണ് ഇലക്ട്രിക് ലാത്തി പ്രയോഗിച്ചത്. തളിപ്പറമ്പ് ഡിവൈ.എസ്.പി. പി. കെ. അബ്ദുൾ ഗഫൂർ ആണ് ആക്രമണത്തിന് നേതൃത്വം നൽകിയത്. അങ്ങനെ എന്തെല്ലാം തരത്തിലുള്ള മർദ്ദന മുറകൾ വിദ്യാർഥികൾക്ക് നേരെയും

യുവാക്കൾക്ക് നേരെയും രാഷ്ട്രീയ പ്രവർത്തകർക്ക് നേരെയും സാധാരണ ജനങ്ങൾക്ക് നേരെയും നടത്താൻ കഴിയുമോ, അതെല്ലാം നടത്തിയ കൂട്ടരാണ് നിങ്ങൾ. അങ്ങനെയുള്ള നിങ്ങൾ രണ്ടരവർഷം മുമ്പ് പോലീസ് കസ്റ്റഡിയിലെടുത്ത ചെറുപ്പക്കാരനെ മർദ്ദിച്ചുവെന്ന് പറഞ്ഞുകൊണ്ടുള്ള വലിയ ആക്ഷേപവുമായി രംഗത്തുവരികയാണ്. യഥാർത്ഥത്തിൽ നിങ്ങളുടെ തനിനിറം തുറന്നുകാണിക്കാൻ ഇത്തരം ചർച്ചകൾ നിശ്ചയമായും നമ്മുടെ നാട്ടിൽ നടക്കുകതന്നെ വേണം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പോലീസ് എന്തായിരുന്നുവെന്ന് മനസ്സിലാക്കണമെങ്കിൽ ഇത്തരം ചർച്ചകൾ നമുക്ക് അനിവാര്യമാണ്. ഈ സന്ദർഭത്തിൽ ഈ അടിയന്തരപ്രമേയത്തിന് യാതൊരു പ്രസക്തിയുമില്ലെന്നും അടിയന്തരമായി ചർച്ച ചെയ്യേണ്ട യാതൊരു കാര്യവുമില്ലെന്നും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ അടിയന്തരപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഭരണപക്ഷാംഗങ്ങൾ സംസാരിക്കുന്നത് കേട്ടാൽ ഇവരെല്ലാം ചരിത്രം പെട്ടെന്ന് മറന്നുപോയതുപോലെ തോന്നും. പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങളിൽ ആരെങ്കിലും പോലീസ് മർദ്ദനം ഏറ്റുവാങ്ങിയിട്ടുണ്ടോയെന്നാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. നിങ്ങളൊക്കെ ഈ നാട്ടിൽ തന്നെയല്ലേ ജീവിക്കുന്നത്. എത്രയോ

നിഷ്ഠൂരമായ മർദ്ദനങ്ങൾ ഏറ്റുവാങ്ങിയ ചരിത്രം എനിക്കും ഇവിടെ പറയാനുണ്ട്. ബഹുമാന്യനായ ശ്രീ. കെ. സി. വേണുഗോപാൽ നന്ദാവനം ക്യാമ്പിൽനിന്ന് ജീവനോടെ പുറത്തുവന്നത് ഭാഗ്യമെന്നാണ് ഇന്നും ഞങ്ങൾ കരുതുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെ എത്രയോവട്ടം നിഷ്ഠൂരമായ അതിക്രമങ്ങൾ ഏറ്റുവാങ്ങിയവരാണ് ഞങ്ങൾ. നിങ്ങൾ പറയുന്നത്, നിങ്ങൾ മാത്രമാണ് പോലീസ് മർദ്ദനങ്ങളേറ്റും സമരങ്ങളും നടത്തിവന്നവരെന്നാണ്. എത്ര സംഭവങ്ങൾ എണ്ണിയെണ്ണി പറയണം, ഇത് അതിനുള്ള സമയമല്ല. ഇവിടെ ഞങ്ങൾ ചർച്ച ചെയ്യുന്നത് പോലീസ് നയത്തെക്കുറിച്ചും പോലീസിനോടുള്ള സമീപനത്തെക്കുറിച്ചുമാണ്. ആഭ്യന്തര മന്ത്രിയും മുഖ്യമന്ത്രിയുമായിരിക്കുന്ന ശ്രീ. പിണറായി വിജയന്റെ പോലീസ് എങ്ങനെ പ്രവർത്തിക്കുന്നുയെന്നതിനെ സംബന്ധിച്ചാണ്. ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ വീണ്ടും ആവർത്തിച്ച് പറയുന്നില്ല. ഞാൻ എന്റെ നിയോജകമണ്ഡലമായ മുവാറ്റുപുഴയിൽ നടന്ന ഒരു സംഭവം മാത്രം പറയാം. സാധാരണക്കാരനായ, അധ്വാനിച്ചുജീവിക്കുന്ന അമൽ ആന്റണിയെന്ന ചെറുപ്പക്കാരൻ വീട്ടിലെ ഇൻവെർട്ടർ കേടായപ്പോൾ അതിന്റെ ബാറ്ററി രാവിലെ കടയിൽ കൊണ്ടുപോയി വിറ്റു. അതിനുശേഷം പണിക്കുപോയി, ഉച്ചയ്ക്കുവന്ന് അമ്മയോടൊപ്പം ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ പോലീസ്

ഇരച്ചുകയറി അയാളെ പിടിച്ചുകൊണ്ടുപോയി. എന്തിനാണ് തന്റെ മകനെ കൊണ്ടുപോകുന്നതെന്ന് അമ്മ ചോദിച്ചപ്പോൾ നിങ്ങളുടെ മകൻ ബാറ്ററി മോഷണക്കേസിൽ പ്രതിയാണെന്ന് പറഞ്ഞു. ഞാൻ കാലങ്ങളായി ഉപയോഗിച്ച ഇൻവെർട്ടറിലെ ബാറ്ററിയാണ് മകൻ കൊണ്ടുപോയി വിറ്റതെന്ന് അമ്മ പറഞ്ഞു. എന്റെ മകനെ കൊണ്ടുപോകല്ലേയെന്ന് കരഞ്ഞ് പറഞ്ഞു. വലിച്ചിഴച്ച് ജീപ്പിൽ കൊണ്ടുപോകുന്ന സമയവും പോലീസ് സ്റ്റേഷനിൽ വച്ചും മർദ്ദിച്ചു. അവൻ ബാറ്ററി മോഷ്ടിച്ചുവെന്ന് പറയുവാൻ അവനെ നിർബന്ധിച്ചുകൊണ്ടിരിക്കുമ്പോൾ പരാതി കൊടുത്തയാൾ വാറന്റി പേപ്പറുമായി വന്നു. അദ്ദേഹത്തിന്റെ ബാറ്ററി മൂന്ന് വർഷം മുമ്പ് വാങ്ങിയതാണ്. ഇദ്ദേഹം വിൽപ്പന നടത്തിയെന്ന് പോലീസ് ആരോപിച്ചത് 10 വർഷം പഴക്കമുള്ള ബാറ്ററിയാണ്. അയാളോട് വീട്ടിൽ പോകാൻ പറഞ്ഞു. ഇതിനെതിരെ പരാതിയുമായി വീട്ടുകാർ വന്നപ്പോൾ ബിജു ഭാസ്കർ എന്ന സി.പി.എം. നേതാവ് നേരെ വീട്ടിലേക്ക് വരികയും പോലീസിനെതിരെ പരാതി നൽകരുതെന്നും നമുക്ക് സെറ്റിൽ ചെയ്യാമെന്നും പൈസ നൽകാമെന്നും പറഞ്ഞു. നിങ്ങളുടെ പാർട്ടിയും നേതാക്കൻമാരും ഇതുപോലെ പോലീസിന്റെ കാര്യങ്ങൾക്ക് അച്ചാരം പിടിച്ചുനടക്കുകയാണ്. ഇപ്പോൾ അതിന്റെ അന്വേഷണം നടക്കുന്നു. കേസ്

നടത്തി, കോൺഗ്രസ് മാർച്ച് നടത്തി തുടങ്ങിയ എല്ലാ സംഭവങ്ങളുമുണ്ടായി. പക്ഷേ ഇതുവരെ അതിന്റെ റിപ്പോർട്ട് നൽകിയില്ല. കഴിഞ്ഞ ദിവസം ട്രാഫിക് അനുവദിച്ചതിന്റെ പേരിൽ 24 മണിക്കൂറിനകത്ത് ട്രാഫിക് പോലീസിൽ ജോലി ചെയ്യുന്ന പോലീസുകാരനെതിരെ നിങ്ങൾ നടപടി സ്വീകരിച്ചു. അതുകൂടാതെ, ആരും ഇവിടെ ലാത്തി അടിയേറ്റിട്ടില്ലെന്ന് ഇവിടെ പറഞ്ഞില്ലേ. തൊടുപുഴയിലെ ഞങ്ങളുടെ യൂത്ത് കോൺഗ്രസ് നേതാവ് ബിലാലിന്റെ കണ്ണ് പോലീസ് അടിച്ചു നഷ്ടപ്പെടുത്തി. അതിനെതിരെ പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ പരാതി നൽകി. പോലീസ് കംപ്ലയിന്റ് അതോറിറ്റി നിങ്ങളോട് നടപടി സ്വീകരിക്കാൻ പറഞ്ഞു. നിങ്ങൾ ആഭ്യന്തര മന്ത്രിയല്ലേ, മുഖ്യമന്ത്രിയല്ലേ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചില്ല. ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നത്, നിങ്ങൾ കാലങ്ങൾക്കുമുമ്പ് ഈ നിയമസഭയിൽ പറഞ്ഞ ചില കാര്യങ്ങളാണ്. അങ്ങ് ഒന്ന് ഓർത്തുനോക്കണം. ഞാൻ ഈ സഭയിലെ എല്ലാ അംഗങ്ങളോടും പറയുകയാണ്. നമ്മൾ എല്ലാവരും രാഷ്ട്രീയക്കാരാണ്. നമ്മൾ എല്ലാവരും ചേരിതിരിഞ്ഞ് പല രീതിയിലും വാദിക്കുന്നവരാണ്. പക്ഷേ ഒരു പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ലോക്കപ്പിലിട്ട് ഒരാളെ മൃഗീയമായി തല്ലാൻ നേതൃത്വം കൊടുക്കുകയെന്ന് പറഞ്ഞാൽ അത്

രാഷ്ട്രീയമാണോ; ഇതാണോ രാഷ്ട്രീയം? ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടർ മാത്രം അല്ലെങ്കിൽ കണ്ണൂർ എസ്.പി.-ക്ക് മാത്രമായി ധൈര്യം കിട്ടിയെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെയെങ്കിൽ അവർക്കും പലതും ചെയ്യാൻ കഴിയുമായിരുന്നു. ഇതിന്റെ പിന്നിൽ രാഷ്ട്രീയ പിന്തുണയുണ്ട്. അദ്ദേഹത്തെ പിന്നീട് തലശ്ശേരി സർക്കിൾ ഇൻസ്പെക്ടറായി നിയമിച്ചിരിക്കുകയാണ്. സാക്ഷാൽ കെ. കരുണാകരനോട് അങ്ങ് ചോദിച്ചതാണ്, ഇത് മാന്യതയാണോ എന്ന്. അതുകൊണ്ട് ഈ നിയമസഭയിലെ അംഗങ്ങളോട് എനിക്ക് പറയാനുള്ളത്, നമ്മളെല്ലാവരും രാഷ്ട്രീയക്കാരാണ് ചേരിതിരിഞ്ഞ് വാദിക്കുന്നവരാണ്. പക്ഷേ രാഷ്ട്രീയത്തെ ഇങ്ങനെ എതിർക്കാൻ ശ്രമിക്കുന്നത് ആർക്കും ഭൂഷണമല്ല. നിങ്ങൾ ആരും ഇത് അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്ന് അങ്ങ് പറഞ്ഞു. അതിന് പിന്നാലെ വീണ്ടും അങ്ങ് പറയുകയാണ്, ഇതെല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണ് ഈ പാർട്ടിയിൽ നിൽക്കുന്നത്, ഇതെല്ലാം ഏതെങ്കിലും ഘട്ടത്തിൽ സംഭവിച്ചേക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് ഈ പാർട്ടിയിൽ നിൽക്കുന്നത്. അവരെയെല്ലാം ലോക്കപ്പിലിട്ട് നാല് പോലീസുകാരെ ഏൽപ്പിച്ച് ഒരു സർക്കിൾ ഇൻസ്പെക്ടറെ കൂട്ടിനിർത്തി തല്ലി ശരിപ്പെടുത്തി ഒന്നുഒതുക്കി കളയാമെങ്കിൽ അത് അപ്പോൾ ഒതുങ്ങും. പിന്നീട്

കൂടുതൽ ശക്തിയോടുകൂടിതന്നെ തിരിച്ചുവരും, ഇത് ഭൂഷണമല്ല, ഇത് രാഷ്ട്രീയമല്ല, ഇനിയും ഇത് ആവർത്തിക്കാനാണോ നിങ്ങളുടെ ശ്രമം, ഇനിയും ഈ രീതിയിൽ സംഭവങ്ങൾ കൊണ്ടുപോകാനാണോ ശ്രമം, ഇനിയും ഈ രീതിയിൽ പോലീസുകാരെ കയറൂരി വിടാനാണോ അങ്ങയുടെ ഭാവം. വീണ്ടും അങ്ങ് പറയുകയാണ്, ഒരു കേസിൽ സാക്ഷിയായതുകൊണ്ട് സാക്ഷികളെ പിടിച്ചുകൊണ്ടുപോയി കഴുത്തിൽ കയറിട്ട് കുടുക്കി കപ്പിയിൽ മുകളിലോട്ട് വലിച്ച് കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിൽ ഭീകരമായ രംഗം സൃഷ്ടിച്ച വീരനാണ് ഈ സർക്കിൾ ഇൻസ്പെക്ടർ. അങ്ങനെയുള്ള ഒരു സർക്കിൾ ഇൻസ്പെക്ടർക്ക് താങ്ങും തണലുമായി ഇവിടെ ഒരു ആഭ്യന്തര മന്ത്രിയുണ്ടായിരുന്നു. ആ പാരമ്പര്യം നിങ്ങൾ തുടരരുത്. ആ പാരമ്പര്യം അതേ രീതിയിൽ നിങ്ങൾ നടപ്പാക്കരുത്. പോലീസുകാരൻ പറയുന്ന എന്തും വിശ്വസിച്ചുകൊണ്ടാണ് നിങ്ങൾ ഇവിടെ ഭരണം നടത്തുന്നത്. അങ്ങ് പറഞ്ഞ അതേ വാചകം അങ്ങേയ്ക്ക് നേരെ തിരിച്ചുവരികയാണ്. ഇത് മര്യാദയല്ല. ഈ നാട്ടിൽ സാധാരണ പ്രതിപക്ഷ പാർട്ടി പ്രവർത്തകർക്ക് മര്യാദയായി രാഷ്ട്രീയ പ്രവർത്തനം നടത്താൻ കഴിയുന്നില്ലെന്ന് വന്നാൽ അത് വളരെ മോശമായ സ്ഥിതിവിശേഷമാണ്. ഇനി പറയുന്നത് അങ്ങ് ശ്രദ്ധിച്ച് കേൾക്കണം. ഇവിടെ ഏക ചക്രാധിപതിയെപോലെ വാണതിന്റെ അനുഭവം

എന്താണെന്ന് നിങ്ങൾ ഓർക്കണം. ഒരു അനുഭവത്തിൽനിന്നും പാഠം പഠിക്കാൻ നിങ്ങൾ തയ്യാറാകണം. അവർ ഇന്ന് ആരുമില്ലാത്ത സ്ഥിതിയിലായിരിക്കുന്നുവെന്ന് മാത്രമല്ല, കൂടെ നിൽക്കുന്നവർപോലും അവരെ എതിർക്കാൻ തയ്യാറായിരിക്കുകയാണ്. അങ്ങയെ കാത്തിരിക്കുന്ന വിധി ഇതാണെന്ന് ഞാൻ ഭയപ്പെടുകയാണ്. അങ്ങ് ഈ നിയമസഭയിൽ പറഞ്ഞ അതേ കാര്യങ്ങൾ, പ്രിയങ്കരനായ കെ. കരുണാകരനെതിരെ നിങ്ങൾ പറഞ്ഞ അതേ വാചകം അദ്ദേഹത്തിന്റെ ആത്മാവിനെ സ്മരിച്ചുകൊണ്ട് ഞങ്ങൾ നിങ്ങളോട് പറയുകയാണ്. ഇന്ന് നിങ്ങൾ മുഖ്യമന്ത്രി കസേരയിലിരിക്കുമ്പോൾ ഈ നാട്ടിൽ നടക്കുന്ന പോലീസ് അതിക്രമങ്ങൾക്ക് മറുപടി പറയാനുള്ള ബാധ്യസ്ഥതയും ഉത്തരവാദിത്വവും പോലീസിന്റെ മന്ത്രിയെന്ന നിലയിൽ നിങ്ങൾക്കുണ്ട്. ഒറ്റപ്പെട്ട സംഭവമെന്ന് പറഞ്ഞ് നിങ്ങൾക്ക് വഴിമാറിപ്പോകാൻ സാധിക്കില്ല. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങളുടെ നേതാവോ നിങ്ങളുടെ സഹപ്രവർത്തകനോ, മുമ്പ് നിങ്ങളുടെ ഇതേ സ്ഥാനത്തിരുന്ന, പ്രതിപക്ഷ നേതാവായിരുന്ന, ഇതേ സഭയിൽ 2015 ജൂലൈ 13-ന് മൺമറഞ്ഞുപോയ സഖാവ് വി. എസ്. അച്യുതാനന്ദൻ പറഞ്ഞ ഒരു വാചകം കൂടി ഞാൻ പറയാം. പോലീസ് സംവിധാനത്തിലും നിയമനീതി

നിർവഹണത്തിലും മനുഷ്യവകാശങ്ങളിലും രാജ്യന്തരതലങ്ങളിൽതന്നെ മാറ്റങ്ങളും പുത്തൻ നടപടിക്രമങ്ങളും ഉണ്ടായിട്ടുണ്ട്. അതൊന്നും മനസ്സിലാക്കാതെ പഴയ കാലത്തെ ഇടിയൻ നാരായണ പിള്ളയെപോലെ നിങ്ങൾ പോലീസിനെ മാറ്റുകയല്ലേ ചെയ്തത്. ഇനി പറയുന്നത് അങ്ങ് ഒന്ന് ശ്രദ്ധിക്കണം, ജനങ്ങൾ ഇതെല്ലാം സഹിച്ച് വെറുതെയിരിക്കുമെന്ന് കരുതേണ്ട. കാട്ടാളത്തം കാണിക്കുന്ന പോലീസ് മാത്രമല്ല, അവരെ കയറൂരി വിടുന്ന ഭരണാധികാരികളും അതിന് വില നൽകേണ്ടിവരുമെന്ന് മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ. വി. എസ്. അച്യുതാനന്ദന്റെ ഈ വാക്കുകൾ പറഞ്ഞുകൊണ്ട് ഞാൻ അങ്ങയെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. അങ്ങ് ഈ നൽകുന്ന സംരക്ഷണത്തിന് ഈ നാട്ടിലെ ജനങ്ങളോട്, ഈ സമൂഹത്തിലെ ജനങ്ങളോട് മറുപടി പറയേണ്ടിവരും, അത് അതിവിദൂരമല്ല. നിങ്ങൾ പറഞ്ഞത്, ഈ പോലീസുകാരെല്ലാം ന്യായമായിട്ടാണ് ഈ പക്ഷത്തുള്ളവരോട് പെരുമാറിയതെന്നാണ്. എത്രയോ പ്രവർത്തകരെ അകാരണമായി കസ്റ്റഡിയിലെടുത്ത് മർദ്ദിക്കുന്നതിന് അനുവാദം നൽകിയത് ഇതേ ആഭ്യന്തര മന്ത്രിയും ഇതേ മുഖ്യമന്ത്രിയുമാണെന്നതുകൊണ്ട്, നിങ്ങളെക്കൊണ്ട് മറുപടി പറയിപ്പിക്കുന്നതിനാണ് ഈ അടിയന്തര പ്രമേയമെന്ന് പറഞ്ഞുകൊണ്ട്

ഇതിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, അപ്രസക്തമായ ഈ അടിയന്തര പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. ദീർഘകാലം കേരളത്തിൽ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തത് കോൺഗ്രസാണ്. ആ കോൺഗ്രസ് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന കാലഘട്ടത്തിലാണ് കേരള ചരിത്രത്തിലെ ഏറ്റവും ഭീകരമായ സംഭവങ്ങളും പോലീസ് അതിക്രമങ്ങളും കലാപങ്ങളും ഉണ്ടായിട്ടുള്ളത്. തലശ്ശേരി കലാപം, മാറാട് കലാപം, പുന്നാട് കലാപം തുടങ്ങി ദീർഘമായ കലാപങ്ങൾ നമുക്ക് കാണാൻ സാധിക്കും. ഭീകരമായ കുറ്റകൃത്യം ചെയ്ത ഏതെങ്കിലും ഒരു പോലീസുകാർക്കെതിരായി നടപടിയെടുത്ത ചരിത്രം കോൺഗ്രസിനെ സംബന്ധിച്ച് പറയാൻ സാധിക്കുമോ? കുറ്റം ചെയ്തവരെ മുഴുവൻ സംരക്ഷിച്ച ചരിത്രമാണ് അവരെ സംബന്ധിച്ചുള്ളതെന്ന് കാണാൻ കഴിയും. ബ്രിട്ടീഷ് ഭരണകാലത്തിന്റെ തുടർച്ചയാണ് കേരള പോലീസ്. സ്വാതന്ത്ര്യം കിട്ടിയ ശേഷവും കേരളത്തിലെ പോലീസ് അതേ നിലപാടുകൾ തുടർന്ന് മുന്നോട്ടുപോകുകയാണ് ചെയ്തത്. 1948-ൽ കോൺഗ്രസിന്റെ ചരിത്രം ആദ്യമായി മലയാളത്തിൽ രേഖപ്പെടുത്തിയ മഹാനായ മൊയാരത്ത് ശങ്കരനെ കോൺഗ്രസുകാരും പോലീസും ചേർന്ന് ഭീകരമായി കൊല ചെയ്ത

സംഭവം നമുക്ക് മുമ്പിലുണ്ട്. മൊയാരത്ത് ശങ്കരനെ കണ്ണൂർ സെൻട്രൽ ജയിലിന്റെ ഏതോ ഭാഗത്ത് കുഴിച്ചുമൂടുകയാണ് ചെയ്തത്. ഭക്ഷ്യക്ഷാമം കൊടുമ്പിരി കൊള്ളുന്ന ഘട്ടത്തിൽ 1948 ഏപ്രിൽ 12-ന് ഭക്ഷണത്തിന് സമരം ചെയ്ത ഡി. പൊക്കനെ വെടിവച്ച് കൊന്നു. അക്രമികൾക്കെതിരെ എന്തെങ്കിലും നടപടി കോൺഗ്രസ് സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയേണ്ടതാണ്. 1948 ഏപ്രിൽ 30-ന് ഒഞ്ചിയത്ത് നടത്തിയത് അതേ നയംതന്നെയാണ്. മലബാർ സ്പെഷ്യൽ പോലീസിനൊപ്പം ഖദറിട്ട കോൺഗ്രസുകാർ പോയി നിരപരാധികളായ ജനങ്ങളെ വീട്ടിൽനിന്ന് പിടിച്ചുകൊണ്ടുവന്ന് വഴിയരികിൽവച്ച് വെടിവെച്ച് കൊന്ന ഏറ്റവും ക്രൂരമായ നടപടിയായിരുന്നു അത്. പച്ചോലയിൽ കെട്ടിവലിച്ച് പുറംകരയിലെ കടപ്പുറത്ത് പട്ടിയെ കുഴിച്ചുമൂടുന്നതുപോലെ കുഴിച്ചുമൂടിയ സംഭവമായിരുന്നു ഉണ്ടായിരുന്നത്. ഇതെല്ലാം ചെയ്തത് കോൺഗ്രസ് ഭരണത്തിലായിരുന്നുവെന്ന് നാം കാണേണ്ടതാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഈ കാടൻ നിയമം തിരുത്താൻവേണ്ടിയുള്ള നടപടികളാണ് മഹാനായ ഇ.എം.എസ്.-ന്റെ ഭരണകാലത്ത് ജനകീയ പോലീസ് നയം ആവിഷ്കരിച്ചുകൊണ്ട് തീരുമാനിച്ചത്. ലോക്കപ്പ് മർദ്ദനങ്ങൾ പാടില്ല. എന്നാൽ അടിയന്തരാവസ്ഥ വന്നപ്പോൾ ഈ നിലപാടുകൾ മുഴുവൻ

പുനഃസ്ഥാപിക്കാൻ കോൺഗ്രസ് ശ്രമിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. അടിയന്തരാവസ്ഥ കാലത്ത് എത്രയെത്ര സംഭവങ്ങൾ ഇവിടെയുണ്ടായി. നാദാപുരത്തെ കക്കുഴിയിൽ കണ്ണനെ കോൺഗ്രസുകാർ അറിയുമോ? അടിയന്തരാവസ്ഥ കാലത്ത് കക്കുഴിയിൽ കണ്ണനെ പിടിച്ചുകൊണ്ടുപോയി. അതിനുശേഷം ശവശരീരംപോലും തിരികെ കിട്ടിയില്ല. ഇതുപോലെ എത്രയെത്ര സംഭവങ്ങൾ. കണ്ണൂരിലെ നമ്മുടെ പ്രിയപ്പെട്ട സഖാവ് എൻ. അബ്ദുള്ള ആ കാലഘട്ടത്തിലെ രക്തസാക്ഷിയാണെന്ന് നമുക്കറിയാം. ഈ അക്രമം കാണിച്ച പോലീസ് ഓഫീസർമാർക്കെതിരെ എന്തെങ്കിലും ഒരു നടപടി സ്വീകരിച്ചോ നിങ്ങൾ? സ്വീകരിച്ചില്ലെന്ന് മാത്രമല്ല, ജയിലിൽ കിടന്ന് ശിക്ഷ അനുഭവിച്ചശേഷം അതേ ജയിൽ വകുപ്പിന്റെ തലവനായ ലോകത്തിലെതന്നെ ഒരേ ഒരു ആളാണ് ജയറാം പടിക്കൽ. കോൺഗ്രസ് നേതാവ് കെ. കരുണാകരൻ ആയിരുന്നു അന്ന് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. ഇന്ത്യൻ ഗവൺമെന്റ് ചെല്ലും ചെലവും നൽകി സ്കോട്ട്ലാൻഡ് യാർഡിൽ ട്രെയിനിങ് നൽകിയ പോലീസ് ഓഫീസറായിരുന്ന ജയറാം പടിക്കൽ. ലോകത്തിലെ ഏറ്റവും മികച്ച അക്കാദമിയിൽ പരിശീലനം സിദ്ധിച്ചിട്ടും ശാസ്ത്രീയമായ കേസ് അന്വേഷണത്തെക്കുറിച്ച് അദ്ദേഹത്തിന് യാതൊന്നും

അറിയില്ലായിരുന്നുവെന്നതാണ് വസ്തുത. ഇരുമ്പ് ഉലക്കയും ചെത്തി കൂർപ്പിച്ച പെൻസിലുമായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും ഇഷ്ടപ്പെട്ട ആയുധമെന്ന് നാം കാണേണ്ടതാണ്. 1991-ലെ കുപ്രസിദ്ധമായ കോ-ലീ-ബി സഖ്യമുണ്ടാക്കാൻപോലും നേതൃത്വം നൽകുന്നതിനുവേണ്ടി ഈ പോലീസ് ഓഫീസറെ കോൺഗ്രസ് ഉപയോഗിച്ചു. ഈ മാന്യൻമാരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെയും ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും ഉപദേശിക്കുന്നത് എന്നത് അത്ഭുതകരമാണെന്നാണ് പറയാനുള്ളത്. കുപ്രസിദ്ധമായ ട്രാക്ക് റിക്കാർഡുള്ള അയാളെ നിങ്ങൾ കേസ് വിചാരണയ്ക്കൊടുവിൽ സുപ്രധാനമായ തസ്തികയിലാണ് പ്രതിഷ്ഠിച്ചതെന്ന് കാണാം. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് അദ്ദേഹത്തെ പോലീസ് വകുപ്പിൽനിന്ന് അകറ്റിനിർത്തിയപ്പോൾ നിങ്ങൾ അയാളെ ഡി.ജി.പി. കസേരയിലിരുത്തി അധികാരങ്ങളും സൗകര്യങ്ങളും മുഴുവൻ നൽകിയ അനുഭവമാണ് ഈ കേരളത്തിലുള്ളത്. ഇതെല്ലാം ചരിത്രത്തിന്റെ ഭാഗമാണെന്ന് കാണാം. മറ്റൊരു പേരുകൂടി പറയാം, നക്സൽ വർഗീസിനെ വെടിവച്ചുകൊന്ന കുപ്രസിദ്ധനായ ഇൻസ്പെക്ടർ ജനറലായിരുന്ന കെ. ലക്ഷ്മണയെ സി.ബി.ഐ. കോടതി ശിക്ഷിച്ചു. നിങ്ങൾ എന്താണ് ചെയ്തത്; മന്ത്രിസഭയിൽ

നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് അയാളെ ജയിലിൽനിന്നും പുറത്തേക്ക് കൊണ്ടുവന്നു. മാത്രമല്ല, ആ ഓഫീസർ തന്റെ സർവീസ് ജീവിതത്തിൽ നടത്തിയ കൊലപാതകത്തിൽ ശിക്ഷ അനുഭവിച്ചാൽ അദ്ദേഹത്തിന്റെ പെൻഷൻ തടയേണ്ടതാണ്. ജയിലിൽ കിടന്നും ലക്ഷ്മണ പെൻഷൻ വാങ്ങിയത് ആരുടെ സഹായത്തോടുകൂടിയാണ്? കോൺഗ്രസ് ആഭ്യന്തര വകുപ്പിന്റെ സഹായത്തോടുകൂടിയാണ്. അന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഉമ്മൻ ചാണ്ടിയും പിന്നീട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അതിനുശേഷം ശ്രീ. രമേശ് ചെന്നിത്തലയുമായിരുന്ന കാലഘട്ടത്തിൽ പെൻഷൻ തടയാനുള്ള ഒരു നടപടികളും സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഇന്ത്യൻ നിയമ വ്യവസ്ഥയിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ഒരു കുറ്റവാളിയെ ഒരുവർഷം കഴിഞ്ഞപ്പോൾ നിയമത്തിന്റെ പഴുതുപയോഗിച്ച് ജയിലിൽനിന്നും തുറന്നുവിടുകയും ചെയ്തത് നിങ്ങളാണ്. പുഴുക്കുത്തുകളെപ്പറ്റി പറയാൻ നിങ്ങൾക്ക് എന്താണ് അവകാശം? ഇത്തരം പുഴുക്കുത്തുകളെ മുഴുവൻ സംരക്ഷിച്ച ചരിത്രമാണ് കോൺഗ്രസിന്റെ ചരിത്രമെന്ന് നമുക്ക് കാണാൻ കഴിയും. എന്നാൽ അവിടെയാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ലോക്കപ്പ് കൊലപാതകം ഉണ്ടായാൽ പോലീസിനുപകരം External Agency അന്വേഷിക്കണമെന്ന നിലപാട്

സ്വീകരിച്ച ഇന്ത്യാ രാജ്യത്തെ ഏറ്റവും പ്രമുഖനായ ആദ്യത്തെ മുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയൻ എന്ന് അഭിമാനപൂർവം പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ലോക്കപ്പ് കൊലപാതകം നടന്നാൽ അത് പുറത്തുള്ള ഏജൻസികൾക്ക് കൊടുക്കുന്ന ഏക സംസ്ഥാനമാണെന്ന് നമുക്ക് ഇവിടെ കാണാൻ കഴിയും. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമാണ് വയനാട്ടിലെ ആദിവാസികളുടെ സമരം. ആദിവാസികൾ ഭൂമിക്കുവേണ്ടി സമരം ചെയ്തപ്പോൾ അന്ന് ആരായിരുന്നു ആഭ്യന്തര വകുപ്പുമന്ത്രി? അന്ന് ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി ആയിരുന്നു മുഖ്യമന്ത്രി. ജോഗി എന്ന ആദിവാസിയെ വെടി വെച്ചുകൊന്നു. പാവപ്പെട്ട ആദിവാസികളെ മുഴുവൻ അടിച്ചോടിക്കുന്ന ഭീകരമായ ചിത്രം നമ്മൾ കണ്ടു. സമീപകാലത്ത് ഇറങ്ങിയ ശ്രീ. അനുരാജ് മനോഹറിന്റെ നരിവേട്ട എന്ന സിനിമ ആ കാലഘട്ടത്തിലെ സംഭവങ്ങൾ ഈ ആധുനിക കാലഘട്ടത്തിൽ ജനമനസ്സുകളിലേക്ക് തിരികെക്കൊണ്ടുവരുന്ന കാര്യം നാം കാണുകയാണ്. 2003 ഫെബ്രുവരി 19-ന് മുത്തങ്ങയിൽ പോലീസ് വെടിവയ്പ്പ് നടന്നത്, മുത്തങ്ങ ആക്ഷന് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥർ അഭിനന്ദനം അർഹിക്കുന്നുവെന്ന ഗവൺമെന്റിന്റെ നിലപാട് അന്നത്തെ വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. സുധാകരൻ പത്രസമ്മേളനം നടത്തി

പ്രസ്താവിച്ച കാര്യം നമ്മുടെ മുന്നിലുണ്ട്. ആലപ്പുഴ എം.എൽ.എ. ആയിരുന്ന ശ്രീ. കെ. സി. വേണുഗോപാൽ അന്ന് ഈ നിയമസഭയിൽ ഉണ്ടായിരുന്നു. ഇതുപോലെ ഇന്ന് ഈ സഭയിലിരിക്കുന്ന പലരും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും മുത്തങ്ങയിലെ പോലീസ് ആക്ഷനെ മുഴുവൻ ന്യായീകരിച്ചുകൊണ്ട് സംസാരിച്ചവരായിരുന്നുവെന്ന് നാം കാണേണ്ടതാണ്. ഇങ്ങനെ കോൺഗ്രസ് നേതാക്കന്മാർ മുഴുവനും ഏറ്റവും പ്രശംസയോടുകൂടി കണ്ട നരനായാട്ട് നടത്തിയ മാന്യന്മാരാണ് ഇപ്പോൾ കേരളത്തിലെ പോലീസ് ഏറ്റവും വലിയ അതിക്രമം കാണിച്ചുകൊണ്ടിരിക്കുന്നുവെന്ന് പറയുന്നത്. ഇന്ത്യാ രാജ്യത്തെ ഏതൊരു സംസ്ഥാനത്തെയും പോലീസിന് മാതൃകയായിക്കൊണ്ട് ലോകത്തിന്റെതന്നെ ശ്രദ്ധപിടിച്ചുപറ്റുന്ന രൂപത്തിൽ ജനസേവന രംഗത്തും കേരളാ പോലീസിന്റെ പ്രവർത്തനം നമ്മൾ കണ്ടു. വയനാട് ഉരുൾപൊട്ടൽ ദുരന്തമുണ്ടായ ഘട്ടത്തിലും ഓഖിയുണ്ടായ ഘട്ടത്തിലും നിപ സമയത്തും നാടുമുഴുവൻ അടച്ചുപൂട്ടിയ ഘട്ടങ്ങളിലെല്ലാംതന്നെ ഏറ്റവും വലിയ സേവകരായി നാട്ടിൽ പ്രവർത്തിച്ചവരാണ് പോലീസുകാർ എന്ന് നമുക്ക് അറിയാം. നാട് മുഴുവൻ അടച്ചുപൂട്ടിക്കിടന്നിരുന്ന ഘട്ടത്തിൽ ഭക്ഷണവും മരുന്നും

എത്തിച്ചുകൊടുക്കാനും അതുപോലെയുള്ള സേവന പ്രവർത്തനങ്ങളിൽ മുഴുവൻ ഏർപ്പെട്ടിരുന്നത് കേരള പോലീസ് ആയിരുന്നു. പോലീസിന് ജനകീയ മുഖം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയൻ. ഞാൻ ഈ പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഇന്ന് രാവിലെ ഏഴ് മണിക്ക് വാർത്ത കണ്ടപ്പോൾ ഒരു കാര്യം മനസിലായി; ഒരു പ്രത്യേക ചാനൽ വാർത്തകളിലൂടെ പറയുകയാണ്, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം എന്നാണ് നമ്മൾ നിയമസഭയിൽ ഉപയോഗിക്കുന്നതെങ്കിലും മാധ്യമങ്ങൾ ഇപ്പോഴും അടിയന്തരപ്രമേയം എന്നാണ് ഉപയോഗിക്കുന്നത്. ഇന്ന് നിയമസഭയിൽ അടിയന്തരപ്രമേയം പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ചാണെന്നും ബഹുമാനപ്പെട്ട അംഗം റോജി. എം. ജോൺ ആണ് അവതരിപ്പിക്കുന്നതെന്നും ഇന്ന് രാവിലെ ഏഴുമണിക്ക് വാർത്ത വരുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ ഓഫീസിൽ രാവിലെ 8.00 മണിക്ക് ശേഷമല്ലേ നോട്ടീസ് ലഭിക്കുകയുള്ളൂ. അപ്പോൾ കൃത്യമായി ഇവിടത്തെ പ്രതിപക്ഷവും മാധ്യങ്ങളും ചേർന്നൊരുക്കുന്ന ഒരു Unholy nexus പ്രകടമായി വന്നുകൊണ്ടിരിക്കുന്നുവെന്ന് ഇന്നത്തെ രാവിലത്തെ വാർത്ത കണ്ടപ്പോൾ

വ്യക്തമായി. കേരളത്തിൽ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പും അതിനുശേഷം നിയമസഭാ തിരഞ്ഞെടുപ്പും അടുത്തുവരികയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി നിന്നിരുന്ന ഘടകങ്ങൾ എങ്ങനെ ഇല്ലാതാക്കുമെന്നതിനെ സംബന്ധിച്ച ഒരു വലിയ ഗവേഷണം ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം കേരളത്തിലെ മാധ്യമങ്ങളും ചേർന്ന് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് തെളിവാണ് ഞാൻ മുമ്പ് സൂചിപ്പിച്ച കാര്യം. പ്രത്യേകിച്ച് ഈ അടുത്തകാലത്ത് പൊതുപ്രവർത്തകരുടെ ധാർമിക നിലവാരം ചോദ്യം ചെയ്യപ്പെടുന്ന ചില സംഗതികൾ വാർത്തകളിലൂടെ വന്നു, ഞാൻ പേരുകളൊന്നും പരാമർശിക്കാൻ ഇഷ്ടപ്പെടുന്നില്ല. അതുസംബന്ധിച്ച് യു.ഡി.എഫ്.-നുണ്ടായ വലിയ തിരിച്ചടിയിൽനിന്നും അവരെ രക്ഷപ്പെടുത്തിയെടുക്കാൻവേണ്ടി നടത്തുന്ന പരിശ്രമങ്ങളുടെ ഭാഗമായി രണ്ടുമൂന്ന് വർഷം മുമ്പുനടന്ന ഒരു സംഭവത്തെ വലുതാക്കി അവതരിപ്പിക്കാൻവേണ്ടിയുള്ള പരിശ്രമമാണ്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാണെന്ന് അങ്ങ് പറയുകയും ഉപക്ഷേപം ചർച്ചയ്ക്ക് വന്നിരിക്കുകയും ചെയ്യുന്നു. സത്യത്തിൽ അടുത്തകാലത്ത് മാത്രം നടന്ന ഒരു പ്രത്യേക സംഗതിയെക്കുറിച്ച് മാത്രമേ നടപടികൾ നിർത്തിവയ്ക്കാനുള്ള

ഉപക്ഷേപത്തിലൂടെ അവതരിപ്പിക്കാനും ചർച്ച നടത്താനും സാധിക്കുകയുള്ളൂ എന്ന സാങ്കേതികത്വത്തിലേക്കല്ല കടക്കുന്നത്. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി സൂചിപ്പിച്ചതുപോലെ ഇത്രയും പഴക്കമുള്ള ഒരു വിഷയം നിരവധി സമ്മേളനങ്ങൾ നടന്നതിനുശേഷവും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ അവതരിപ്പിക്കാതെ ഇപ്പോൾ കൊണ്ടുവരുന്നതിന്റെ കാര്യം എന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും സർക്കാരിനും അനുകൂലമായി നാട്ടിൽ രൂപപ്പെട്ടിരിക്കുന്ന കാലാവസ്ഥയെ എങ്ങനെ തച്ചുടയ്ക്കാൻ കഴിയുമെന്ന ഒരു പരീക്ഷണത്തിന്റെ ഭാഗമായാണ്. ഇപ്പോഴാണ് പുറത്തുവന്നതെന്നും മുമ്പ് ഞങ്ങൾ അറിഞ്ഞിരുന്നില്ലെന്നും ഇപ്പോഴാണ് സി.സി.ടി.വി. ദൃശ്യങ്ങൾ ലഭിച്ചതെന്നുമാണ് അവർ പറയുന്നത്. ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പ്രവർത്തകന് രാഷ്ട്രീയ പ്രവർത്തനത്തിനിടയിലുണ്ടാകുന്ന തിക്താനുഭവങ്ങൾ പാർട്ടി നേതൃത്വത്തോടെങ്കിലും പറയേണ്ടേ; പാർട്ടി നേതൃത്വത്തെ അറിയിച്ചാൽ നേതൃത്വം അതിനോട് പ്രതികരിക്കില്ലേ; എന്താണ് ഈ രണ്ടര വർഷം? ഇത് ഏറ്റെടുക്കാൻ കൊള്ളാവുന്ന ഒരു കേസല്ല എന്ന് ബോധ്യപ്പെട്ടിട്ടാണോ, ഇത് ഒരു കാരണവശാലും നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ലെന്ന തിരിച്ചറിവിലാണോ പ്രതിപക്ഷം ഇതുവരെ അതിനെപ്പറ്റി മിണ്ടാതിരുന്നത്

എന്ന പ്രസക്തമായ ഒരു ചോദ്യമാണ് ഞാൻ ഉന്നയിക്കാൻ ശ്രമിക്കുന്നത്. പോലീസിൽ എന്നും പുഴുക്കുത്തുകളുണ്ടായിട്ടുണ്ട്, ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വ്യക്തമായ നയം, അതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പോലീസുകാരൻ ഏത് റാങ്കിൽപ്പെട്ട ആളാണെങ്കിലും നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പോലീസിനെ ജനകീയമാക്കുന്ന നടപടികൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്തുമാത്രമാണ് കേരളത്തിൽ നടന്നിട്ടുള്ളതെന്ന കാര്യം നാം മനസിലാക്കണം. ഇടയ്ക്കിടെ വന്നിരുന്ന യു.ഡി.എഫ്. സർക്കാരുകൾ ഈ നിലപാടുകൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസമായി നിന്നിട്ടുണ്ട്. എത്ര കൊടുംക്രിമിനലായിരുന്നാലും സ്വന്തം പാർട്ടിക്കാർപോലും ഏറ്റെടുക്കാൻ ലജ്ജിക്കുന്ന തരത്തിലുള്ള പശ്ചാത്തലമുള്ള ആളാണെങ്കിലും ലോക്കപ്പ് മർദ്ദനത്തിന് ഞങ്ങൾ എതിരാണ്. കഴിഞ്ഞ കാലങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുണ്ടായിരുന്നപ്പോഴാണ് പോലീസ് മേഖലയിൽ വലിയ മാറ്റങ്ങളുണ്ടായത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ അവതരിപ്പിച്ച ജനമൈത്രി പോലീസ് ഒരു നല്ല സമീപനമായിരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, പോലീസ് ആക്ട്

സമഗ്രമായി പരിഷ്കരിച്ചു. ഒന്നാം പിണറായി ഗവൺമെന്റിനും ഇപ്പോഴത്തെ ഗവൺമെന്റിനും പോലീസ് സേനയിൽ വലിയ തോതിലുള്ള സാങ്കേതിക നവീകരണം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. പിങ്ക് പോലീസ് ഏറ്റവും ഫലപ്രദമായി നമുക്ക് നടപ്പാക്കാൻ കഴിഞ്ഞു. സൈബർ ഡോം എന്ന ഹൈടെക് സെന്ററുകൾ നമുക്ക് ആരംഭിക്കാൻ കഴിഞ്ഞു. ഐ.ടി. സൗകര്യങ്ങൾ, വിവരസാങ്കേതികവിദ്യയുടെ സങ്കേതങ്ങൾ അവലംബിച്ചുകൊണ്ട് നൂതനമായ രീതികളിലേക്ക് പോകാൻ ഡിജിറ്റൽ നിരീക്ഷണം കൊണ്ടുവരാൻ കഴിഞ്ഞു. അതുകൊണ്ടുതന്നെ അഴിമതിരഹിത പോലീസ് എന്ന സംഗതിയിൽ ഇന്ത്യാ രാജ്യത്ത് ഒന്നാം സ്ഥാനം നേടാൻ കേരളാ പോലീസിന് കഴിഞ്ഞിരിക്കുകയാണ്. ക്രമസമാധാന നിലയിൽ ഇന്ത്യാ രാജ്യത്ത് ഒന്നാം സ്ഥാനം എന്ന നേട്ടം കേരളം കൈവരിച്ചിരിക്കുന്നു. യു.ഡി.എഫ്.-ന്റെ സംഭാവന എന്താണ്; യു.ഡി.എഫ്.-ന്റെ മുദ്രകൾ എന്താണ്? കക്കയം ക്യാമ്പ്, തങ്കമണി, കീഴ്മാട്, മുത്തങ്ങ തുടങ്ങിയ സംഭവങ്ങളല്ലാതെ മറ്റൊന്നും യു.ഡി.എഫ്.-ന് അവകാശപ്പെടാനില്ലെന്ന യാഥാർത്ഥ്യം. അതുകൊണ്ട് പോലീസ് സേനയെ മുന്നോട്ടുനയിക്കുന്ന, ജനകീയവൽക്കരിക്കുന്ന, ആധുനികവൽക്കരിക്കുന്ന ശക്തമായ നിലപാടുകളെടുത്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകൾ

മാത്രമാണെന്നുള്ളതുകൊണ്ട് ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ മുന്നോട്ട് ജനങ്ങൾ സ്വീകരിക്കില്ലെന്നുമാത്രം സൂചിപ്പിക്കാൻ ഞാൻ ശ്രമിക്കുകയാണ്.

വയനാട്ടിൽ തുടരുന്ന കോൺഗ്രസുകാരുടെ ആത്മഹത്യ അവസാനിപ്പിക്കാൻ കോൺഗ്രസ് നടപടിയെടുക്കണം, സ്വന്തം കണ്ണിൽ കോൽ ഇരിക്കെ അന്യന്റെ കണ്ണിലെ കരട് എടുക്കാൻ ശ്രമിക്കരുത്, അത് തടയാൻ ഞങ്ങൾക്ക് ആർക്കുമാകില്ല. ഒരുകാലത്ത് വയനാട്ടിൽ കർഷകരുടെ ആത്മഹത്യയായിരുന്നു ഉണ്ടായിരുന്നത്. കാർഷിക കടാശ്വാസ നിയമം വന്നതോടെ സ്വിച്ച് ഓഫ് ചെയ്തതുപോലെ അത് നിന്നു. ഇപ്പോൾ വയനാട്ടിൽ നടക്കുന്ന കോൺഗ്രസുകാരുടെ ആത്മഹത്യ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, വരാനിരിക്കുന്ന തദ്ദേശ, നിയമസഭാ തിരഞ്ഞെടുപ്പുകളുടെ ഭാഗമായി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ ജനങ്ങൾക്കുമുമ്പിൽ അപകീർത്തിപ്പെടുത്താനുള്ള ആസൂത്രിതമായ അപവാദക്കഥകളുമായിട്ടാണ് കേരളത്തിലെ പ്രതിപക്ഷം, വന്നിരിക്കുന്നത്. ഇന്നിവിടെ അവതരിപ്പിക്കുന്ന നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം രണ്ടരവർഷം മുമ്പുനടന്ന ഒരു സംഭവവുമായി ബന്ധപ്പെട്ടതാണ്. ആ സംഭവത്തിൽ യൂത്ത് കോൺഗ്രസ് നേതാവായി വി.

എസ്. സുജിത്ത് പറഞ്ഞത് മറ്റ് കോൺഗ്രസ് നേതാക്കന്മാർപോലും വിശ്വസിച്ചിട്ടുണ്ടാവില്ല. വിശ്വസിച്ചിരുന്നുവെങ്കിൽ നേരത്തെ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി പറഞ്ഞതുപോലെ, എത്രയോ നിയമസഭാ സമ്മേളനങ്ങൾ ഇതിനുമുമ്പ് നടന്നു, ആ ഘട്ടത്തിലൊന്നും ഈ വിഷയം അവതരിക്കപ്പെട്ടില്ല. ശ്രീ. മാത്യു ടി. തോമസ് പറഞ്ഞതുപോലെ, കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധം ഉണ്ടായിരുന്നിട്ടുപോലും ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന, നിരവധി ആശ്വാസനടപടികളുമായി മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ ഒരു വിഭാഗം ഇടതുപക്ഷവിരുദ്ധ മാധ്യമങ്ങളുടെ സഹായത്തോടുകൂടി ഇല്ലാതാക്കാനുള്ള ആസൂത്രിതശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ ആരോപണങ്ങളുന്നയിക്കുന്നത്.

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ, 1957 ജൂൺ 23-ാം തീയതി ഇ.എം.എസ്. നമ്പൂതിരിപ്പാട് നടത്തിയ പത്രസമ്മേളനം ഏതൊരു രാഷ്ട്രീയ വിദ്യാർഥിക്കും പ്രധാനപ്പെട്ട അനുഭവപാഠമാണ് നൽകുന്നത്. കേരളത്തിന്റെ രാഷ്ട്രീയരംഗത്തും സമരവേദികളിലും നടന്നിട്ടുള്ള ധാരാളം അനുഭവങ്ങൾ ഇതിലൂടെ പങ്കുവയ്ക്കുന്നുണ്ട്. മർദ്ദകവീരന്മാരായ പോലീസ് ഏമാന്മാർ..., ഒരു സബ് ഇൻസ്പെക്ടർ എന്നത് ഒരു കൊച്ചുമുതലാളിക്ക് തുല്യമാണ്. പുന്നപ്ര-

വയലാറിലും ഒഞ്ചിയത്തും കയ്യൂരും കരുവന്നൂരും കാവുമ്പായിയിലും നടന്ന പ്രക്ഷോഭസമരങ്ങൾക്കുനേരെ വെടിവച്ച് ആളുകളെ കൊല്ലുന്ന അനുഭവമുണ്ടായിട്ടുണ്ട്. 1954-ലെ ട്രാൻസ്പോർട്ട് തൊഴിലാളി സമരത്തിന്റെ ഭാഗമായി കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന വെളിയം ഭാർഗവന്റെ മീശ പിഴുതെടുത്ത സംഭവമുണ്ടായിട്ടുണ്ട്. അന്തരിച്ചുപോയ, കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ അംഗവും കേരളത്തിന്റെ മുഖ്യമന്ത്രിയുമായിരുന്ന വി.എസ്. അച്ചുതാനന്ദനെ മരിച്ചെന്നുകരുതി കുറ്റിക്കാട്ടിലുപേക്ഷിച്ച, മനുഷ്യത്വരഹിതമായ ക്രൂര സംഭവമുണ്ടായിട്ടുണ്ട്. കൂത്താട്ടുകുളം മേരി, ഗൗരിയമ്മ തുടങ്ങിയവർക്ക് ക്രൂരമായ മർദ്ദനമേൽക്കേണ്ടി വന്നിട്ടുണ്ട്. മർദ്ദകവീരന്മാരായ പോലീസുകാരുണ്ടായിരുന്ന ആ ഘട്ടത്തിലാണ്, 1957-ൽ ലോകത്താദ്യമായി ബാലറ്റ് പേപ്പറിലൂടെ ഒരു കമ്മ്യൂണിസ്റ്റ് സർക്കാർ കേരളത്തിൽ അധികാരത്തിൽ വരുന്നത്. ഈ രീതിയിലുള്ള പോലീസ് മർദ്ദനങ്ങൾ കേരളത്തിൽ ആവർത്തിക്കില്ലെന്നും ജനാധിപത്യ പ്രക്ഷോഭങ്ങളെ ശരിയായ നിലയിൽ കൊണ്ടുപോകുമെന്നും പ്രശ്നങ്ങളിലും തൊഴിൽ തർക്കങ്ങളിലും പോലീസ് ഇടപെടില്ല എന്നുമായിരുന്നു 1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് പ്രഖ്യാപിച്ച പോലീസ് നയം. 1957-ലെ

ഇ.എം.എസ്.-ന്റെ ചരിത്രപരമായ തീരുമാനമാണ് അന്നുമുതൽ ഇന്നുവരെയുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പിലാക്കിവരുന്നത്. ഇവിടെ പരിണതപ്രജ്ഞരായ നിയമസഭാ സാമാജികരുണ്ട്, എവിടെയാണ് വ്യതിയാനമുണ്ടായത്; ഇവിടെ ഉപക്ഷേപം അവതരിപ്പിച്ച ശ്രീ. റോജി എം. ജോണിന് ആധികാരികമായ വാദം ഉന്നയിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അദ്ദേഹം വളരെ കഴിവുള്ള വ്യക്തിയായിരുന്നിട്ടും എത്ര ദുർബലമായ വാദമാണ് ഉന്നയിച്ചത്; സഭയിലെ അനുഭവജ്ഞാനവും ഏതു വിഷയവും ചാട്ടുളിപോലെ ഉന്നയിക്കാൻ കഴിവുമുള്ള ശ്രീ. എൻ. ഷംസുദ്ദീൻ എന്തുകൊണ്ടാണ് പതറിപ്പോയത്? ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ ഡീമോറലൈസ് ചെയ്യാനുള്ള ഒരു നനഞ്ഞ പടക്കവുമായിട്ടാണ് പ്രതിപക്ഷം വന്നത്. പൊലീസ് സ്റ്റേഷനിലെത്തുന്നവരോട് അപമര്യാദയായി പെരുമാറുക എന്നത് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഈ സർക്കാരിന്റെ നയമല്ല. നമ്മുടെ കൂട്ടത്തിൽ ഏതെല്ലാം തരത്തിൽ പെരുമാറുന്ന ആളുകളുണ്ട്; ഞാൻ ആരെയും കുറ്റപ്പെടുത്താനോ ആക്ഷേപിക്കാനോ ഇല്ല. നമ്മുടെ സഹപ്രവർത്തകനായ പാലക്കാട് എം.എൽ.എ.-യുടെ ഭാഗത്തുനിന്ന് ഇത്രമേൽ മോശമായ ഒരു പെരുമാറ്റമുണ്ടാകുമെന്ന് നമ്മളാരെങ്കിലും

കരുതിയോ; എല്ലാ മേഖലയിലും തെറ്റായ രീതികൾ സ്വീകരിക്കുന്നവരുണ്ടാകാം, അത് പൊതുരീതിയാണോ? മുൻപ്രതിപക്ഷ നേതാവ് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ഇവിടെയുണ്ട്. അദ്ദേഹം 2016-ൽ സഭയിൽ ഒരു ചോദ്യത്തിന് മറുപടിയായി 836 ക്രിമിനൽ പൊലീസ് ഓഫീസർമാർ ഈ സംസ്ഥാനത്തുണ്ടെന്ന് പറഞ്ഞത് ശരിയാണ്. പൊലീസുകാർക്കിടയിലും അങ്ങനെയുള്ള നിലപാടുകൾ സ്വീകരിക്കുന്നവരുണ്ട്. അത്തരക്കാരെ ന്യായീകരിക്കാൻ ഈ സർക്കാർ ശ്രമിച്ചിട്ടില്ല. ഏത് വിഷയമുണ്ടായാലും അത് അന്വേഷിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കുകയെന്ന ശക്തമായ സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചത്. വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ, സമരങ്ങൾ തുടങ്ങി എന്തെല്ലാം കാര്യങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്. വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് ഇവിടെയുണ്ട്, അർധനഗ്നനായ ഒരു മനുഷ്യനെ പത്ത് പൊലീസുകാർ ചേർന്ന് ഭീകരമായി മർദ്ദിച്ച ശേഷം പിടിച്ചുകൊണ്ടുനിൽക്കുന്ന ചിത്രമുണ്ട്. ശ്രീ. പി. കെ. ബിജുവിനെയും ശ്രീ. മുരളീധരനെയും ശ്രീമതി ജിജിയെയും കൈയാമം വച്ച് വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ ഭാഗമായി തെരുവിലൂടെ വലിച്ചുകൊണ്ടുപോകുന്ന ചിത്രം എന്റെ കൈയിലുണ്ട് (പേപ്പർ ഉയർത്തിക്കാണിച്ചു). പത്തനംതിട്ടയിൽ

നടത്തിയ ഒരു സമരത്തിന്റെ ഭാഗമായി ഡി.വൈ.എഫ്.ഐ. നേതാവ് ആറുമാസക്കാലം നട്ടെല്ല് തകർന്ന് കിടന്ന അനുഭവമുണ്ട്. വിദ്യാർഥി പ്രക്ഷോഭങ്ങളെയും സമരങ്ങളെയും നേരിട്ട അനുഭവം കേരളത്തിനില്ലേ? അടിയന്തരാവസ്ഥക്കാലത്ത് കക്കയം ക്യാമ്പിൽ തേങ്ങയുടെ പച്ചത്തൊണ്ട് നനച്ച് വെള്ളം കുടിച്ച ശ്രീ. ടി. പി. രാമകൃഷ്ണൻ, എൽ.ഡി.എഫ്. കൺവീനർ ഇവിടെയിരിക്കുന്നുണ്ട്. 1977-ൽ ഒരു യുവ എം.എൽ.എ. കേരള നിയമസഭയിൽ നടത്തിയ പ്രസംഗം എല്ലാവരും വായിച്ചുപഠിച്ചത് നല്ല കാര്യമാണ്. എല്ലാവരും അതിനെക്കുറിച്ച് പ്രസംഗിച്ചു. അന്നത്തെ യുവ എം.എൽ.എ.-യായ കേരളത്തിന്റെ ഇന്നത്തെ മുഖ്യമന്ത്രി അടിയന്തരാവസ്ഥക്കാലത്ത് ലോക്കപ്പ് മർദ്ദനത്തിനിരയായിട്ടുണ്ട്. ആ മനുഷ്യന്റെ കാലൊന്ന് നോക്കണം. ഇപ്പോഴും ചോര കല്ലിച്ചുനിൽക്കുന്നുണ്ടാകും. അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുന്നതുകൊണ്ടാണ് വൈരനിര്യാതന ബുദ്ധിയോടെയും രാഷ്ട്രീയവിദ്വേഷത്തോടെയുംമുൻ എം.പി. ആയിരുന്ന ശ്രീ. കെ. കെ. രാഗേഷും ഏതെങ്കിലുമൊരാളോട് മോശമായി പെരുമാറുന്ന അനുഭവം കേരള പൊലീസിന്റെ ഭാഗത്തുനിന്നുണ്ടാകാത്തത്. ഞങ്ങളുടെയൊക്കെ ആശാനായ ശ്രീ. എം. എം. മണിയോട് പോലീസ് സ്വീകരിച്ച സമീപനമെന്താണ്; ഇവിടെ ശ്രീ. എം. ബി. രാജേഷും ശ്രീ. പി.

എ. മുഹമ്മദ് റിയാസും ശ്രീ. കെ. കെ. രാഗേഷും ശ്രീ. ടി. വി. രാജേഷും ഉൾപ്പെടെയുള്ളവർ പോലീസിൽനിന്നും ഒരുപാട് പ്രശ്നങ്ങൾ അനുഭവിച്ചിട്ടുണ്ട്. ചെയറിലിരിക്കുന്ന അങ്ങയ്ക്കും അനുഭവമില്ലേ; അതെല്ലാം എത്ര ക്രൂരമാണ്? എന്നാൽ ഇപ്പോഴത്തെ വിദ്യാർഥി യുവജന നേതാക്കന്മാർക്ക് അങ്ങനെയുള്ള എന്തെങ്കിലും അനുഭവമുണ്ടോ? എത്ര ഭാഗ്യവാന്മാരാണ് അവർ! വെള്ളം ചീറ്റുന്ന പോലീസ്സറ മാത്രമാണുള്ളത്. മുമ്പ് എത്രയോ വിദ്യാർഥി പ്രവർത്തകരുടെ റൂമിന്റെ വാതിൽ ചവിട്ടിത്തുറന്നിട്ടുണ്ട്; കേരളത്തിൽ പെൺകുട്ടികളുൾപ്പടെ എത്രയോ പ്രവർത്തകരെ ഭീകരമായി മർദ്ദിച്ച് അവശരാക്കിയിട്ടുണ്ട്? ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അത്തരമൊരു പോലീസ് നയം ഇവിടെ നടപ്പിലാക്കുകയില്ല. കേരളത്തിൽ പോലീസ് രാജാണ്, വഴിനടക്കാൻ അനുവദിക്കുന്നില്ല, സർക്കാർ ഗുണ്ടായിസമാണ് കാണിക്കുന്നത് എന്നൊക്കെയുള്ള പ്രചാരണം കേരളത്തിലെ ജനങ്ങൾ മുഖവിലയ്ക്കെടുക്കുകയില്ല. തെറ്റുചെയ്ത ഏതൊരാൾക്കെതിരെയും ഏറ്റവും ശക്തമായ നിലപാട് സ്വീകരിച്ചുതന്നെ ഈ സർക്കാർ മുന്നോട്ടുപോകും. മറിച്ചുള്ള പ്രതികരണങ്ങളെ അതിശക്തമായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപത്തിന്റെ ചർച്ചയിലുടനീളം ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ വിചിത്രമായ വാദങ്ങളാണ് ഉയർത്തിയത്. എന്തിനാണിത് ഉപക്ഷേപമായി കൊണ്ടുവരുന്നതെന്ന് സീനിയർ അംഗങ്ങൾവരെ ചോദിക്കുകയുണ്ടായി. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് യോജിച്ച വിഷയമല്ലെങ്കിൽ എന്തിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ചയ്ക്ക് സമ്മതിച്ചത്; എന്തിനാണ് ചർച്ചയ്ക്ക് രണ്ടുമണിക്കൂർ നഷ്ടപ്പെടുത്തിയത്? രണ്ടാമത്തെ ചോദ്യം,

ശ്രീ. ആന്റണി രാജു: (മൈക്ക് ഓഫ്) മറുപടി പറയാൻ.....

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ മറുപടി പറയേണ്ട, ഞാൻ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളല്ല പറയേണ്ടത്, മുഖ്യമന്ത്രി പറയും. അങ്ങ് ഒരു സീനിയറായിട്ടുള്ള അംഗമാണ്, എന്നെ തടസ്സപ്പെടുത്തരുത്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്..... അങ്ങ് സംസാരിക്കൂ....

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ടര വർഷം മുമ്പുനടന്ന സംഭവത്തിനെ എന്തിനാണ് സഭയിൽ കൊണ്ടുവരുന്നതെന്നും ഇത്രകാലത്തിനിടയിൽ നിങ്ങളൊരു സമരം ചെയ്തോയെന്നും

ചോദിച്ചല്ലോ? കുന്നംകുളം പോലീസ് സ്റ്റേഷന്റെ റെക്കോർഡ് പരിശോധിച്ചാൽ മനസ്സിലാകും, രണ്ട് കൊല്ലം മുമ്പ് പൊലീസ് സ്റ്റേഷനിലേക്ക് ജില്ലാ കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ രണ്ട് മാർച്ച് നടത്തിയിട്ടുണ്ട്. അതിനെത്തുടർന്നാണ് ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയത്. നിസ്സാരമായ ഒരു കേസിൽ ഇത്രയും ക്രൂരമായ മർദനം ഏറ്റുവാങ്ങുമെന്ന് ആരെങ്കിലും വിചാരിക്കുമോ? പൊലീസ് സി.സി.ടി.വി. ഫൂട്ടേജ് പുറത്തുകൊടുക്കാതെ പിടിച്ചുവച്ചിരുന്നതാണ്. ആർ.ടി.ഐ. ആക്റ്റിന്റെ പവർ കൊണ്ടാണ് ഇന്നിത് പുറത്തുവന്നത്. ഇല്ലെങ്കിൽ ഇപ്പോഴും ഇതൊന്നും പുറത്തുവരില്ലായിരുന്നു, ആരും വിശ്വസിക്കുകയുമില്ല. എന്തൊരു ക്രൂരമായ മർദ്ദനമാണിത്; അറിഞ്ഞപ്പോൾ അക്കാര്യം നിയമസഭയിൽ കൊണ്ടുവരണ്ടതല്ലേ; മാധ്യമങ്ങൾ രാവിലെ കൊടുത്തുവെന്നും മാധ്യമങ്ങളുമായി nexus ആണെന്നും തുടങ്ങി എന്തൊക്കെയാണ് പറഞ്ഞത്; ഈ വിഷയം നിയമസഭയിൽ പ്രതിപക്ഷം കൊണ്ടുവരുമെന്നുള്ളത് സമാന്യബുദ്ധിയുള്ള, അരിയാഹാരം കഴിക്കുന്നവർക്കെല്ലാമറിയില്ലേ; പ്രസ്തുത വിഷയം കൊണ്ടുവരാതിരിക്കാൻ കഴിയുമോ? പൊലീസ് സ്റ്റേഷനിൽ ഒരു ചെറുപ്പക്കാരനെ നാലഞ്ചുപേർ ചേർന്ന് ക്രൂരമായി മർദിക്കുന്ന ദൃശ്യം കാണുന്നവരുടെ ഹൃദയം തകർന്ന് പോകില്ലേ; വിഷ്വലിൽ കാണുന്നത്

മാത്രമല്ല; വീഡിയോ ദൃശ്യങ്ങളിലില്ലാത്ത സ്ഥലത്തുകൊണ്ടുപോയും ക്രൂരമായി മർദ്ദിച്ചത് ഇവിടെ വിശദീകരിച്ചു. ആർക്കെങ്കിലും ഇതിനെ ന്യായീകരിക്കാൻ സാധിക്കുമോ? കൂടാതെ, അയാൾക്കെതിരെ കുറെ കേസുകമുൻ എം.പി. ആയിരുന്ന ശ്രീ. കെ. കെ. രാഗേഷുംഉളുമുണ്ടെന്നാണ് അറിയുന്നത്. എന്തൊക്കെയാണ് കേസുകൾ? കൊറോണക്കാലത്ത് കുന്നംകുളത്ത് ജാഥ നയിച്ചു, കൊറോണക്കാലത്ത് ഇന്ധന വില വർധനവിനെതിരെയായി റോഡുപരോധിച്ചു.... കുന്നംകുളം എം.എൽ.എ. ശ്രീ. എ. സി. മൊയ്തീന്റെ വീട്ടിൽ റെയ്ഡ് നടന്നതറിഞ്ഞ് എത്തിയതിനും സംശയാസ്പദമായി ജാഥ നടത്തിയതിനും ക്രമസമാധാന പ്രശ്നം മുന്നിൽകണ്ട് പ്രതിരോധ തടങ്കലിൽ വച്ചു. ഇവിടെയിരിക്കുന്നവരിൽ എത്രപേർക്കെതിരെ ഇതിനൊക്കെ കേസുണ്ട്; നമ്മളെയാരെയെങ്കിലും പൊലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ക്രൂരമായി മർദിക്കുമോ? നിസ്സാരമായ കാരണത്തിനാണ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ചത്; അയാൾ ഒരു കൊലപാതകിയോ തീവ്രവാദിയൊ അല്ല, പൊലീസിനെ കൈയേറ്റം ചെയ്തിട്ടില്ല. മദ്യപിച്ചുവെന്ന് കള്ളക്കേസുണ്ടാക്കി. അതിനെക്കുറിച്ച് പരിശോധിച്ചപ്പോൾ മദ്യപിച്ചിട്ടില്ലായെന്ന് പറഞ്ഞു. എന്നിട്ട് ക്രൂരമായ മർദനത്തെ ന്യായീകരിക്കുകയാണ് നിങ്ങൾ ചെയ്തത്. ഒരു നാണവുമില്ല. ...

(ബഹളം)........ അതാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ..... (ബഹളം)........ ഈ ദൃശ്യങ്ങൾ പുറത്തുവന്നപ്പോൾ അല്ലേ......(ബഹളം)........ എന്നെ സംസാരിക്കുന്നതിൽനിന്ന് തടസ്സപ്പെടുത്തിയാൽ മുഖ്യമന്ത്രി ഇവിടെ സംസാരിക്കില്ല. .....(ബഹളം)........ മുഖ്യമന്ത്രി ഇവിടെ സംസാരിക്കില്ല.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്...... അംഗങ്ങൾ സീറ്റിലിരിക്കൂ...... അങ്ങ് സംസാരിക്കൂ.....

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ പൊലീസിനെ തിരുത്താനല്ല, മറിച്ച് ദൃശ്യങ്ങൾ പിടിച്ചുവയ്ക്കാനാണ് ശ്രമിച്ചത്. ഈ ദൃശ്യം പുറത്തുവന്നതിനുശേഷം എത്ര ദൃശ്യങ്ങളും പരാതികളുമാണ് പുറത്തുവന്നത്; കുന്നംകുളത്ത്, പീച്ചിയിൽ...... പൊലീസ് സ്റ്റേഷനിൽ ഒത്തുതീർപ്പിനുപോയ നിങ്ങളുടെ എൽ.സി. സെക്രട്ടറിയുടെ ചെകിട്ടത്തല്ലേ പൊലീസ് അടിച്ചത്? എന്നിട്ട് ഏരിയ സെക്രട്ടറി വന്ന് പരാതിയില്ലെന്ന് പറയുകയാണ്. എൽ.സി. സെക്രട്ടറി സ്ഥാനത്തുനിന്ന് മാറ്റിക്കൊള്ളാനാണ് ആ പാവം പറഞ്ഞത്. മൂവാറ്റുപുഴയിലെ കാര്യം സംബന്ധിച്ച് ഡോ. മാത്യു കുഴൽനാടൻ പറയുകയുണ്ടായി. കൂടാതെ, കോഴിക്കോട് ലീഗ് നേതാവിന്റെ കരണത്ത് അടിക്കുന്ന ദൃശ്യങ്ങളും പുറത്തുവന്നു. തിരുവനന്തപുരത്ത്, നിരപരാധിയായൊരു ദളിത് യുവതിയെ 20 മണിക്കൂർ

പൊലീസ് സ്റ്റേഷനിൽ ഇരുത്തുകയും വെള്ളം കുടിക്കാൻ ചോദിച്ചപ്പോൾ ശുചിമുറിയിൽപോയി വെള്ളമെടുത്ത് കുടിക്കാൻ പറയുകയും ചെയ്ത നാണംകെട്ട പൊലീസാണ് നിങ്ങളുടേത്. അന്തിക്കാട്, അരിമ്പൂരിൽ തോർത്തിൽ കരിക്ക് കെട്ടിയിട്ടാണ് പൊലീസ് ഇടിച്ചത്. സിനിമയിൽ കാണുന്നതുപോലെ കരിക്ക് കെട്ടിയിട്ട് ഇടിക്കാൻ ഇയാൾ ആരാണ്; ആക്ഷൻ ഹീറോ ബിജുവാണോ? നിസ്സാരകേസിലാണ് ചിറയിൻകീഴിൽ പെപ്പർ സ്പ്രേ പ്രയോഗിച്ചത്. എന്നുമുതലാണ് നിങ്ങൾ കരിക്കും പെപ്പർ സ്പ്രേയും പോലീസിന്റെ ആയുധമാക്കി അംഗീകരിച്ചത്? പാവപ്പെട്ട, നിരപരാധികളും സാധാരണക്കാരുമായ മനുഷ്യരെയാണ് പൊലീസ് സ്റ്റേഷനിൽ വച്ച് പീഡിപ്പിച്ചത്. കൊടുങ്ങല്ലൂരിൽ, 'ഞാൻ കാൻസർ രോഗിയാണെന്നും നിങ്ങൾ സംശയത്തിന്റെ പേരിലാണ് എന്നെ അറസ്റ്റ് ചെയ്യുന്നതെന്നും' കരഞ്ഞുപറഞ്ഞ ഒരു അർബുദ രോഗിയെ തറയിലിരുത്തി അയാളുടെ കാലിൽ ചൂരൽ പ്രയോഗം നടത്തുകയാണ് ചെയ്തത്. സി.സി.ടി.വി. പരിശോധിച്ചാൽ നിങ്ങൾക്കത് മനസ്സിലാകും.

അടൂരിൽ, ഡി.വൈ.എഫ്.ഐ.-യുടെ മേഖലാ സെക്രട്ടറിയെയാണ് രണ്ട് മണിക്കൂർകൊണ്ട് ഒരു കള്ളക്കേസെടുത്ത് സ്റ്റേഷനിൽ കൊണ്ടുപോയി ക്രൂരമായി മർദിച്ചത്. അതിനെത്തുടർന്ന് രോഗിയായി കിടന്നാണ് അയാൾ

മരിച്ചതെന്നാണ് അദ്ദേഹത്തിന്റെ അപ്പനും അമ്മയും പറഞ്ഞത്. യാതൊരു അസുഖവുമില്ലാത്തയാളായിരുന്നു. ഡി.വൈ.എഫ്.ഐ.-യുടെ മേഖലാ സെക്രട്ടറിയെ കള്ളക്കേസിൽ കുടുക്കി പൊലീസ് സ്റ്റേഷനിൽ കൊണ്ടുപോയി തല്ലിക്കൊന്ന പൊലീസിനെയാണ് നിങ്ങളിവിടെ ന്യായീകരിച്ചത്. യൂത്ത് കോൺഗ്രസിന്റെ മണ്ഡലം പ്രസിഡന്റ് മരിച്ചിട്ടൊന്നുമില്ല, ഇന്നലെ അയാളുടെ കല്യാണമായിരുന്നു. പാവപ്പെട്ടവരെ മുഴുവൻ പൊലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ക്രൂരമായി മർദിക്കുമ്പോൾ, 51 വെട്ടുവെട്ടി കൊന്ന, ടി. പി. ചന്ദ്രശേഖരൻ കൊലക്കേസിലെ പ്രതികൾ ഇപ്പോഴും ജയിലിലിരുന്ന് നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്യുകയാണ്. നിങ്ങളുടെ പൊലീസ് അവരെ കൊണ്ടുപോയത് ഫൈവ്സ്റ്റാർ ഹോട്ടലിലേക്കാണ്. അവിടെനിന്ന് മദ്യവും ഭക്ഷണവും വാങ്ങിക്കൊടുത്ത് ക്രിമിനലുകളെയും കൊലപാതകികളെയും സംരക്ഷിക്കുന്ന നിങ്ങളുടെ പൊലീസ്, പാവപ്പെട്ടവരെ സ്റ്റേഷനിൽ വച്ച് ക്രൂരമായ മർദനമുറകൾകൊണ്ട് പീഡിപ്പിക്കുകയാണ്. നൂറുകണക്കിന് ആളുകളാണ് ഇപ്പോൾ സി.സി.ടി.വി. ഫൂട്ടേജിനുവേണ്ടി അപേക്ഷിച്ചിരിക്കുന്നത്. പീച്ചിയിലെ ഒരു ഹോട്ടൽ മാനേജരെയും അതിന്റെ ഉടമയുടെ മകനെയും ക്രൂരമായി മർദിച്ചത് എന്ത് കാര്യത്തിനാണ്; പണം വാങ്ങാൻവേണ്ടിയാണ്. പോക്സോ കേസിൽ ഉൾപ്പെടുത്തുമെന്നും

അതുകൊണ്ട് 5 ലക്ഷം രൂപ തരണമെന്നമാണ് പറയുന്നത്. നിങ്ങളുടെ പ്രകടനപത്രികയിലെ 835-ാം ഇനത്തിൽ പറഞ്ഞിട്ടുള്ളത് പൊലീസ് ജനങ്ങളോട് മര്യാദയോടെ പെരുമാറുമെന്നും ലോക്കപ്പുകളിൽ മനുഷ്യാവകാശ ധ്വംസനം നടക്കില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമെന്നാണ്. ഇതാണോ പൊലീസ് സ്റ്റേഷനുകളിൽ നടക്കുന്നത്; ഞാൻ ചോദിക്കട്ടെ, ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയുടെ കീഴിലൊരു ഇന്റലിജൻസ് സംവിധാനമില്ലേ; ഈ ക്രൂരമായ ആക്രമണങ്ങൾ നടന്നത് പോലീസിന്റെ മുതിർന്ന ഉദ്യോഗസ്ഥർക്ക് അറിയില്ലേ; അവർക്ക് പരാതികൾ ലഭിച്ചിട്ടില്ലേ; പൊലീസ് സ്റ്റേഷനിൽ വച്ച് ഡി.വൈ.എഫ്.ഐ.-കാരനെ തല്ലിക്കൊന്ന കേസിൽ മുഖ്യമന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടല്ലോ? മുഖ്യമന്ത്രിക്ക് പരാതി അയച്ചോയെന്ന് ഇവിടെ ചോദിച്ചു, പൊലീസ് സ്റ്റേഷനിൽ വച്ച് ഡി.വൈ.എഫ്.ഐ.-കാരനെ തല്ലിക്കൊന്നിട്ട് നടപടിയെടുക്കാത്ത മുഖ്യമന്ത്രിയാണോ യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് പരാതി നൽകിയാൽ നടപടിയെടുക്കുന്നത്? ലോക്കൽ സെക്രട്ടറിയുടെ കരണത്ത് അടിച്ചിട്ട് അതിനെതിരെ നടപടിയെടുത്തിട്ടില്ല. നിങ്ങളുടെ സ്പെഷ്യൽ ബ്രാഞ്ച് എന്താണ് ചെയ്യുന്നത്? നിങ്ങളുടെ ഇന്റലിജൻസ് സംവിധാനം ഇതൊന്നും അറിയിക്കുന്നില്ലെങ്കിൽ ആ

സംവിധാനത്തെ പിരിച്ചുവിടാൻ തയ്യാറാകണം. അതല്ല, എല്ലാം അറിഞ്ഞുകൊണ്ടാണ് നടപടിയെടുക്കാത്തതെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ആഭ്യന്തരവകുപ്പിന്റെ ചുമതല ഒഴിഞ്ഞുപോകണം.

റഷ്യയിലെ സ്റ്റാലിന്റെ ഗുലാഗിനെക്കുറിച്ച് ഞങ്ങൾ വായിച്ചിട്ടുണ്ട്. രാഷ്ട്രീയ എതിരാളികളെയും ശത്രുക്കളെയും സംശയമുള്ളവരെയും ഈ ഗുലാഗിൽ കൊണ്ടുപോയി കസ്റ്റോഡിയൽ ടോർച്ചറിന് വിധേയമാക്കിയ നിരവധി കഥകൾ പുറത്തുവന്നിട്ടുണ്ട്. ഇത് സ്റ്റാലിന്റെ റഷ്യയല്ല; ഇത് ജനാധിപത്യ കേരളമാണ്. നിങ്ങൾ സ്റ്റാലിൻ ചമയാൻ ശ്രമിച്ചാൽ ഞങ്ങൾ അതിനെ ചോദ്യം ചെയ്യുകതന്നെ ചെയ്യും. ഈ വാർത്ത പുറത്തുവന്നതിനെത്തുടർന്ന് നിരവധി വിഷയങ്ങൾ എല്ലാ ജില്ലയിൽനിന്നും വരുന്നുണ്ട്. ബഹു. മുഖ്യമന്ത്രി, നിങ്ങൾ ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള ആളല്ലേ; നിങ്ങൾ ഇതുവരെ ഒരു മറുപടി പറഞ്ഞില്ലല്ലോ; കേരളത്തിലെ പൊതുസമൂഹത്തോടും മാധ്യമങ്ങളോടും നിങ്ങൾ മറുപടി പറയേണ്ടേ? നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയാണ്, ഭരണത്തിന് നേതൃത്വം കൊടുക്കുന്ന ആളാണ്. നിങ്ങളുടെ കീഴിലുള്ള പൊലീസ് മനഃസാക്ഷിയെ ഞെട്ടിക്കുന്ന തരത്തിലുള്ള ക്രൂരമായ വൃത്തികേടുകൾ ചെയ്യുമ്പോൾ നിങ്ങൾ എന്തുകൊണ്ടാണ് മൗനം പാലിക്കുന്നത്; നിങ്ങൾക്ക് പറയാൻ ഡിഫൻസ്

ഉണ്ടായിരുന്നില്ലേ; നിങ്ങൾ ഇതുവരെ ഒരക്ഷരം പറഞ്ഞിട്ടില്ല. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഏതെങ്കിലുമൊരു ആഭ്യന്തര വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ ഇതുപോലെ മിണ്ടാതിരുന്നിട്ടുണ്ടോ; ഞാൻ തന്നെ അങ്ങയോട് പറഞ്ഞിട്ട് എത്ര ദിവസമായി; നിങ്ങളുടെ പൊലീസ് എങ്ങോട്ടുപോകുന്നു; എന്താണ്പറ്റിയത്? പൊലീസ്.......

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.....പ്ലീസ്....

ശ്രീ. വി. ഡി. സതീശൻ: സർ, ആർമി പോലെയും അർധ സൈനിക സംവിധാനം പോലെയുമുള്ള ഫോഴ്സാണ് പൊലീസ്. അതിനൊരു ഹൈറാർക്കിയുണ്ട്. ആ ഹൈറാർക്കി കേരളത്തിലെ പൊലീസിൽ പ്രവർത്തിക്കുന്നുണ്ടോ? നിങ്ങളുടെ രാഷ്ട്രീയ ഇടപെടലുകളും ഉപജാപക സംഘത്തിന്റെ ഇടപെടലുകളുമാണ് പൊലീസ് സംവിധാനത്തെ നിയന്ത്രിക്കുന്നത്. കേരളത്തിൽ ഡി.ജി.പി. പറഞ്ഞാൽ എസ്.പി. അനുസരിക്കുമോ? കാരണം എസ്.പി.-യെ നിയന്ത്രിക്കുന്നത് മറ്റൊരാളാണ്. എസ്.പി. പറഞ്ഞാൽ എസ്.എച്ച്.ഒ. കേൾക്കുമോ? എസ്.എച്ച്.ഒ.-ക്ക് പ്രതിബദ്ധത മറ്റുവ്യക്തികളോടാണ്. ഈ സർക്കാർ കഴിഞ്ഞ ഒൻപത് വർഷക്കാലംകൊണ്ട് പൊലീസിന്റെ ഹൈറാർക്കിയെ തകർത്ത് തരിപ്പണമാക്കി. ഒരുകാലത്ത് സ്കോട്ട്ലാൻഡ് യാർഡിനെ വെല്ലുന്ന

പൊലീസായിരുന്നു ഇവിടുത്തേത്. മിടുമിടുക്കൻമാരായ പൊലീസ് ഉദ്യോഗസ്ഥർ ഇപ്പോഴും സർവീസിലുണ്ട്. അവർക്ക് എന്തെങ്കിലും പ്രസക്തിയുണ്ടോ? ഏറാൻമൂളികൾക്ക് പ്രോത്സാഹനം നൽകുകയും വൃത്തികേടുകൾ ചെയ്യുന്നവരെ കുടപിടിച്ച് സംരക്ഷിക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങളവർക്ക് പൊളിറ്റിക്കൽ പ്രൊട്ടക്ഷൻ നൽകുകയാണ്. പറവൂരിലെ എന്റെ വീട്ടിലേക്ക് പൊലീസ് നോക്കിനിൽക്കെ 30 പേർ മാർച്ച് നടത്തുകയുണ്ടായി. അതിൽ 15 പേർ പാർട്ടിക്കാരും 15 പേർ ക്രിമിനലുകളുമാണ്. എന്റെ വീടിനുമുമ്പിൽ സ്ഥാപിച്ചിരുന്ന ബോർഡ് അടിച്ചുതകർത്ത് വീട്ടിലേക്ക് അതിക്രമിച്ച് കയറുകയും എന്റെ ഓഫീസിൽ വന്ന ഒരു ചെറുപ്പക്കാരന്റെ കരണത്തടിക്കുകയും ചെയ്തു. അങ്ങയുടെ കസേരയിൽ ഒരു കോൺഗ്രസ് മുഖ്യമന്ത്രിയാണ് ഉണ്ടായിരുന്നതെങ്കിൽ പ്രതിപക്ഷ നേതാവിന്റെ വീട്ടിലേക്ക് അതിക്രമിച്ചുകയറുന്നത് നോക്കിനിന്ന പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമായിരുന്നു. ഞങ്ങൾ ജനപ്രതിനിധികളല്ലേ? കഴിഞ്ഞ ദിവസം ടി. സിദ്ധിഖ് എം.എൽ.എ.-യുടെ ഓഫീസിലേക്ക് 15 പേർ മാർച്ച് ചെയ്തപ്പോൾ എം.എൽ.എ.-യുടെ ഓഫീസ് അടയ്ക്കണമെന്നാണ് പൊലീസ് പറഞ്ഞത്. എസ്.പി.-യുടെയോ ഡി.ജി.പി.-യുടെയോ ഓഫീസിലേക്ക് ഞങ്ങൾ മാർച്ച് ചെയ്യുമ്പോൾ നിങ്ങൾ

ഓഫീസ് അടക്കുമോയെന്ന് ഞാൻ എസ്.പി.-യോട് ചോദിച്ചു. 15 പേർ മാർച്ച് ചെയ്യുപ്പോൾ എം.എൽ.എ.-യോട് ഓഫീസ് അടച്ചിടണമെന്ന് പൊലീസ് അഡ്വൈസ് ചെയ്തു. എന്റെ വീട്ടിലേക്ക് മാർച്ച് ചെയ്യുമ്പോൾ ഞാൻ വീട് അടച്ച് അകത്ത് കയറി ഇരിക്കണോ; അല്ലെങ്കിൽ നാടുവിട്ട് പോകണോ; നിങ്ങളുടെ പൊലീസിന് എന്താണ് പണി? നിങ്ങളുടെ പൊലീസാണ് ഈ വൃത്തികേടുകൾക്ക് മുഴുവൻ കൂട്ടുനിൽക്കുന്നത്. അവർക്ക് ഏരിയ സെക്രട്ടറിയെയും ജില്ലാ സെക്രട്ടറിയെയുമൊക്കെ ഭയമാണ്. പ്രതിപക്ഷ നേതാവിന്റെയോ എം.എൽ.എ.-യുടെയോ വീട്ടിലേക്ക് ഇരച്ചുകയറിവരുന്നവനെ തടുത്തുനിർത്തി പോകരുത് എന്നുപറഞ്ഞാൽ ഒരുപക്ഷേ ആ സ്ഥാനത്ത് ആ എസ്.എച്ച്.ഒ. ഉണ്ടാകില്ല. ഏരിയ സെക്രട്ടറിയോ ജില്ലാ സെക്രട്ടറിയോ അവനെ സ്ഥലം മാറ്റും. എം.എൽ.എ.-യുടേയോ പ്രതിപക്ഷ നേതാവിന്റെയോ വീടിന് സംരക്ഷണം നൽകേണ്ടതില്ലെന്ന് ചിന്തിച്ചിട്ടോ അതിന് കഴിവില്ലാത്തതുകൊണ്ടോ അല്ല, ട്രാൻസ്ഫർ ലഭിച്ച് പോകേണ്ടിവരുമെന്ന ഭയംകൊണ്ടാണ്. പൊലീസ് ജീപ്പിന്റെ മുകളിൽ കയറിനിന്ന് എസ്.എഫ്.ഐ. നേതാവ് പ്രസംഗിച്ചു, ചാലക്കുടിയിൽ പോലീസ് ജീപ്പിൽ അറസ്റ്റ് ചെയ്ത് കൊണ്ടുപോയ ആളെ ഏരിയ സെക്രട്ടറി ഇറക്കി കൊണ്ടുപോയി; എന്നിട്ട് അയാൾക്കെതിരെ

എന്തെങ്കിലും നടപടി സ്വീകരിച്ചോ? അയാളിപ്പോഴും സ്ഥാനത്ത് തുടരുകയാണ്. എന്നാൽ അറസ്റ്റ് ചെയ്ത ഉദ്യോഗസ്ഥനെയാണ് സ്ഥലം മാറ്റിയത്. നിങ്ങൾ പൊലീസിൽ രാഷ്ട്രീയം തിരുകിക്കയറ്റി പഴയകാലത്തെ ഓർമ്മകളിലേക്ക് കേരളത്തെ കൊണ്ടുപോകുകയാണ്. ഇപ്പോൾ പുറത്തുവന്ന കേസ്സുകളിൽ ഉത്തരവാദികളായ ആളുകളെ, കുന്നംകുളം കേസ്സിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരെ, ഒരു കുഞ്ഞിനോട് ഇത്രയും ക്രൂരമായി പെരുമാറിയവരെ സർവീസിൽ വച്ചുകൊണ്ടിരിക്കരുത് എന്ന് ഞങ്ങൾ വീണ്ടും ആവർത്തിക്കുകയാണ്. അവരെ സംരക്ഷിക്കാനാണ് നിങ്ങളുടെ ഭാവമെങ്കിൽ, നിങ്ങൾ ഇത്രയും ദിവസം മൗനം പാലിച്ചത് അതുകൊണ്ടാണെങ്കിൽ അവരെ സർവീസിൽനിന്ന് പുറത്താക്കുന്നതുവരെ ഞങ്ങൾ സമരം തുടരും. അവരെ സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള ശ്രമത്തിലാണ് നിങ്ങൾ. ഒരു കുറ്റവും ചെയ്തിട്ടില്ലെങ്കിൽ പിന്നെ എന്തിനാണ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തത്? ആ വിഷ്വൽ പുറത്തുവന്നതിനെത്തുടർന്ന് കേരളം അതിശക്തമായി പ്രതിഷേധിക്കുകയാണ്. ജനങ്ങളുടെ സഹായിയായി നിൽക്കേണ്ടവരല്ലേ പോലീസ്? സ്ത്രീകളുൾപ്പെടെയുള്ള ആളുകൾക്ക് പരാതിയുമായി പൊലീസ് സ്റ്റേഷനിൽ പോകുവാൻ ഭയമാണ്. പൊലീസ് സ്റ്റേഷനിൽ പരാതി നൽകിയ

ആളുടെ കൈവിരൽ വലിച്ചൊടിച്ച സംഭവമുണ്ടായിട്ടുണ്ട്. ഇവരെ സർവീസിൽനിന്ന് പുറത്താക്കുമോ ഇല്ലയോയെന്ന് അങ്ങ് പറഞ്ഞേ മതിയാകൂ. അതുവരെ ഈ നിയമസഭാ കവാടത്തിനുമുന്നിൽ ഇന്നുമുതൽ ഞങ്ങളുടെ രണ്ട് എം.എൽ.എ.-മാരായ ശ്രീ. സനീഷ്കുമാർ ജോസഫും ശ്രീ. എ. കെ. എം. അഷ്റഫും അനിശ്ചിതകാല സത്യാഗ്രഹം ആരംഭിക്കുകയാണ് ................(ബഹളം)........... ഇതിലൊരു നടപടിയുണ്ടാകുന്നതുവരെ ഈ സമരവുമായി ഞങ്ങൾ മുന്നോട്ടുപോകും. നടപടി സ്വീകരിക്കുമോയെന്ന് അങ്ങ് പറയണം. അങ്ങയുടെ നീണ്ടുനിൽക്കുന്ന പ്രഭാഷണത്തിനല്ല ഞങ്ങൾ കാത്തുനിൽക്കുന്നത്. പത്ത്, പന്ത്രണ്ട് ദിവസമായി മൗനം പാലിക്കുന്ന അങ്ങയുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം. നടപടിക്ക് അങ്ങ് തയ്യാറുണ്ടോ എന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്. ..............(ബഹളം)..........

<u>മി. സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്... പ്ലീസ്........ ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഞാൻ ചെറുപ്പം മുതൽ ജീവിക്കുന്നത് സ്റ്റാലിന്റെ റഷ്യയിലായിരുന്നില്ല. ജവഹർലാൽ നെഹ്റു നേതൃത്വം നൽകിയ കോൺഗ്രസ് ഭരണത്തിൻകീഴിലായിരുന്നു. അതിന്റെ ഭാഗമായിട്ടാണ് കേരളത്തിലെയും പൊലീസ് പ്രവർത്തിച്ചിരുന്നത്.

പൊലീസിനെക്കുറിച്ച് പറയുമ്പോൾ ആദ്യം ചിന്തിക്കേണ്ടത് ബ്രിട്ടീഷ് കോളനി വാഴ്ചക്കാലത്തെ പൊലീസിനെക്കുറിച്ചാണ്. അതിന്റെയൊരു തുടർച്ചയാണ് പിന്നീട് ഇവിടെയുണ്ടായത്. യഥാർഥത്തിൽ ബ്രിട്ടീഷുകാർ ഒരുക്കിയ പൊലീസ് സംവിധാനം ജനങ്ങൾക്കെതിരെയുള്ളതായിരുന്നു. എല്ലാ രീതിയിലും ജനങ്ങളെ മർദ്ദിച്ചൊതുക്കുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനമായിരുന്നു അത്. സ്വാതന്ത്ര്യ സമരരംഗത്ത് ഇറങ്ങിയവരെ അതിക്രൂരമായി മർദിച്ച് ഒതുക്കാൻ ശ്രമിച്ച കാഴ്ച നമ്മൾ കണ്ടതാണ്. രാജ്യത്ത് ഉയർന്നുവന്നിട്ടുള്ള ജനാധിപത്യ പ്രക്ഷോഭങ്ങളെയും അതേ രീതിയിൽത്തന്നെ അടിച്ചമർത്താനാണ് ശ്രമിച്ചത്. ഇത് സാമ്രാജ്യത്വ കാലത്താണ് നടന്നതെങ്കിൽ നമ്മുടെ രാജ്യം സ്വതന്ത്ര്യം നേടിയതിനുശേഷവും അതേ നിലതന്നെയാണ് തുടർന്നുകൊണ്ടിരുന്നത്. സ്വാതന്ത്ര്യസമരകാലത്ത് ഏതെല്ലാം തരത്തിലുള്ള ക്രൂരതകൾ അരങ്ങേറിയെന്നുള്ളതിന്റെ വിശദാംശങ്ങളിലേക്ക് ഞാനിപ്പോൾ കടക്കുന്നില്ല. അന്ന് ആ ക്രൂരതകൾക്ക് ഇരയാകുകയും അതിനെതിരെ പോരാടുകയും ചെയ്ത നേതാക്കളുടെ നേതൃത്വത്തിലുള്ള ഭരണം ഇന്ത്യയിൽ വന്നപ്പോൾ, ചോദ്യം ചെയ്യപ്പെടാത്ത ശക്തിയായി കോൺഗ്രസ് രാജ്യത്ത് നിലനിന്ന കാലഘട്ടത്തിൽ മുമ്പുണ്ടായിരുന്ന അതേ പൊലീസ് നയമാണ്

പിന്തുടർന്നുവന്നത്. ഒരുമാറ്റവും ഉണ്ടായില്ലെന്നത് നമ്മൾ ഓർക്കേണ്ടതുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്ത് നടന്ന വാഗൺ ട്രാജഡി എല്ലാവരെയും വേദനിപ്പിച്ച സംഭവമാണ്. കയ്യൂരിലും കരിവെള്ളൂരിലും മറ്റും കർഷക സമരങ്ങൾക്കുനേരെ നടന്നിട്ടുള്ളത് അതിക്രൂരമായ അടിച്ചമർത്തലുകളാണ്. ദിവാൻ ഭരണകാലത്ത് അഞ്ച് രൂപ പോലീസ് എന്നറിയപ്പെട്ടിരുന്ന ആർതർ സിംസണിന്റെ പോലീസ് പടയുടെ ക്രൂരതകൾ, കടയ്ക്കൽ, കല്ലറ, പാങ്ങോട് സമരങ്ങളിൽ ജനങ്ങൾക്കുനേരെ നടന്ന ആക്രമണങ്ങൾ ഇവയെല്ലാം നേരത്തെ നടന്ന സംഭവങ്ങളാണെങ്കിൽ 1947-നുശേഷം ഏറ്റവും കൂടുതൽ മർദനത്തിനിരയായത് കമ്മ്യൂണിസ്റ്റ് സഖാക്കളായിരുന്നു. അത് സ്റ്റാലിനെ അനുകരിച്ചതുകൊണ്ടാണോയെന്ന് അറിയില്ല. കോൺഗ്രസിന്റെ നേതൃത്വത്തിലാണ് രാജ്യത്ത് കാര്യങ്ങൾ നടന്നിരുന്നത്. അന്നിവിടെ ഏതെല്ലാം തരത്തിലുള്ള ക്രൂരതകളാണ് അരങ്ങേറിയിരുന്നതെന്ന് എല്ലാവർക്കുമറിയാം. എത്ര ക്രൂരമായാണ് കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടിയിരുന്നതെന്നത് ചരിത്ര വസ്തുതകളല്ലേ; അതൊക്കെ ചെയ്യാനുള്ള കരുത്ത് എങ്ങനെയാണ് കിട്ടിയത്? അങ്ങനെ ചെയ്യുന്നവർക്ക് എല്ലാ സംരക്ഷണവും നൽകുന്നതുകൊണ്ടാണ്. ഒരു ഘട്ടത്തിൽ കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടുന്നതിനായി കുറുവടിപ്പടയ്ക്ക് നേതൃത്വം നൽകിയിരുന്നു. ആ

കുറുവടിപ്പടയും പോലീസുകാരുംകൂടിയായിരുന്നു കമ്മ്യൂണിസ്റ്റുകാരെ തിരക്കി പോയിരുന്നത്. പോലീസ് കൂടെയുണ്ടാകുമ്പോൾ തന്നെ കുറുവടിപ്പടയിൽപ്പെട്ടവർ വീടിനകത്തുകയറി കിട്ടാവുന്നതെല്ലാം കൊള്ളയടിക്കുമായിരുന്നു. അങ്ങനെ എത്രയോ ഉദാഹരണങ്ങൾ കമ്മ്യൂണിസ്റ്റുകാർക്ക് പറയാനുണ്ട്, ഏതെല്ലാം തരത്തിലുള്ള ക്രൂരതകളുണ്ടായിട്ടുണ്ട്. ആ ക്രൂരതകളെല്ലാം ചെയ്യാൻ പാടില്ലെന്ന് ആരെങ്കിലും പറഞ്ഞോ; അക്കാലത്ത് വാഹനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയുന്ന റോഡുകൾ കുറവായതിനാൽ ഉൾപ്രദേശങ്ങളിൽനിന്നും കമ്മ്യൂണിസ്റ്റുകാരെ പിടിച്ചാൽ പോലീസ് വാഹനം പാർക്ക് ചെയ്യുന്ന സ്ഥലംവരെ തല്ലിക്കൊണ്ടാണ് അവരെ കൊണ്ടുപോയിരുന്നത്. ജനങ്ങളെ ഭയപ്പെടുത്താനും കമ്മ്യൂണിസ്റ്റ് പാർട്ടിയിലേയ്ക്ക് ആളുകൾ വരാതിരിക്കാനുമാണ് അങ്ങനെ ചെയ്തിരുന്നത്. ആ തരത്തിലുള്ള മർദന രീതികളായിരുന്നു അന്ന് അഴിച്ചുവിട്ടിരുന്നത്. ഇതിന്റെ ഭാഗമായി നടന്ന ഏതെങ്കിലും സംഭവത്തിൽ കുറ്റവാളികൾക്കെതിരെ/അതിക്രമം കാണിച്ചവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിരുന്നോ; എവിടംവരെ എത്തിയിരുന്നു അത്? ലോക്കപ്പിനകത്ത് മർദനം മാത്രമല്ല, ഇടിച്ചിടിച്ച് അതിക്രൂരമായി കൊല്ലുന്ന

അവസ്ഥവരെയുണ്ടായിട്ടുണ്ട്. നേരത്തെ ചില സംഭവങ്ങൾ ബഹുമാന്യരായ ചില എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ചിരുന്നു. മണ്ടോടി കണ്ണനെപ്പോലുള്ളവരെ എത്ര ക്രൂരമായാണ് ലോക്കപ്പിലിട്ട് തല്ലിക്കൊന്നത്. അതിന് എന്തെങ്കിലും നടപടിയുണ്ടായോ? ലോക്കപ്പിലിട്ട് തല്ലിക്കൊല്ലൽ മാത്രമല്ല, ലോക്കപ്പിലുണ്ടായിരുന്നയാളെ അവിടെ നിന്നിറക്കിക്കൊണ്ടുപോയി പാടിക്കുന്നിൽ നിർത്തി വെടിവച്ച് കൊന്നു. നമ്മുടെ രാജ്യം റിപ്പബ്ലിക് ആയതിനുശേഷം 1950-ലാണ് ആ സംഭവം നടന്നത്. അന്ന് കമ്മ്യൂണിസ്റ്റുകാരെ എന്തും ചെയ്യാവുന്ന അവസ്ഥയായിരുന്നു. അതല്ലേയുണ്ടായത്; ഇതിലെല്ലാം എന്തെങ്കിലും നടപടിയുണ്ടായോ; അങ്ങ് അടക്കം ഈ ഭാഗത്തിരിക്കുന്ന എത്രപേർ പോലീസിന്റെ ക്രൂരതയ്ക്ക് ഇരയായവരാണ്. എന്നെ ഉദ്ധരിച്ചുവെന്നുള്ളത് നല്ലകാര്യം. അത് വേറൊരു ഭാഗം. അതവിടെ ഇരിക്കട്ടെ. ഇവിടെ എന്തെല്ലാം തരം കാഴ്ചകളായിരുന്നു കണ്ടിരുന്നത്; നമ്മുടെ പ്രക്ഷോഭങ്ങളുടെ/സമരങ്ങളുടെ നേരെ സ്വീകരിച്ചിരുന്ന സമീപനം ഓരോ ഘട്ടത്തിലും എത്ര ക്രൂരമായിരുന്നു; കേരളത്തിന്റെ പൊതുചിത്രം എന്തായിരുന്നു; തെരുവുകളിൽ തല്ലുകൊണ്ട് രക്തം വാർന്നൊലിക്കുന്ന എത്രയെത്ര വിദ്യാർഥികളെയും യുവാക്കളെയുമാണ് ഒരുകാലത്ത് നാം കണ്ടിരുന്നത്; എത്ര ഭീകരമായ മർദനമായിരുന്നു;

മർദിച്ചവർക്കെതിരെ എന്തെങ്കിലും നടപടിയുണ്ടായോ? ഇതെല്ലാം ഓർക്കേണ്ട ഒരുകാലം കേരളത്തിലുണ്ടായിരുന്നു. അക്കാലത്ത് പ്രകടനങ്ങൾപോലും നടത്താൻ കഴിയില്ലായിരുന്നു. പ്രകടനങ്ങൾ നടത്തുമ്പോൾ ആ പ്രകടനത്തിനുനേരെ ഒരു കാരണവുമില്ലാതെ പോലീസ് ചാടിവീഴുകയും അത്തരം പ്രകടനങ്ങൾ തല്ലിപ്പിരിക്കുകയും ചെയ്യുമായിരുന്നു. ഇത് എവിടെനിന്ന് കിട്ടിയതാണ്; ഇതെല്ലാം ബ്രിട്ടീഷുകാരന്റെ കാലത്തുനിന്നും കിട്ടിയതാണ്. അതിന് തുടർച്ചയാണുണ്ടായത്. ജന്മിമാർക്കെതിരെ മുദ്രാവാക്യം വിളിക്കാൻ കഴിയില്ല, ഒരു ഫാക്ടറിയിലെ തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളുയർത്തിക്കൊണ്ട് പ്രക്ഷോഭങ്ങൾ നടത്താൻ കഴിയില്ല. അക്രമമൊന്നുമുണ്ടാകണ്ട, പ്രകടനം നടത്തിയാൽതന്നെ തല്ലിപ്പിരിക്കുമായിരുന്നു. അവർക്കെല്ലാം സംരക്ഷണം കിട്ടിയതുകൊണ്ടാണ് ആ പോലീസ് ഉദ്യോഗസ്ഥർക്ക് അത്തരം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞത്. കേരളത്തിൽ ഇതിനുമാറ്റം വന്നത് എപ്പോഴാണ്? അതാണ് നാം ശ്രദ്ധിക്കേണ്ട മറ്റൊരുകാര്യം. രാജ്യത്തുതന്നെ നടപ്പായ ഈ നയം ആദ്യം മാറ്റംകുറിക്കുന്നത് കേരളത്തിലാണ്. അതിനിടയാക്കിയത് 1956-ൽ കേരള സംസ്ഥാനം രൂപംകൊണ്ടതിനുശേഷം 1957-ൽ തിരഞ്ഞെടുപ്പ് നടന്നപ്പോഴാണ്. അന്ന് കമ്മ്യൂണിസ്റ്റുകാരെ ജനങ്ങൾ

അധികാരത്തിലെത്തിച്ചു. ആ ഗവൺമെന്റാണ് അതുവരെ രാജ്യത്താകെ നടപ്പാക്കിവന്ന പോലീസ് നയത്തിൽ സാരമായ മാറ്റംവരുത്തിയത്. ലോക്കപ്പുകളെ സംബന്ധിച്ചും തൊഴിൽ സമരങ്ങളിലുള്ള പോലീസ് ഇടപെടലിനെ സംബന്ധിച്ചുമാണ് മാറ്റംവരുത്തിയത്. പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന ആളുകളോട് എങ്ങനെ പെരുമാറണം എന്നതടക്കമുള്ള കാര്യങ്ങളിൽ മാറ്റംവരുത്തിയിരുന്നു. ഇവയെല്ലാം സമൂഹം പൊതുവിൽ സ്വീകരിച്ച മാറ്റങ്ങളായിരുന്നു. എന്നാൽ ആ ഗവൺമെന്റ് രണ്ട് വർഷമേ അധികാരത്തിലുണ്ടായിരുന്നുള്ളൂ. അതിന്റെ ചരിത്രത്തിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. അതുകഴിഞ്ഞതിനുശേഷവും വീണ്ടും പഴയ രീതിയിലേക്കാണ് നിങ്ങൾ തിരിച്ചുപോയത്. നിങ്ങൾ ലോക്കപ്പുകളെ ഇടിമുറികളാക്കി മാറ്റിയില്ലേ? നമ്മുടെ നാട്ടിലെ സമീപനത്തിന്റെ കാര്യത്തിലാണ് വ്യത്യാസങ്ങൾ കാണേണ്ടത്. കോൺഗ്രസ്സിന്റെ സമീപനമല്ല ഇവിടെ ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. പോലീസ് എന്നത് വലിയൊരു സേനയാണ്. ആ വലിയ സേനയിൽ ഏതെങ്കിലും ചില ആളുകൾ തെറ്റായ കാര്യങ്ങൾ ചെയ്താൽ അവരെ സംരക്ഷിക്കേണ്ട ബാധ്യത സാധാരണഗതിയിൽ ഞങ്ങൾക്കില്ല. പക്ഷെ, ഒരു ഘട്ടത്തിലും നിങ്ങൾ അതല്ല സ്വീകരിച്ചത്. ഏറ്റവും ഒടുവിൽ വി. എസ്. അച്യുതാനന്ദൻ നടത്തിയ

പ്രസംഗം ഒരു ബഹുമാന്യനായ അംഗം ഉദ്ധരിക്കുന്നത് കേട്ടു. ആരെ ചൂണ്ടിയാണ് അദ്ദേഹം പ്രസംഗിച്ചത്? നിങ്ങളെ, കോൺഗ്രസ്സിനെ, യു.ഡി.എഫ്.-നെ, യു.ഡി.എഫ്.-ന്റെ മുഖ്യമന്ത്രിയെ ചൂണ്ടിയാണ് അദ്ദേഹം പ്രസംഗിച്ചത്. ഏറ്റവും ഒടുവിലുള്ള 2011-2016 കാലത്തടക്കം നിങ്ങൾ സ്വീകരിച്ച നയത്തിന്റെ ഭാഗമാണ് അദ്ദേഹത്തിന് ചൂണ്ടിക്കാണിക്കേണ്ടി വന്നത്. അതല്ലേ വസ്തുത; എന്താണ് അതിലുള്ള വ്യത്യസം? നിങ്ങൾ നിങ്ങളുടേതായ താൽപര്യ സംരക്ഷണത്തിനുവേണ്ടി പോലീസിനെയും പോലീസ് ഉദ്യോഗസ്ഥരെയും ഉപയോഗിക്കുകയായിരുന്നു. ഇവിടെ അതിന്റെ ഏതെല്ലാം തരത്തിലുള്ള ഇടപെടലുകൾ നടത്തിയതെന്നുള്ളതിന്റെ ഉദാഹരണങ്ങളും ചേരിപിടിത്തത്തിന്റെയും മത്സരത്തിന്റെയും കഥകളും പറയുകയുണ്ടായി. പലതരത്തിൽ നിങ്ങൾക്ക് അവരെ ഉപയോഗിക്കേണ്ടതിനാൽ അവരെ സംരക്ഷിക്കണമായിരുന്നു. അതിന്റെ ഭാഗമായി സാധാരണ അന്തരീക്ഷത്തിൽനിന്നും നിങ്ങൾ മാറിപ്പോകുന്ന അവസ്ഥയാണുണ്ടായത്. നമ്മുടെ നാട്ടിൽ ഇക്കാര്യങ്ങളിൽ ഫലപ്രദമായ മാറ്റംവരുത്താനാണ് അധികാരത്തിലിരുന്ന ഘട്ടങ്ങളിലെല്ലാം എൽ.ഡി.എഫ്. സർക്കാരുകൾ ശ്രമിച്ചിട്ടുള്ളത്. അതിൽ 2006-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ സമഗ്രമായ ഒരു

നിയമം തന്നെ വന്നു. ആ നിയമം രാജ്യത്തുതന്നെ മാതൃകയായ ഒരു നിയമമായിരുന്നു. അതിനുശേഷമുള്ള കാലയളവിലും നിങ്ങൾ സ്വീകരിച്ചിരുന്ന നില പഴയ നിലതന്നെയായിരുന്നു. എന്നാൽ 2016-നുശേഷം ഞങ്ങൾ സ്വീകരിക്കുന്ന പൊതുവായ നിലയുണ്ട്. ആ നില തെറ്റ് ചെയ്തവർക്കെതിരെ കർക്കശമായ നടപടിയെന്നത് തന്നെയാണ്. അത് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയാത്ത ഒരു കാര്യമാണ്. ഇവിടെ ചില സംഭവങ്ങൾ നേരത്തെ എടുത്തുപറയുകയുണ്ടായി. ഞാൻ അതിന്റെ ആവർത്തനത്തിലേക്ക് കടക്കുന്നില്ല. എന്തെല്ലാം തരത്തിലുള്ള തെറ്റായ നടപടികളായിരുന്നു നടന്നിരുന്നതെന്ന് ഓർമ്മിച്ച് നോക്കിയാൽ മതി. ഈ നാട്ടിൽ ഗുണ്ടകൾക്ക് അകമ്പടി സേവിക്കുന്ന ഒരു വിഭാഗമാക്കി പോലീസിനെ മാറ്റിയത് ആരായിരുന്നു? ഇതൊക്കെ സാധാരണഗതിയിൽ പ്രതീക്ഷിക്കാൻ കഴിയുന്ന ഒരു കാര്യമാണോ? ഗുണ്ടകളുടെ കൈയിലെ ബാഗ് പോലീസ് പരസ്യമായി എടുത്തുകൊണ്ടുപോവുകയാണ്. ആ ബാഗിൽ ബോംബുകളുണ്ട്; കൊടുവാളുകളുണ്ട്. ഇതിന്റെയെല്ലാം പിന്നാലെ പോലീസ് അകമ്പടി പോവുകയാണ്, ലക്ഷ്യംവയ്ക്കുന്നത് ചില വീടുകളെയും പ്രവർത്തകരെയുമായിരിക്കും. അന്ന് ലക്ഷ്യംവച്ചത് ഞങ്ങളുടെ പ്രവർത്തകരെയായിരുന്നു. കേരളത്തിൽ അന്നത്തെ കോൺഗ്രസ്സിന്റെ

ആഭ്യന്തരമന്ത്രിയുടെ പൂർണ്ണ സംരക്ഷണത്തോടെയായിരുന്നു അത്തരം അതിക്രമങ്ങൾ നടന്നിരുന്നത്. ബോംബിന്റെ സംസ്കാരം ആദ്യം കൊണ്ടുവന്നതും ഈ വഴിയിലാണ്. നമ്മുടെ നാടിന്റെ ചരിത്രം പരിശോധിച്ചാൽ നമ്മുടെ നാട്ടിലെ ജനങ്ങൾ വളരെ സമാധാനപ്രിയരായ നാട്ടുകാരായിരുന്നു. എന്തെങ്കിലും ബഹളങ്ങളോ വാക്കുതർക്കങ്ങളോ തല്ലലോ മറ്റോ ഉണ്ടായാൽ, ഏറി വന്നാൽ ഉപയോഗിക്കുന്ന ഒരു ആയുധത്തെപ്പറ്റി അന്ന് കേൾക്കുന്നത് ചില ചെറിയ കത്തികളാണ്. അത് ബോംബിലേക്ക് മാറ്റിയത് ആരാണ്? പിന്നീട് മാറ്റങ്ങൾ വന്നിട്ടുണ്ട്. നിങ്ങളിൽനിന്ന് വേറൊരു കൈകളിലേക്ക് കാര്യങ്ങൾ എത്തിയപ്പോൾ, ആർ.എസ്.എസ്.-ന്റെ കാലം വന്നപ്പോൾ പിന്നീടതിന് മാറ്റം വന്നിട്ടുണ്ട്. അതിന് വലിയ പുരോഗതിയുണ്ടായിട്ടുണ്ട്. പക്ഷേ, ആദ്യത്തെ മാറ്റം നിങ്ങളാണ് വരുത്തിയത്. അന്ന് അത്തരം ഗുണ്ടകൾക്ക് അകമ്പടി സേവിക്കുകയായിരുന്നു പോലീസ്. എന്തിനാണത്; ഈ പറയുന്ന ഞങ്ങളുടെ പ്രവർത്തകരെ ആക്രമിക്കാൻ പോകുമ്പോൾ ആ പ്രവർത്തകരിൽനിന്ന് തിരിച്ചൊന്നും ഉണ്ടാകാതിരിക്കണം. അതിന്റെ ഉറപ്പിനാണ് പോലീസ്. പോലീസ് അവരെ പിടിച്ചുകൊള്ളും. നമ്മൾ എന്തെല്ലാം നെറികേടുകൾ കണ്ടതാണ്. അതെല്ലാം കണ്ട നാടല്ലേയിത്? ഞങ്ങൾ അധികാരത്തിൽ

വന്ന ഘട്ടത്തിലൊന്നും അത് ആവർത്തിക്കാനല്ല ശ്രമിച്ചത്. അത് നിങ്ങളുടെ സംസ്കാരം. ആ സംസ്കാരത്തിൽ നിന്ന് മാറി പുതിയൊരു സംസ്കാരം പടുത്തുയർത്താനാണ് ഞങ്ങൾ ശ്രമിച്ചത്. അതിന്റെ ഭാഗമായി നല്ല മാറ്റം കേരളത്തിലെ പോലീസിനുണ്ടായി എന്നുതന്നെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇപ്പോൾ അടുത്ത ദിവസം വന്ന ഒരു കോടതി വിധി നമ്മളെല്ലാവരെയും വല്ലാതെ വേദനിപ്പിച്ചു; അത് ഏത് വിധിയായിരുന്നു? ഉദയകുമാറിനെ ഉരുട്ടിക്കൊന്ന സംഭവം. ആ പ്രതികളെയെല്ലാം മോചിപ്പിക്കുന്ന നിലവന്നു. വലിയ തോതിൽ സമൂഹ മനസ്സാക്ഷിയെ വേദനിപ്പിച്ച ഒരു സംഭവമാണത്. അമ്മയ്ക്കുള്ള ഓണക്കോടിയും വാങ്ങി പാർക്കിലിരുന്ന ഉദയകുമാറിനെയാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. ആ ഉദയകുമാറാണ് പിന്നീട് പോലീസ് കസ്റ്റഡിയിൽവച്ച് മരിക്കുന്നത്. ഇവിടെ അന്ന് അവിടത്തെ പോലീസ് ഒരു വ്യാജ എഫ്.ഐ.ആർ. തയ്യാറാക്കി മോഷണക്കുറ്റം ഇയാളിൽ ചുമത്താൻ ശ്രമിച്ചു. യഥാർത്ഥത്തിൽ, ഉദയകുമാറിന്റെ തുടകളിൽ, ഉള്ളംകാലുകളിൽ അടിയേറ്റ പാടുകളുണ്ടായിരുന്നു. അത് ത്വക്ക് രോഗമാണെന്ന് സ്ഥാപിക്കാനാണ് പോലീസ് ശ്രമിച്ചത്. ഉരുട്ടിയതിന്റെ ക്രൂരതയെപ്പറ്റി കൂടുതൽ പറയേണ്ടതില്ല. ഉരുട്ടിക്കൊലപ്പെടുത്തുകയായിരുന്നു. നമ്മുടെ സംസ്ഥാനത്ത് അതുപോലുള്ള

എത്രയെത്ര ക്രൂരമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആ സംഭവങ്ങൾ നടന്നപ്പോൾ അത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ ആളുകളെ, ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതിനുള്ള നടപടിയാണ് നിർഭാഗ്യവശാൽ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നുണ്ടായത്. ആ സമീപനത്തിലാണ് വ്യത്യാസം. അത്തരത്തിൽ സംരക്ഷിക്കുന്ന സമീപനം ഞങ്ങളുടെ ഭാഗത്തില്ല. ഇത്തരത്തിലുള്ള എന്തെങ്കിലും അതിക്രമങ്ങൾ എവിടെയെങ്കിലും ഉണ്ടായാൽ ആ അതിക്രമങ്ങൾക്കെതിരെ കർക്കശമായ നടപടിയെടുക്കുന്നതാണ് ഞങ്ങളുടെ നിലപാട്. അക്കാര്യത്തിൽ ഒരു മാറ്റവുമില്ല. 2006-ൽ ഞങ്ങൾ പോലീസിനൊരു പുതിയ മുഖം നൽകാനാണ് ശ്രമിച്ചത്. ജനമൈത്രി പോലീസ് എന്ന നിലയിലേക്ക് മാറ്റാനുള്ള ശ്രമം ഉണ്ടായി. നല്ല മാറ്റം അക്കാര്യത്തിലുണ്ടായി എന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിന്റെ ഏറ്റവും വലിയ തെളിവ് ആ ജനമൈത്രി സ്വഭാവം നല്ല രീതിയിൽ പ്രകടിപ്പിക്കാൻ സാധിക്കുന്ന ഒരു ഭരണസംവിധാനം 2006-2011 കഴിഞ്ഞതിനുശേഷം പിന്നെ വരുന്നത് 2016-ലാണ്. ആ 2016-നുശേഷമുള്ള പോലീസിന്റെ ഇടപെടൽ; അതായത് നിപ ബാധിച്ച ഘട്ടം, നമ്മുടെ സംസ്ഥാനത്തെ പ്രളയ ഘട്ടം, 2019-ലെ അതിരൂക്ഷമായ കാലവർഷക്കെടുതിയുടെ ഘട്ടം, അതിന്റെ തുടർച്ചയായി

വന്ന കോവിഡ് മഹാമാരിയുടെ ഘട്ടം എന്നീ കാലഘട്ടങ്ങളിലെല്ലാം കേരളാ പോലീസിന്റെ വളരെ വ്യത്യസ്തമായ ഒരു മുഖമാണ് ആർക്കും ദർശിക്കാനായത്. അത് ജനോന്മുഖമായിരുന്നു, ജനങ്ങൾക്കുവേണ്ടി താൽപര്യപൂർവം ഇടപെടുന്ന പോലീസുകാരെയാണ് നമുക്ക് അവിടെ കാണാൻ കഴിഞ്ഞത്. അത്തരമൊരു അവസ്ഥ വന്നപ്പോൾ അതിന്റെ ഭാഗമായി വലിയ മാറ്റം കേരളത്തിലെ പോലീസിൽ മൊത്തത്തിൽ ഉണ്ടായിട്ടുണ്ട്. മഹാഭൂരിപക്ഷം ഈയൊരു പുതിയ സംസ്കാരത്തിലേക്ക് വന്നിട്ടുണ്ട്. എന്നാൽ സമൂഹത്തിൽ നിലനിൽക്കുന്ന ചില തെറ്റായ കാര്യങ്ങൾ പോലീസ് യൂണിഫോമിട്ടു എന്നതുകൊണ്ടുമാത്രം എല്ലാവരിൽനിന്നും ഒഴിഞ്ഞുപോകില്ല. ചില വ്യക്തികൾ ഈ പുതിയ സമീപനം അതുപോലെ ഉൾക്കൊള്ളാത്തവരുണ്ടാകും; പഴയതിന്റെ ഹാങ്ങ് ഓവറിൽ നിൽക്കുന്നവരുണ്ടാകും. അത്തരം ആളുകൾ തെറ്റ് ചെയ്താൽ അവരെ സംരക്ഷിക്കുന്ന സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. അതാണ് നാം കാണേണ്ടകാര്യം. ഒരുതരത്തിലും അവരെ സംരക്ഷിക്കാൻ സർക്കാർ തയ്യാറാകില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, അങ്ങ് ആവർത്തിച്ചാവർത്തിച്ച് മൂന്നോ നാലോ പ്രാവശ്യം പറഞ്ഞു 'തെറ്റ് ചെയ്തവരെ

രക്ഷിക്കാൻ ശ്രമിക്കില്ല' എന്ന്. ഇത്രയും വർഷക്കാലം ഈ വിവരം അറിഞ്ഞിട്ട് നിങ്ങൾ ഇവരെ സംരക്ഷിക്കുകയായിരുന്നു. ഈ വിഷയം ഞങ്ങൾ കൊണ്ടുവന്നിട്ട്, ഇത്രയും ക്രൂരമായി കസ്റ്റോഡിയൽ ടോർച്ചർ നടത്തിയ, ഞെട്ടിക്കുന്ന രീതിയിൽ പെരുമാറിയ ഈ ഉദ്യോഗസ്ഥരെ അങ്ങ് സർവീസിൽനിന്നും പിരിച്ച് വിടുമോ എന്നതാണ് ഞങ്ങളുടെ സ്പെസിഫിക് ആയിട്ടുള്ള ചോദ്യം. അങ്ങ് എന്താണ് ഉത്തരം പറയുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെതന്നെ ആ ചോദ്യം ചോദിച്ചു. ഞാനത് കേട്ടിരിക്കുകയല്ലേ? ഞാൻ അതിന് മറുപടി പറഞ്ഞുകൊണ്ടിരിക്കുകയാണ്. കുറ്റം ചെയ്താൽ ആ കുറ്റം ചെയ്തവർക്കെതിരെ ഞങ്ങൾ നടപടി സ്വീകരിക്കുന്നുണ്ടോ എന്നുള്ളതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുണ്ടായ സംശയം. അവിടെയാണ് വ്യത്യാസം; നമ്മുടെ പോലീസിൽ ആരെങ്കിലും കുറ്റം ചെയ്തതായി കണ്ടാൽ ഞങ്ങൾ അവരെ സംരക്ഷിക്കുന്നില്ല. കണക്കുകൾ പരിശോധിച്ചാൽ 2016 മേയ് മുതൽ 2024 ജൂൺ വരെയുള്ള കാലയളവിൽ 108 പോലീസുകാരെയാണ് സർവീസിൽനിന്നും പിരിച്ചുവിട്ടത്. ഞാൻ പറഞ്ഞത് 1956 മുതൽ എന്നല്ല 2016 മുതൽ 2024 വരെയെന്നാണ്. അപ്പോൾ 2024 ജൂൺ വരെ 108 പോലീസുകാരെ സർവീസിൽനിന്നും

പിരിച്ചുവിടുന്ന നടപടി ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ ഏതെങ്കിലും ഒരു നടപടി..... കേരളത്തിലെ ആകെ അവസ്ഥയെടുത്താൽ ദീർഘകാലം കോൺഗ്രസ് ആയിരുന്നില്ലേ അധികാരത്തിലുണ്ടായിരുന്നത്? അക്കാലത്ത് ഏതെങ്കിലും ഒരാളെ പിരിച്ചുവിട്ടുവെന്ന് പറയാൻ സാധിക്കുമോ? അക്കാലത്തെല്ലാം എന്തെല്ലാം കുറ്റകൃത്യങ്ങൾ നടന്നിട്ടുണ്ട്. 2024 ഒക്ടോബർ മുതൽ 2025 സെപ്റ്റംബർ വരെ 36 പോലീസുകാരെ സർവീസിൽനിന്നും പിരിച്ചുവിട്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് താങ്കളുടെ സമീപമിരിക്കുന്ന ബഹുമാനപ്പെട്ട മുൻ ആഭ്യന്തരമന്ത്രിയോട് ഇതെല്ലാം ശരിയാണോയെന്ന് ചോദിക്കാവുന്നതാണ്. കഴിഞ്ഞ ഒമ്പത് വർഷമായി ആകെ 144 പോലീസുകാരെയാണ് വിവിധ നടപടികളുടെ ഭാഗമായി സേനയിൽനിന്നും പിരിച്ചുവിട്ടത്. നിങ്ങളുടെ കാര്യം വിട്ടുകളഞ്ഞാലും രാജ്യത്ത് മറ്റെവിടെയെങ്കിലും ഇത്രയും കർക്കശമായ നടപടികൾ സ്വീകരിച്ച ഒരു സംസ്ഥാന ഗവൺമെന്റിനെ കാണാൻ കഴിയുമോ? 2016 മുതൽ സമഗ്രമായ ഇടപെടലാണ് പോലീസ് സേനയിൽ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുള്ള ഗുണം എന്താണ്? ഇന്ന് രാജ്യത്തെ ഏറ്റവും മികച്ച കുറ്റാന്വേഷണ സംവിധാനമായി കേരളാ പോലീസ് മാറിയിട്ടുണ്ട്. ഇത് ഞങ്ങൾ മാത്രം പറയുന്നൊരു കാര്യമല്ല.

നമ്മുടെ രാജ്യത്തെയാകെ വിലയിരുത്തി കേന്ദ്ര സർക്കാർ, വിവിധ ഔദ്യോഗിക ഏജൻസികൾ ഇതിന്റെയെല്ലാം ഭാഗമായി എത്രയെത്ര അംഗീകാരങ്ങളാണ് കേരളാ പോലീസിന് നൽകിയിട്ടുള്ളത്. ഇതെല്ലാം പോലീസിന്റെ മികവ് എന്ന് പറയുമ്പോൾ ഈ പുതിയ രീതികളുടെ മികവാണ്. ഏതെങ്കിലും ഒരു സംഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളാ പോലീസ് ആകെ മോശപ്പെട്ടതാണ് എന്ന് ചിത്രീകരിക്കാൻ സാധിക്കില്ല. ഇപ്പോൾ കേരള സംസ്ഥാനവും ഇവിടത്തെ പോലീസും രാജ്യത്ത് അഴിമതി ഏറ്റവും കുറഞ്ഞ അവസ്ഥയിലാണ് നിൽക്കുന്നത്. അഴിമതി ഏറ്റവും കുറഞ്ഞത് എന്ന കാര്യത്തിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാൻ വകയുണ്ട്. അതിന്റെ അർത്ഥം അഴിമതി തീരെയില്ലാതായി എന്നാണോ; ഏതെങ്കിലും ഒരാൾ എന്തെങ്കിലും അഴിമതി കാണിച്ചാൽ അത് കേരളാ പോലീസിന്റെ ആകെ മികവിന് ഇടിവായിട്ട് വരുമോ? അയാളുടെ മേൽ കർക്കശമായ നടപടിയെടുക്കണം; അത്തരം നടപടിയിലേക്ക് നമ്മൾ നീങ്ങും. ഇതുതന്നെയാണ് ഓരോ കാര്യത്തിലും സംഭവിക്കുന്നത്. നിങ്ങൾ കാണേണ്ടത് തല്ലിച്ചതയ്ക്കാനും വെടിവച്ചുകൊല്ലാനുമുള്ള ഒരു സേനയാണ് പോലീസ് എന്ന ഒരു മനോഭാവത്തിലാണ് നിങ്ങൾ പോലീസിനെ നോക്കിക്കാണുന്നത്. അതല്ല ഞങ്ങളുടെ രീതി. അതുകൊണ്ടാണ് കോവിഡ്

കാലത്തൊക്കെ രോഗവ്യാപനം വന്നേക്കാമെന്ന് പല മുന്നറിയിപ്പുകൾ ഉണ്ടായിട്ടും സ്വയം സമർപ്പിച്ച് വിശ്രമരഹിതമായി അക്കാലത്ത് ഇടപെടുന്ന പോലീസ് സേനയെ നമുക്ക് കാണാൻ കഴിഞ്ഞത്. ചൂരൽമലയിൽ നമ്മൾ കണ്ടില്ലേ? എത്ര നല്ല ഇടപെടലാണ് മറ്റ് സേനകളോടൊപ്പം തന്നെ പോലീസ് സേനയുടെ ഭാഗത്തുനിന്നുമുണ്ടായത്. ജനങ്ങളുടെ ശത്രുക്കളായി പോലീസിനെ മാറ്റുന്ന പഴയ സംസ്കാരത്തിൽനിന്നും തീർത്തും വിഭിന്നമായ ഒരു സംസ്കാരം; ഒരു ജനോന്മുഖഭാവം നമ്മുടെ പോലീസിന് വന്നിരിക്കുന്നുവെന്ന് നാം മനസ്സിലാക്കണം. താൽക്കാലിക രാഷ്ട്രീയ ലാഭത്തിനുവേണ്ടി അതിനെ മറ്റ് രീതിയിൽ ചിത്രീകരിക്കാൻ ശ്രമിക്കുന്നത് നല്ലതല്ല. അതാണ് എനിക്ക് ഇക്കാര്യത്തിൽ ഓർമ്മിപ്പിക്കാനുള്ളത്. കുന്നംകുളം, എരുമപ്പെട്ടി പൊലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവിധ കേസുകളിൽ പ്രതിയായിട്ടുള്ള സുജിത് കുന്നംകുളം സ്റ്റേഷനിൽ മർദനത്തിനിരയായെന്ന് ആരോപിച്ചുകൊണ്ട് തൃശ്ശൂർ സിറ്റി ജില്ലാ പൊലീസ് മേധാവിക്ക് 2023 ഏപ്രിൽ 12-ന് പരാതി നൽകിയിരുന്നു. പരാതിയിൽ അടിയന്തര അന്വേഷണം നടത്തിയ തൃശ്ശൂർ സിറ്റി ഡി.സി.ആർ.ബി. അസിസ്റ്റന്റ് പൊലീസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടർക്ക് പുറമേ 4 സിവിൽ പൊലീസ് ഉദ്യോഗസ്ഥരെയും 2023

ഏപ്രിൽ 22-ന് സ്ഥലം മാറ്റുകയുണ്ടായി. തുടർന്നാണ് ആരോപണവിധേയർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയത്. പൊലീസ് സബ് ഇൻസ്പെക്ടർ അടക്കം മൂന്നുപേരുടെ വാർഷിക വേതന വർധന രണ്ട് വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടുള്ള ഉത്തരവും പുറപ്പെടുവിച്ചു. ഇതുമായി ബന്ധപ്പെട്ട് സുജിത് ഫയൽ ചെയ്ത സ്വകാര്യ അന്യായം കോടതി ഫയലിൽ സ്വീകരിച്ച് അന്വേഷണം നടത്താൻ നിർദേശിച്ചിരുന്നു. അതിനെത്തുടർന്ന് ഉത്തരമേഖലാ ഐ. ജി.യുടെ 2025 സെപ്റ്റംബർ 6-ലെ ഉത്തരവ് പ്രകാരം ആരോപണവിധേയരായ പൊലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. അതോടൊപ്പം വകുപ്പുതല അച്ചടക്ക നടപടിയുടെ പുനഃപരിശോധനാ നടപടികളും നടന്നുവരികയാണ്. അതിന്റെ ഭാഗമായാണ് മറ്റ് തീരുമാനങ്ങൾ വരേണ്ടത്.

പീച്ചിയിലെ ഒരു ഹോട്ടലിൽ നടന്ന വാക്ക് തർക്കവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ ഹോട്ടലിന്റെ ഉടമയായ ഔസേഫ് എന്നയാളുടെ മകനെയും ജീവനക്കാരനെയും പീച്ചി പൊലീസ് സ്റ്റേഷനിൽവച്ച് എസ്.എച്ച്.ഒ. ആയിരുന്ന രതീഷ് മർദിച്ചുവെന്നും ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസെടുത്ത് ജയിലിലിലടയ്ക്കുമെന്ന് ഭീഷണിപ്പെടുത്തിയെന്നും ആരോപിക്കപ്പെട്ട് പരാതി ലഭിച്ചിരുന്നു. സംഭവങ്ങളുമായി ബന്ധപ്പെട്ട്

രജിസ്റ്റർ ചെയ്ത രണ്ട് കേസുകളുടെയും അന്വേഷണം നടത്തുന്നതിനായി മണ്ണുത്തി പൊലീസ് സ്റ്റേഷൻ ഐ.എസ്.എച്ച്.ഒ.-യെ ചുമതലപ്പെടുത്തിയിരുന്നു. പരാതിയെത്തുടർന്ന് രതീഷിനെ തൃശ്ശൂർ സിറ്റി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൊല്ലം കണ്ണനല്ലൂർ പൊലീസ് സ്റ്റേഷനിൽ പരാതിക്കാരിയോടൊപ്പം എത്തിയ സജീവ് എന്നയാൾ പൊലീസ് ഉദ്യോഗസ്ഥനോട് കയർത്ത് സംസാരിക്കുകയും ബഹളം വയ്ക്കുകയും ചെയ്തത് സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. ഭർത്താവ് മദ്യപിച്ച് ബഹളം ഉണ്ടാക്കിയെന്ന പരാതിക്കാരിയുടെ പരാതിയിൽ ക്രൈം നമ്പർ 1338/2025 ആയി ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴയിൽ സ്വകാര്യ സ്ഥാപനത്തിലെ ഇൻവെർട്ടറിന്റെ ബാറ്ററി കാണാതായതുമായി ബന്ധപ്പെട്ട് ലഭിച്ച സി.സി.ടി.വി. ദൃശ്യങ്ങളിൽ വ്യക്തത വരുത്തുന്നതിന് അമൽ ആന്റണി എന്നയാളുടെ വീട്ടിലെത്തിയ പോലീസിനോട് നിസഹകരിച്ചതിനെത്തുടർന്ന് സംശയം ബലപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അമൽ ആന്റണിയെ സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുകയുണ്ടായി. തുടർന്ന് പരാതിക്കാരനായ കടയുടമ ബാറ്ററി പരിശോധിക്കുകയും ബാറ്ററി തന്റേതല്ലെന്ന് വ്യക്തമാക്കിയതിനെത്തുടർന്ന് അമലിനെ വിട്ടയയ്ക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരം പേരൂർക്കട

പൊലീസ് സ്റ്റേഷനിൽ സ്വർണ്ണമാല മോഷണം പോയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ പരാതിക്കാരിയുടെ വീട്ടിൽ ജോലി സഹായത്തിനായി നിന്ന യുവതിക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിനിടെ പരാതിക്കാരി സ്വർണമാല തിരികെ കിട്ടിയതായും തുടരന്വേഷണം ആവശ്യമില്ലെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എഫ്.എ.ഡി. റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. പ്രതി ചേർക്കപ്പെട്ട യുവതി പിന്നീട് പൊലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൽ നടത്തിയ അന്വേഷണത്തിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടർ പ്രസാദിനെയും ഗ്രേഡ് എ.എസ്.ഐ. പ്രസന്നകുമാറിനെയും സസ്പെൻഡ് ചെയ്തിരുന്നു. ഇക്കാര്യത്തിൽ ക്രൈം നമ്പർ 850/2025 ആയി പൊലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. 01-01-2020-ൽ അടൂർ പൊലീസ് സ്റ്റേഷൻ പരിധിയിലുണ്ടായ

വാഹനാപകട കേസിൽ വാഹനം ഓടിച്ചിരുന്നയാൾക്കെതിരെ മദ്യപിച്ചതിനും പൊലീസിന്റെ കൃത്യനിർവഹണത്തിന് തടസം വരുത്തിയതിനും ക്രൈം 07/2020-ആയി കേസ് രജിസ്റ്റർ ചെയ്തു. 5 മാസത്തിനുശേഷം ആ വ്യക്തി വീട്ടിൽ കുഴഞ്ഞുവീഴുകയും ആശുപത്രിയിൽ

എത്തിക്കവെ മരണപ്പെടുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ 1798/2020-ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരണ കാരണം ഹൃദയ സംബന്ധമായ അസുഖമാണെന്നാണ് പോസ്റ്റ്മാർട്ടം റിപ്പോർട്ട്. ചിറയിൻകീഴ് പൊലീസ് സ്റ്റേഷനിൽ പരാതിക്കാരനെ വിളിച്ചുവരുത്തിയ സന്ദർഭത്തിൽ പരാതിക്കാരന്റെ കണ്ണിൽ കുരുമുളക് സ്പ്രേ ചെയ്തുവെന്ന സബ്ഇൻസ്പെക്ടർക്കെതിരായ പരാതിയിന്മേൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്. കുണ്ടറയിൽ 2024 ഒക്ടോബർ 10-ാം തീയതി തോംസൺ തങ്കച്ചൻ ഭാര്യയെയും കുടുംബത്തെയും ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിൽ കുണ്ടറ പൊലീസ് സ്റ്റേഷനിൽ ക്രൈം നം.1553/24 -ആയി കേസന്വേഷണം പൂർത്തിയാക്കി കോടതിയുടെ പരിഗണനയിലാണ്. രണ്ട് മാസത്തിനുശേഷം തോംസൺ തങ്കച്ചനെ താമസസ്ഥലത്ത് മരണപ്പെട്ട നിലയിൽ കാണപ്പെടുകയുണ്ടായി. അമിത മദ്യപാനവും പാൻക്രിയാസിലും പിത്താശയത്തിലുമുള്ള രോഗത്തിന്റെ കാഠിന്യത്താലുമാണ് മരണപ്പെട്ടതെന്ന് അന്വേഷണത്തിന്റെ ഭാഗമായി വെളിപ്പെട്ടിട്ടുണ്ട്. കേസിന്റെ അന്വേഷണം പൂർത്തിയാക്കി 28-05-2025-ന് ഫൈനൽ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. പൊലീസ് കംപ്ലയിന്റ് അതോറിറ്റിയിലെ പരാതികളെപ്പറ്റി ഇവിടെ പറഞ്ഞു. 2017-ൽ

808 പരാതികൾ പൊലീസ് കംപ്ലയിന്റ് അതോറിറ്റിയിലുണ്ടായി. 2021-ൽ 272 പരാതികൾ രജിസ്റ്റർ ചെയ്തിരുന്നു. അതിൽ 270 കേസുകളും അതോറിറ്റി തീർപ്പാക്കി. 2022-ലും 2023-ലും 146 വീതം പരാതികളാണുണ്ടായത്. 2024-ൽ 94-ഉം 2025-ൽ 45-ഉം പരാതികളാണ് കംപ്ലയിന്റ് അതോറിറ്റിക്ക് ലഭിച്ചിട്ടുള്ളത്. പരാതികളുടെ എണ്ണത്തിൽ സ്വാഭാവികമായ കുറവുകൾ സംഭവിക്കുന്നത് പരാതികൾക്കിടയാകുന്ന സാഹചര്യം സംസ്ഥാനത്തിനകത്ത് നിലനിൽക്കുന്നില്ല എന്നതാണ് കാണിക്കുന്നത്. സമീപനത്തിന്റെ പ്രശ്നമാണ് ഏറ്റവും പ്രധാനം. പോലീസിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റായ കാര്യങ്ങൾ സംഭവിച്ചാൽ അത്തരം തെറ്റായ കാര്യങ്ങൾക്കെതിരെ കർക്കശമായ നടപടി സ്വീകരിക്കുകയെന്നതാണ് ഗവൺമെന്റിന്റെ സമീപനം. അക്കാര്യത്തിൽ പിരിച്ചുവിടൽ അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റത്തിന്റെ കാഠിന്യമനുസരിച്ച് അതേ സമീപനം തുടർന്നുപോകുകയാണ് ചെയ്യുന്നത്. പൊതുവെ അതിന് സ്വീകാര്യതയാണുണ്ടായിട്ടുള്ളത്. ഇതാണ് ഈ കാര്യത്തിൽ പൊതുവെ പറയാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പോയിന്റ് ഓഫ് ഓർഡർ.......

മി.സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ കഴിഞ്ഞ കാലഘട്ടങ്ങളിലൊന്നും പൊലീസുകാരെ സർവീസിൽനിന്നും പിരിച്ചുവിട്ടില്ലെന്നുപറഞ്ഞത് വാസ്തവ വിരുദ്ധമായ കാര്യമാണ്. കറപ്ഷൻ, വിജിലൻസ് കോടതി ശിക്ഷിച്ചവർ തുടങ്ങി നിരവധി കേസുകളിൽ പ്രതിയായിട്ടുള്ളവരെ എല്ലാ ഭരണകാലത്തും പൊലീസിൽനിന്നും പിരിച്ചുവിടുന്ന നടപടി സ്വീകരിച്ചിട്ടുള്ളത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. ആ വസ്തുത മറച്ചുവച്ചുകൊണ്ട് ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് മാത്രമേ പൊലീസുകാരെ misconduct/corruption-ന് പിരിച്ചുവിട്ടിട്ടുള്ളുവെന്ന് പറയുന്നത് വാസ്തവവിരുദ്ധമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് തിരുത്തണമെന്ന് ഞാൻ അങ്ങയിലൂടെ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, അന്നും ഇന്നും നടന്ന കാര്യങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണെന്ന് വിശദമായി ഞാൻ അദ്ദേഹത്തെ ബോധ്യപ്പെടുത്താം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, I have to mention.

മി. സ്പീക്കർ: mention എന്നുപറഞ്ഞാൽ എന്താണ്? അങ്ങ് പറഞ്ഞോളൂ.

ശ്രീ. വി. ഡി. സതീശൻ: അത് പറയുന്നതിന് എനിക്കൊരു അവകാശമുണ്ടല്ലോ. ഞങ്ങൾ ഇവിടെ ഉന്നയിച്ച ആവശ്യം കുന്നംകുളം കേസിൽ ബന്ധപ്പെട്ട പൊലീസ് ഉദ്യോഗസ്ഥരെ സർവീസിൽനിന്നും നീക്കം ചെയ്യണമെന്നാണ്. അതിന് മുഖ്യമന്ത്രി തയ്യാറാകാത്ത സാഹചര്യത്തിൽ ഞങ്ങൾ നേരത്തെ പ്രഖ്യാപിച്ചതുപോലെ സഭാ നടപടികൾ ബഹിഷ്കരിച്ച് രണ്ട് എം.എൽ.എ.മാരുടെ നേതൃത്വത്തിൽ അനിശ്ചിതകാല സത്യാഗ്രഹം ആരംഭിക്കുകയാണെന്ന കാര്യം അങ്ങയെ അറിയിച്ചുകൊണ്ട് ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തി മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തേയ്ക്കുപോയി.)

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

(ഉപക്ഷേപം നിരാകരിച്ചിരിക്കുന്നു.)